# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ആഗസ്റ്റ് 2018 വാല്യം 45 ലക്കം 5 | *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* | പേജ് 16 വില 5.00 രൂപ




**ആഗസ്റ്റ് 5**
**ഫ്രെഡറിക് എംഗൽസ്**
**അനുസ്മരണ ദിനം**

“മനുഷ്യസമൂഹത്തിന്റെ ചരിത്രത്തിൽ നിർണായക അടിത്തറയെന്നു പരിഗണിക്കുന്ന സാമ്പത്തിക ബന്ധങ്ങൾ എന്നതുകൊണ്ട് നമ്മൾ മനസ്സിലാക്കുന്നത്, ഒരു പ്രത്യേക സമൂഹത്തിൽ ജീവിക്കുന്ന മനുഷ്യർ അവരുടെ ജീവിതത്തിന് ആവശ്യമായ സാമഗ്രികൾ ഉൽപ്പാദിപ്പിക്കുകയും അവർക്കിടയിൽ അത് കൈമാറുകയും ചെയ്യുന്ന സമ്പ്രദായം എന്നാണ്(പ്രവൃത്തി വിഭജനം നിലനിൽക്കുവോളം). രാഷ്ട്രീയവും നിയമപരവും തത്വചിന്താപരവും മതപരവും സാഹിത്യപരവും കലാപരവുമൊക്കെയായ വികാസം സാമ്പത്തിക അടിത്തറയെ ആശ്രയിച്ചാണിരിക്കുന്നത്. എന്നാൽ ഇവയൊക്കെ പരസ്പരവും സാമ്പത്തിക അടിത്തറയിൻമേലും പ്രതിപ്രവർത്തിക്കുന്നുണ്ട്. സാമ്പത്തിക സാഹചര്യമാണ് എല്ലാത്തിനും കാരണമായിട്ടുള്ളത്, അതുമാത്രമാണ് സജീവമായിട്ടുള്ളത്, മറ്റെല്ലാം നിഷ്ക്രിയ ഫലമാണ് ഉളവാക്കുന്നത് എന്നതല്ല സ്ഥിതി.”

**(ഹാൻസ് സ്റ്റാർക്കൺബർഗിന് അയച്ച കത്തിൽനിന്ന്)**

## ദേശീയ പൗരത്വ രജിസ്റ്റർ

# പുറന്തള്ളിയ ഇന്ത്യൻ പൗരന്മാരെ മുഴുവൻ ഉൾപ്പെടുത്തുക

**എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് 2018 ജൂലൈ 31ന് പുറപ്പെടുവിച്ച പ്രസ്താവന**

ആസാമിൽ മത-ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങളിൽപെട്ട 40 ലക്ഷത്തിലേറെ യഥാർത്ഥ പൗരന്മാർ ദേശീയ പൗരത്വ രജിസ്റ്ററിന്റെ അന്തിമ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല എന്ന വസ്തുത മാധ്യമ റിപ്പോർട്ടുകളിൽനിന്ന് മനസ്സിലാക്കിയത് വലിയ ആഘാതത്തോടെയാണ്. എജിപി നയിച്ച സംസ്ഥാന സർക്കാർ പോലും നടത്തിയിട്ടുള്ള, വിശേഷിച്ച് 1985 മുതൽ നടന്നിട്ടുള്ള മുൻകാല സർവ്വേകൾക്കും പരിശോധനകൾക്കുമൊന്നും തീർത്തും നിരക്കുന്നതല്ല വൻതോതിലുള്ള ഈ പുറന്തള്ളൽ. ഈ സർവ്വേകളൊന്നും മത-ഭാഷ-വംശീയ മുൻവിധികളിൽനിന്ന് മുക്തമല്ലാതിരുന്നിട്ടും വലിയൊരു വിഭാഗം യഥാർത്ഥ ഇന്ത്യൻ പൗരന്മാരെ ഏകപക്ഷീയമായും ഗൂഢോദ്ദേശ്യത്തോടെയും ഡി-വോട്ടർമാർ എന്ന് മുദ്രകുത്തി അവർക്ക് മൗലികാവകാശം നിഷേധിച്ചിട്ടും അവരുടെ എണ്ണം 3.7ലക്ഷം കവിഞ്ഞിരുന്നില്ല എന്ന കാര്യം ഓർക്കണം. ഇപ്പോൾ ഇത്രയധികം പേരെ പുറന്തള്ളിയ നടപടി അവിശ്വസനീയമാണെന്നുമാത്രമല്ല വംശീയവും വർഗ്ഗീയവുമായ വിദ്വേഷത്തോടെ ആസൂത്രണം ചെയ്ത ഒരു ഗൂഢാലോചന ഈ ലിസ്റ്റ് തയ്യാറാക്കിയതിനുപിന്നിലുണ്ട് എന്നും വെളിവാക്കപ്പെടുകയാണ്. നിയമവിരുദ്ധ കുടിയേറ്റക്കാരും അനധികൃതമായി കടന്നുകയറിയവരുമായ വിദേശികളെ കണ്ടെത്താനായി വിപുലമായ പരിശോധനകൾ നടത്തിയിട്ടാണ് ഈ ലിസ്റ്റ് തയ്യാറാക്കിയത് എന്ന് അധികാരികൾ ഭാവിക്കുന്നുണ്ടെങ്കിലും രാജ്യത്തെ പൗരന്മാരായി ഇത്രകാലം ഗണിച്ചിരുന്ന വലിയൊരു വിഭാഗത്തെ ഒറ്റയടിക്ക് വിലക്കപ്പെട്ടവരായി എഴുതിത്തള്ളുന്നതിനുപിന്നിൽ ബിജെപി നയിക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മർക്കടമുഷ്ടിയുണ്ടെന്നതാണ് വസ്തുത. ഹീനമായ ബൂർഷ്വാ വർഗ പദ്ധതിക്കിണങ്ങുംപടി എവ്വിധവും ജനങ്ങളെ ഭിന്നിപ്പിക്കുന്നതിനായി ഇവർ ജനങ്ങൾക്കിടയിൽ വംശീയവും വർഗീയവും മതപരവുമായ ഭിന്നിപ്പും അനൈക്യവും ഊട്ടിവളർത്തുന്നതിന്റെ ഫലമാണിത്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തുമെന്നല്ല ലോകത്തൊരിടത്തും കേട്ടുകേൾവി പോലുമില്ലാത്തതാണ് സ്വന്തം പൗരന്മാരുടെ പൗരത്വംതന്നെ നിഷേധിക്കുന്ന ഈ ഫാസിസ്റ്റ് നടപടി.

മാതൃരാജ്യത്തുനിന്നും പിഴുതെറിയപ്പെട്ട് സർവ്വനാശത്തെ മുന്നിൽക്കണ്ട് ഭയചകിതരായിക്കഴിയുന്ന ഈ മനുഷ്യർ അഭിമുഖീകരിക്കേണ്ടിവരുന്ന ദുരന്തത്തെക്കുറിച്ചൊന്നും ഈ നടപടി കൈയാളുന്ന അധികാരികൾ ചിന്തിക്കുന്നതേയില്ല.

ഒരു വിഭാഗം ജനങ്ങളെ ഉന്നം വച്ച് അവരുടെ അടിസ്ഥാന അവകാശങ്ങൾ തട്ടിത്തെറിപ്പിക്കുന്ന മനുഷ്യത്വരഹിതവും ഗൂഢാലോചനാപരവുമായ ഇത്തം നീക്കങ്ങൾ ഫാസിസ്റ്റ് ലക്ഷ്യങ്ങൾ വച്ചുപുലർത്തുന്ന ഒരു ഗവൺമെന്റിന് മാത്രം ചേർന്നതാണ്. ഭൂരിപക്ഷവും തീർത്തും ദരിദ്രരും അവശരുമായ ഒരു ജനവിഭാഗത്തെ സമ്പൂർണ്ണ തകർച്ചയിലേയ്ക്ക് തള്ളിവിടുന്ന ഈ പൗരത്വരജിസ്റ്റർ തയ്യാറാക്കൽ അഭ്യാസം ബിജെപി നയിക്കുന്ന കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളും അങ്ങേയറ്റം സങ്കുചിതമായ പ്രാദേശികവാദം കൈയാളുന്ന ചില വിഭാഗങ്ങളും ചേർന്ന് കൈക്കൊണ്ടത് ഈ ഹീനലക്ഷ്യത്തോടെ തന്നെയാണ്. ആസാമിലെ അദ്ധ്വാനിച്ചുജീവിക്കുന്ന ജനവിഭാഗങ്ങൾ ജാതിമതഭാഷ പരിഗണനകൾക്കതീതമായി നീറുന്ന ജീവിതപ്രശ്നങ്ങളിന്മേൽ യോജിച്ച സമരങ്ങൾ വളർത്തിയെടുക്കുന്നതിന് തുരങ്കം വയ്ക്കുക എന്ന ഗൂഢോദ്ദേശവും കേന്ദ്രസംസ്ഥാന സർക്കാരുകൾക്കുണ്ട്.

ആസാമിലെ വർഗീയ പ്രാദേശിക ശക്തികളുടെ ഹീനതാൽപര്യം പേറുന്ന ഈ ഫാസിസ്റ്റ് ഗൂഢപദ്ധതിയെ ഞങ്ങൾ ശക്തമായി അപലപിക്കുകയും ദുരുദ്ദേശത്തോടുകൂടി ദേശീയ പൗരത്വരജിസ്റ്ററിൽനിന്ന് ഒഴിവാക്കപ്പെട്ട മുഴുവൻ യഥാർത്ഥ ഇന്ത്യൻ പൗരന്മാരെയും അടിയന്തരമായി അതിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.

ഈ ഹീനപദ്ധതിയിൽനിന്ന് ബിജെപി നയിക്കുന്ന ഗവൺമെന്റുകളെ പിന്തിരിപ്പിക്കാൻ തക്കവണ്ണം അവസരത്തിനൊത്തുയർന്ന് യോജിച്ചതും സുദീർഘവുമായ പ്രക്ഷോഭം വളർത്തിയെടുക്കുവാൻ ആസാമിലും രാജ്യമെമ്പാടുമുള്ള നേരാംവണ്ണം ചിന്തിക്കുന്നവരും ജനാധിപത്യവിശ്വാസികളുമായ ജനങ്ങളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു ●

# കുട്ടനാടിനുവേണ്ടത് പ്രളയത്തെ പ്രതിരോധിക്കാനുള്ള ശാശ്വത നടപടികൾ

**സമീപകാല ചരിത്രത്തിലെ ഏറ്റവും വലിയ വെള്ളപ്പൊക്കവും കെടുതികളുമാണ് മഴക്കാലം കേരളത്തിന് സമ്മാനിച്ചത്. കാലവർഷം ഒന്നാംഘട്ടം വടക്കൻ കേരളത്തെ പിടിച്ചുലച്ചുവെങ്കിൽ രണ്ടാം ഘട്ടം ആലപ്പുഴ, കോട്ടയം ജില്ലകളെ വലച്ചുകളഞ്ഞു. ലക്ഷക്കണക്കിന് ആളുകൾ ഒരുമാസമായി ദുരിതത്തിലാണ്. ഇടവേളയ്ക്കുശേഷം പെയ്തുതുടങ്ങിയ മഴ ജനങ്ങളിൽ വീണ്ടും ഭീതി നിറച്ചിരിക്കുകയാണ്. അക്ഷരാർത്ഥത്തിൽ ജനങ്ങൾ നിലയില്ലാക്കയത്തിലേയ്ക്ക് തള്ളിയിടപ്പെട്ടിരിക്കുന്നു.**

കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളെയാണ് മഴക്കെടുതി ഏറെയും തകർത്തുകളഞ്ഞത്. വീടുകൾ പലതും ഇടിഞ്ഞുവീഴാറായ അവസ്ഥയിലാണ്. ആയിരക്കണക്കിന് വീടുകൾ ഭാഗികമായി തകർന്നിരിക്കുന്നു. 200 ഓളം വീടുകൾ പൂർണ്ണമായും തകർന്നു. വെള്ളമിറങ്ങിക്കഴിഞ്ഞാൽ വീടുകൾ പലതും നിലംപൊത്തിയേക്കാമെന്ന ഭീതിയിലാണ് ജനങ്ങൾ. കെടുതിയിൽപെട്ട വീടുകളിലെ വീട്ടുപകരണങ്ങളും കുട്ടികളുടെ പാഠപുസ്തകങ്ങളും വസ്ത്രങ്ങളും പലരുടെയും തിരിച്ചറിയൽ രേഖകളും റേഷൻ കാർഡുകളും നഷ്ടമായിരിക്കുകയാണ്. ജീവിതം ആദ്യം മുതൽ തുടങ്ങേണ്ട അവസ്ഥയിലാണ് എല്ലാവരും.

പ്രളയജലം കയറിയ പ്രദേശങ്ങളിൽ കുടിവെള്ളസ്രോതസ്സുകളും മലിനപ്പെട്ടിരിക്കുന്നതിനാൽ കുടിവെള്ളമില്ല. പ്രാഥമിക ആവശ്യങ്ങൾ പോലും നിർവ്വഹിക്കാനാകാതെ ജനങ്ങൾ വലയുകയാണ്. അവരിൽ സ്ത്രീകളും കുട്ടികളും കൈക്കുഞ്ഞുങ്ങളും ഗർഭിണികളും രോഗികളും വൃദ്ധരുമെല്ലാമുണ്ട്. മാറ്റിയുടുക്കാൻ വസ്ത്രങ്ങളില്ല. ജീവിതത്തിലേയ്ക്ക് എന്ന് എങ്ങനെ തിരികെ വരും എന്ന് അറിയില്ല. കൃഷി താറുമാറായി. 100 കോടിയുടെ നഷ്ടമാണ് കാർഷികരംഗത്തുണ്ടായിരിക്കുന്നതായി കണക്കുകൂട്ടുന്നത്. തകർന്ന റോഡുകളിൽ ഗതാഗതം പൂർണ്ണമായും നിലച്ചു. ആലപ്പുഴ ചങ്ങനാശ്ശേരി റോഡിൽ മൂന്നാഴ്ചയിലേറെ കെഎസ്ആർടിസി ബസുകൾ സർവീസ് നടത്തിയില്ല. വെള്ളമിറങ്ങിയ വീടുകളിലും വഴികളിലും മുട്ടൊപ്പം ചെളി അടിഞ്ഞിരിക്കുന്നു. വെള്ളമിറങ്ങിയ വീടുകൾ പാമ്പ്, പഴുതാര, അട്ട തുടങ്ങി വിരകൾവരെ താവളമാക്കിയിരിക്കുന്നു. വളംകടി മൂലം കാല് തറയിൽ കുത്താനാകാതെ ജനങ്ങൾ. പകർച്ചവ്യാധി ഭീഷണിയും ഉയർന്നു കഴിഞ്ഞു. സന്നദ്ധ സംഘടനകളും പിൻവാങ്ങി. ഇനിയെന്ത് എന്ന ചോദ്യം മാത്രം ബാക്കി. പ്രളയബാധിത പ്രദേശങ്ങളിലെ സ്ഥിതി ഏതാണ്ട് ഇതാണ്.

**കുട്ടനാടിന്റെ വെല്ലുവിളികൾ**

കർഷകന്റെ ജീവിതം എവിടെയും എന്നും വെല്ലുവിളികൾ നിറഞ്ഞതാണ്. സമുദ്രനിരപ്പിനും 9 അടി താഴെ വെള്ളം വറ്റിച്ച് ബണ്ടു

*(ശേഷം 2-ാം പേജിൽ)*


പേജ് 3 സഖാവ് ശിബ്ദാസ് ഘോഷ് അനുസ്മരണ ദിനാചരണം
പേജ് 4 മൂന്നാം പാർട്ടി കോൺഗ്രസ്സ് വിജയിപ്പിക്കുക
പേജ് 6 ആസാം: ദേശീയ പൗരത്വ രജിസ്റ്റർ, ലക്ഷ്യമെന്ത്?
പേജ് 8 പൊതുവിദ്യാഭ്യാസ സംരക്ഷണ സെമിനാർ
പേജ് 10 മുതലാളിത്ത പ്രതിസന്ധിയും വ്യാപാര യുദ്ധവും
പേജ് 13 വിപ്ലവപാർട്ടി പ്രവർത്തകരുടെ പ്രവർത്തന ശൈലി
പേജ് 16 പൗരാവകാശ സംരക്ഷണ സമ്മേളനം

# ഹൈ – ടെക് യുഗത്തിലും ജനങ്ങൾ പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ട് ചത്തൊടുങ്ങുന്നു

*(1-ാം പേജിൽ നിന്ന്)*

കെട്ടി വീടുവെച്ച്, കൃഷിചെയ്ത് ജീവിക്കുന്ന കുട്ടനാടൻ ജനതയുടെ ജീവിതം അതിസാഹസികവും ഏറെ വെല്ലുവിളികൾ നിറഞ്ഞതുമാണ്. കാലർഷവും ഇടവപ്പാതിയും കുട്ടനാടൻ ജനതയെ ആശങ്കപ്പെടുത്തുമെങ്കിലും വെള്ളപ്പൊക്കത്തെ നേരിടാൻ മനസ്സുകൊണ്ട് തയ്യാറെടുത്ത ജനത തന്നെയാണ് കുട്ടനാട്ടിലുള്ളത്. എന്നാൽ ഒരു മുൻകരുതലിനുമിടനൽകാതെ ഒറ്റദിവസംകൊണ്ട് റോഡുകളും വയലുകളും വീടുകളും വെള്ളത്തിലാകുന്നതാണ് ഇക്കുറി കണ്ടത്.

**വെള്ളപ്പൊക്കം മനുഷ്യനിർമ്മിതമോ?**

കുട്ടനാട് പ്രളയത്തിൽ മുങ്ങുന്നത് ഇത് ആദ്യമല്ലെങ്കിലും ഇക്കുറിയുണ്ടായ വെള്ളപ്പൊക്കത്തിൽ അസ്വാഭാവികതയുണ്ട്. ഒഴുകിയെത്തിയ വെള്ളം ഒഴുക്കുനിലച്ച് കെട്ടിക്കിടന്നു. അഥവാ സ്വാഭാവിക ജലനിർഗമന മാർഗ്ഗങ്ങൾ ഫലപ്രദമായി പ്രവർത്തിച്ചില്ല. പ്രളയജലം കടൽ ഏറ്റുവാങ്ങിയില്ല. ഒരുകാലത്ത് കുട്ടനാട്ടിലെ പാടശേഖരങ്ങൾ ജലസംഭരണികളായിരുന്നു. എന്നാൽ കുട്ടനാട്ടിലും ഇടനാട്ടിലും പാടശേഖരങ്ങളുടെ അളവ് ഗണ്യമായി കുറഞ്ഞു എന്നത് ദുരിതത്തിന്റെ തീവ്രത വർദ്ധിപ്പിച്ചു. കുട്ടനാട്ടിലെ ഹെക്ടർ കണക്കിന് പാടങ്ങൾ മണ്ണിട്ടുനികത്തിയ അനധികൃത നിർമ്മാണങ്ങൾ, എസി കനാലിലും കുട്ടനാട്ടിലെ ചെറുതോടുകളിലുമുള്ള അശാസ്ത്രീയമായ പാലങ്ങൾ, 'വികസന'ത്തിനൊപ്പം അടഞ്ഞുപോകുന്ന തൂമ്പുകളും വീതികുറഞ്ഞുകുറഞ്ഞ് ഇല്ലാതെയായിക്കൊണ്ടിരിക്കുന്ന തോടുകളും ഇങ്ങനെ വെള്ളപ്പൊക്കത്തിന് കാരണങ്ങൾ പലതാണ് വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നത്.

കുട്ടനാട്ടിലെ കെടുതിക്ക് കാരണമായി വനംനശീകരണം ഉൾപ്പെടെ ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇടനാട്ടിൽനിന്നും വെള്ളം പടിഞ്ഞാറോട്ടിറങ്ങിയാൽ മാത്രമേ കുട്ടനാട്ടിൽ വെള്ളപ്പൊക്കമുണ്ടാകൂ എന്ന സാഹചര്യമല്ല ഇന്നുള്ളത്. സഹ്യപർവ്വതത്തിൽ പെയ്യുന്ന മഴ എവിടെയും തങ്ങാതെ നേരെ ഒഴുകി കുട്ടനാട്ടിൽ എത്തുകയാണ്. വൻതോതിലുള്ള വനനശീകരണം മൂലം മണ്ണിന് ജലത്തെ സംഭരിച്ചുനിർത്താനുള്ള സ്വാഭാവികശേഷി നഷ്ടപ്പെട്ടിരിക്കുന്നു. സഹ്യപർവ്വതമടക്കം ചെറുതും വലുതുമായ കുന്നുകളും മലകളും ഇടിച്ചു നിരത്തുന്നതും വെള്ളത്തിന്റെ സ്വാഭാവിക സംഭരണശേഷിയെ ബാധിച്ചിരിക്കുന്നു. ആയിരക്കണക്കിന് അനധികൃത ക്വാറികൾ സർക്കാരിന്റെ മൗനാനുവാദത്തോടെ കേരളത്തിലെ കുന്നുകളും മലനിരകളും ഇടിച്ചു നിരത്തുകയാണ്. കോഴിക്കോട് ഉണ്ടായ രണ്ടു ഉരുൾപൊട്ടലുകളുടെയും കാരണമായി ചൂണ്ടിക്കാട്ടപ്പെടുന്നത് പ്രകൃതിയുടെമേലുള്ള അനധികൃതമായ ഇടപെടലുകളാണ്. എംഎൽഎ അടക്കം നേതൃത്വം നൽകുന്ന അനധികൃത നിർമ്മാണങ്ങളും സർക്കാരിന്റെയും ഭരണകൂടത്തിന്റെയും ഒത്താശയോടെ മുന്നോട്ടുതന്നെയാണ്.

ചൂണ്ടിക്കാണിക്കപ്പെടുന്ന ഗുരുതരമായ മററൊരു പ്രശ്നം വിസ്തൃതിയും ആഴവും കുറഞ്ഞ് ചെറുതാകുന്ന വേമ്പനാട്ടുകായലിന് വെള്ളം ഉൾക്കൊള്ളാനുള്ളശേഷി കുറയുന്നു എന്നതാണ്. കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കണക്കനുസരിച്ച് വേമ്പനാട്ടുകായലിന്റെ വിസ്തൃതി മൂന്നിലൊന്നായി ചുരുങ്ങി. നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഓഷ്യോനോഗ്രാഫിയുടെ കണക്കനുസരിച്ച് കായലിന്റെ ആഴം 9 മീറ്ററിൽനിന്ന് 2.5 മീറ്ററായി ചുരുങ്ങിയിരിക്കുന്നു. കൈയേറ്റവും മണൽവാരലും നദികളെയും ശോഷിപ്പിച്ചിരിക്കുന്നു.

കുട്ടനാട്ടിലെ പാടശേഖരങ്ങൾ മാത്രമല്ല, ഇടനാട്ടിലെ പാടശേഖരങ്ങളും ജലസംഭരണികളായിരുന്നു. പാടശേഖരങ്ങൾ മാത്രമല്ല, പാടശേഖരങ്ങൾക്കിടയിൽ വളഞ്ഞും പുളഞ്ഞും ഒഴുകിയിരുന്ന തോടുകളും യഥേഷ്ടം ഉണ്ടായിരുന്നു. എന്നാൽ പ്രകൃതിദത്തമായ ഈ ജലസംഭരണികളും നീർത്തടങ്ങളും ഇന്ന് ഏതാണ്ട് നിർമ്മാർജ്ജനം ചെയ്യപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഭൂമിക്കടിയിലേയ്ക്ക് ജലം കിനിഞ്ഞിറങ്ങാനുള്ള എല്ലാ അവസരങ്ങളും നിഷേധിച്ചുകൊണ്ട് വമ്പൻ ഷോപ്പിംഗ് മാളുകൾ, ആശുപത്രികൾ, കെട്ടിട സമുച്ചയങ്ങൾ, എന്തിന് വീട്ടുമുറ്റംവരെയും ടൈൽസ് പാകിയിരിക്കുകയാണ്. ഇടറോഡുകളുടെയും ചെറുറോഡുകളുടെയും വശങ്ങൾപോലും ടൈൽസ് പാകിയോ കോൺക്രീറ്റ് ഇട്ടോ മിനുസപ്പെടുത്തിയിരിക്കുകയാണ്.

ഗൗരവമുള്ള മറ്റൊരു ആരോപണം ഉയർന്നിരിക്കുന്നത് തണ്ണീർമുക്കം ബണ്ടും തോട്ടപ്പള്ളി സ്പിൽവേയും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നതാണ്. തോട്ടപ്പള്ളി സ്പിൽവേയിലൂടെ ദിനേന 20000 ഘനഅടി വെള്ളം സുമദ്രത്തിലേയ്ക്ക് ഒഴുക്കിവിടാനായിരുന്നത്രേ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ 500 അടിപോലും വെള്ളം തള്ളാൻ പറ്റാത്തത്ര അശാസ്ത്രീയമായിട്ടാണ് അതിന്റെ നിർമ്മാണം എന്നൊരു ആരോപണം നിലനിൽക്കുന്നുണ്ട്.

തണ്ണീർമുക്കം ബണ്ടാകട്ടെ മൂന്നാംഘട്ടമായി നിർമ്മിച്ചിട്ടുള്ള 28 ഷട്ടറുകൾ ഈ അത്യാപത്തിനിടയിലും തുറക്കാനോ വെള്ളം ഒഴുക്കിക്കളയാനോ സാധിച്ചിരുന്നില്ല. സമുദ്രജലനിരപ്പ് ഉയർന്നിരിക്കുന്നതിനാൽ കായലിൽനിന്നും വെള്ളം കടലിലേയ്ക്ക് തള്ളുന്നില്ല എന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

മറ്റൊന്നുകൂടി കേൾക്കുന്നത് പുതുക്കിപണിത തിരുവല്ല അമ്പലപ്പുഴ റോഡാണ്. കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിൽ വികസനത്തിന്റെ ഭാഗമായി പണിത എല്ലാ റോഡുകളിലുമെന്നതുപോലെ, തിരുവല്ല അമ്പലപ്പുഴ റോഡും പുതുക്കിപണിതപ്പോൾ വെള്ളത്തിന്റെ സ്വാഭാവിക ബഹിർഗമന മാർഗ്ഗങ്ങൾ അടയുകയോ ഒഴുക്കുവെള്ളത്തിന്റെ അളവ് കുറയുകയോ ചെയ്തിരിക്കുന്നു എന്ന ആക്ഷേപം ഇതിനകം ഉയർന്നു കഴിഞ്ഞു. ഇതെല്ലാം പരിശോധിക്കപ്പെടേണ്ടതാണ്.

**സർക്കാരിന്റേത് കുറ്റകരമായ അനാസ്ഥ**

വിദഗ്ദ്ധർക്കോ സാങ്കേതിക വിദ്യയ്ക്കോ കുറവില്ല നമ്മുടെ നാട്ടിൽ. ഇച്ഛാശക്തിയുള്ള ഒരു സർക്കാരിന്റെ കുറവാണ് നാട് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. കുട്ടനാടിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ വെള്ളപ്പൊക്ക കെടുതികളിലൂടെ ജനം കടന്നുപോകുമ്പോഴും അങ്ങേയറ്റം ഉദാസീനമായ സമീപനമാണ് സർക്കാരിന്റേത്. പ്രദേശം സന്ദർശിക്കാൻപോലും മന്ത്രിമാരോ ഉത്തരവാദിത്തപ്പെട്ടവരോ മുന്നോട്ടുവന്നതുതന്നെ ജനങ്ങളുടെ പ്രതിഷേധം ഉയർന്നുകഴഞ്ഞപ്പോൾ മാത്രമാണ്. മുഖ്യമന്ത്രി സ്ഥലത്തില്ലായിരുന്നു എന്ന് പരിഹാസരൂപേണ പരാമർശിച്ച് പ്രധാനമന്ത്രിയും രാഷ്ട്രീയം കളിച്ചു. എന്നിരിക്കിലും അതിന് ശേഷമാണ് മന്ത്രിസഭയും സർക്കാരും അനങ്ങിത്തുടങ്ങിയത്. കേന്ദ്രമന്ത്രിക്കൊപ്പമാണ് ജി.സുധാകരനടക്കമുള്ള മന്ത്രിമാർ കുട്ടനാട്ടിൽ എത്തിയത്. കുട്ടനാട് എംഎൽഎയും സ്ഥലത്തെത്താൻ വൈകി. കുട്ടനാടിന്റെ എംപിയും സ്ഥലത്തെത്തിയില്ല, എത്തിയപ്പോഴാകട്ടെ ഓരത്തുള്ള ഏതാനും ക്യാമ്പുകൾ സന്ദർശിച്ച് ഉത്തരവാദിത്തം പൂർത്തിയാക്കി.

തലയോലപ്പറമ്പിനടുത്ത് മുണ്ടാർ പാലത്തിനായുള്ള നാട്ടുകാരുടെ മുറവിളിക്ക് ഏതാണ്ട് അരനൂറ്റാണ്ടിന്റെ പ്രായമുണ്ട്. മാതൃഭൂമി ചാനൽ ടീമടക്കം നിരവധിയാളുകൾ ജീവൻനൽകിയിട്ടും പാലം നിർമ്മാണത്തെക്കുറിച്ച് സർക്കാർ ഇനിയും അഭിപ്രായം പറയാൻ തയ്യാറായിട്ടില്ല. പ്രളയബാധിത പ്രദേശങ്ങളിലെ ഏറ്റവും വലിയ വെല്ലുവിളി കുടിവെള്ളമാണ്. ടാങ്കറുകളിൽ വെള്ളമടിച്ച് കുട്ടനാടിന്റെ മുക്കിലും മൂലയിലും വെള്ളമെത്തിക്കാനുള്ള ഉത്തരവാദിത്തം സർക്കാരിനുണ്ട്. എന്നാൽ ജല അതോറിറ്റിയോ ബന്ധപ്പെട്ട മന്ത്രിയോ അങ്ങനെ ചിന്തിച്ചു തുടങ്ങിയിട്ടില്ല. ആരോഗ്യവകുപ്പും പതിവ് മട്ട് വിട്ട് ഉണർന്നു പ്രവർത്തിക്കണം. കുട്ടനാടിനെ ഇനി കാത്തുനിൽക്കുന്നത് പകർച്ചവ്യാധികളാണ്.

**കുട്ടനാടിനുവേണ്ടത് ശാശ്വത പരിഹാരം**

ഇനിയുമൊരു ദുരന്തത്തിന് കാത്തുനിൽക്കാതെ, പ്രളയക്കെടുതിയിൽനിന്നും കുട്ടനാടിനെ രക്ഷിക്കാനുള്ള ശാശ്വതമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണം. ഇത്തരമൊരു ദുരിതത്തിന് കുട്ടനാടൻ ജനതയെ എറിഞ്ഞുകൊടുത്തത് മാറിമാറിവന്ന സർക്കാരുകളുടെ കുറ്റകരമായ അനാസ്ഥയും അലംഭാവവുമാണ്. കടൽനിരപ്പിന് താഴെയുള്ള പ്രദേശമാണ് എന്നതിനാൽ പ്രദേശത്തിന്റെ പാരിസ്ഥിതിക പ്രത്യേകതകൾ കണക്കിലെടുത്ത് ശാശ്വതമായ നടപടികൾ സ്വീകരിക്കണം. ആർ ബ്ലോക് കായൽ ഇക്കുറിയും വെള്ളപ്പൊക്കത്തെ പ്രതിരോധിച്ചു എന്നതും ശ്രദ്ധേയമാണ്. ഒരുകാലത്ത് തെങ്ങും കാപ്പിയും കരിമ്പും എന്തിന് റബ്ബറുപോലും വിളഞ്ഞിരുന്ന, ആർ ബ്ലോക്ക് കൃഷി നശിച്ച് ഇന്ന് ഒരു പ്രേതഭൂമിയാണെങ്കിലും ആർ ബ്ലോക്കിന്റെ പുറംബണ്ടിനെ തൊടാൻപോലും പ്രളയവെള്ളത്തിനായിട്ടില്ല. ശക്തമായ ബണ്ടുനിർമ്മിച്ചാൽ കുട്ടനാടിനെ രക്ഷിച്ചെടുക്കാനാകും എന്നാണ് ഇതിൽനിന്നും മനസ്സിലാകുന്നത്. പുറംബണ്ടുകൾ ബലപ്പെടത്തി കുട്ടനാടും കൃഷിയും സംരക്ഷിക്കണം.

തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യക്ഷമത വർദ്ധിപ്പിക്കണം, എസി കനാൽ ആഴംകൂട്ടി കനാൽ പള്ളാത്തുരുത്തി വരെ തുറക്കണം, ചങ്ങനാശ്ശേരിയിൽ, പെരുമ്പുഴക്കടവ് പൂവം റോഡിൽ പെരുമ്പുഴക്കടവ് പാലത്തിന്റെ പണി ഉടൻ പൂർത്തിയാക്കി, മനക്കച്ചിറയിൽ എസി കനാലിന്റെ തുടക്കത്തിൽ കനാലിലേയ്ക്ക് പമ്പാനദിയിൽനിന്നുള്ള ഒഴുക്ക് സുഗമമാക്കണം, കനാലിലെ ഒഴുക്കുതടഞ്ഞുകൊണ്ട് അടിഞ്ഞുകൂടുന്ന പോളകൾ കാലാകാലങ്ങളിൽ നീക്കം ചെയ്യണം, കുട്ടനാട്ടിലെ കനാലുകളുടെയും ചെറുതോടുകളുടെയും ആഴം കൂട്ടണം, വെള്ളത്തിന്റെ ഒഴുക്കു തടസ്സപ്പെടുത്തിയിരിക്കുന്ന അശാസ്ത്രീയ നിർമ്മാണങ്ങൾ പൊളിച്ചു നീക്കണം, കൈയേറ്റങ്ങൾ ഒഴിപ്പിക്കണം, കായൽ കൈയേറ്റങ്ങൾ മുഴുവൻ ഒഴിപ്പിക്കണം, മടവീണ പാടശേഖരങ്ങൾ ഉടൻതന്നെ സർക്കാർ ചെലവിൽ പുനർനിർമ്മിക്കണം, തുടർന്നുള്ള കൃഷിക്കാവശ്യമായ മുഴുവൻ ചെലവും സർക്കാർ വഹിക്കണം, എസി റോഡ് പുനർനിർമ്മിക്കണം, സമാന്തരമായ ജലഗതാഗതം ആരംഭിക്കണം, നീരേറ്റുപുറം ജലപാത പുന:സ്ഥാപിക്കണം, കിടങ്ങറ കുരിശുംമൂട് പാലം വലുതാക്കി ഉയർത്തിപ്പണിത് ജലഗതാഗതത്തിനുള്ള തടസ്സം നീക്കണം ഇങ്ങനെ കുട്ടനാട്ടിലും അപ്പർ കുട്ടനാടൻ മേഖലകളിലും സർക്കാരിന്റെ ഇടപെടൽ അനിവാര്യവും അടിയന്തരവുമായിരിക്കുന്ന നിരവധി വിഷയങ്ങളുണ്ട്.

അതോടൊപ്പം വെള്ളപ്പൊക്കകെടുതിയിൽപട്ട കുടുംബങ്ങൾക്ക് ജീവിതം പുനരാരംഭിക്കാൻ ആവശ്യമായ തുക ഉപാധികളില്ലാതെ ഉടൻ നൽകണം. കുട്ടനാട്ടിലെയും അപ്പർ കുട്ടനാട്ടിലെയും ജനങ്ങളുടെ എല്ലാവിധ വായ്പകളും എഴുതിത്തള്ളണം. ജനങ്ങൾ തിരികെ ജീവിതത്തിലേയ്ക്കു വരുന്നതുവരെ ഒരു മാസക്കാലത്തേയ്ക്ക് ബിവറേജസ് ഔട്ട്ലെറ്റുകളടക്കം എല്ലാ മദ്യശാലകളും അടച്ചിടണം. പ്രളയബാധിത പ്രദേശങ്ങളിൽ അടിയന്തരമായി കുടിവെള്ളവും വൈദ്യസഹായവും എത്തിക്കണം. ഈ ആവശ്യങ്ങൾ നടപ്പിലാക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താനുള്ള ജാഗ്രത ജനങ്ങൾക്കുണ്ടാകണം●

## ചങ്ങനാശ്ശേരിയിൽ ദുരിതാശ്വാസ വിഭവസമാഹരണ പദയാത്ര

**എസ്**യുസിഐ(കമ്മ്യൂണിസ്റ്റ്), റേഡിയോ മീഡിയ വില്ലേജ്, എസ്എൻഡിപി ചങ്ങനാശ്ശേരി താലൂക്ക് യൂണിയൻ, എൻഎസ്എസ് താലൂക്ക് യൂണിയൻ തുടങ്ങി വിവിധ സാമൂഹ്യ, സാംസ്കാരിക, സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി, കുട്ടനാട് താലുക്കുകളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടന്നു.

തെങ്ങണ മുതൽ ചങ്ങനാശ്ശേരി വരെ നടന്ന ദുരിതാശ്വാസ വിഭവസമാഹരണ പദയാത്ര ജനപങ്കാളിത്തംകൊണ്ടും സഹകരണം കൊണ്ടും വമ്പിച്ച വിജയമായി മാറി. ചങ്ങനാശ്ശേരിയിലെ വ്യാപാരി സമൂഹവും ബഹുജനങ്ങളും കൈയയച്ച് സഹായിച്ചുകൊണ്ട് ദുരിതമനുഭവിക്കുന്ന ജനങ്ങളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചു. പദയാത്രയ്ക്കിടയിൽ ലഭ്യമായ പഴങ്ങൾ, പച്ചക്കറികൾ, പാൽ, മറ്റ് ഭക്ഷ്യവസ്തുക്കൾ തുടങ്ങിയ വിഭവങ്ങൾ അപ്പപ്പോൾതന്നെയും വസ്ത്രങ്ങൾ, പലചരക്കുൾപ്പെടെയുള്ള ഇതരസാമഗ്രികൾ കിറ്റുകളാക്കിയും ചങ്ങനാശ്ശേരി കുട്ടനാട്ട് താലൂക്കുകളിലെ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിലും ഒറ്റപ്പെട്ട കോളനികളിലും എത്തിച്ചു.



**പദയാത്രയിൽ സഖാവ് മിനി കെ.ഫിലിപ്പ് പ്രസംഗിക്കുന്നു**

## കുട്ടനാട്ടിൽ മെഡിക്കൽ ക്യാമ്പുകൾ

**എസ്**യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെയും മെഡിക്കൽ സർവ്വീസ് സെന്ററിന്റെയും നേതൃത്വത്തിൽ കുട്ടനാട്ടിൽ നടന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി നിരവധി സ്ഥലങ്ങളിൽ സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കപ്പെട്ടു. ചമ്പക്കുളം, മണലാടി, വേഴപ്ര, മാമ്പുഴക്കരി, മിത്രക്കരി, എടത്വ, കോടമ്പനാടി എന്നീ പ്രദേശങ്ങളിലും ദുരിതാശ്വാസ കേന്ദ്രങ്ങളിലുമാണ് മെഡിക്കൽ ക്യാമ്പുകൾ നടന്നത്. തീർത്തും ഒറ്റപ്പെട്ടുപോയ ഉൾപ്രദേശങ്ങളിലാണ് പ്രധാനമായും ക്യാമ്പുകൾ സംഘടിപ്പിച്ചത്. വള്ളത്തിലും ബോട്ടുകളിലുമായാണ് മെഡിക്കൽ സംഘം ഈ പ്രദേശത്ത് എത്തിച്ചേർന്നത്. ആലപ്പുഴ ജനറൽ ആശുപത്രിയിലെയും കോട്ടയം മെഡിക്കൽ കോളജിലെയും ഡോക്ടർമാരും നഴ്സുമാരും മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുത്തു. ചമ്പക്കുളം, അമിച്ചകരി, കണ്ടങ്കരി, നീരേറ്റുപുറം, മണലാടി തുടങ്ങിയ പ്രദേശങ്ങളിൽ ഭക്ഷ്യധാന്യങ്ങളും പലചരക്കുകളും വിതരണം ചെയ്യുകയുമുണ്ടായി.



**മെഡിക്കൽ ക്യാമ്പിന്റെ ഒരു ദൃശ്യം**

## തിരുവാർപ്പിൽ ദുരിതാശ്വാസ പ്രവർത്തനം

**അ**പ്പർ കുട്ടനാടിന്റെ ഏറ്റവും താഴ്ന്ന പ്രദേശങ്ങളിലൊന്നായ തിരുവാർപ്പ് പഞ്ചായത്തിൽ നവജീവൻ ട്രസ്റ്റിന്റെയും കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ, പേരൂർ സെന്റ് സെബാസ്റ്റ്യൻസ് സ്കൂൾ എന്നിവയുടെയും സഹകരണത്തോടെ എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തി. വെള്ളപ്പൊക്കത്തിൽ ഒറ്റപ്പെട്ടുപോയ എറമ്പം തുരുത്ത്, വെട്ടിക്കാട്, തട്ടാർക്കാട്, മാധവശ്ശേരി കോളനി തുടങ്ങിയ സ്ഥലങ്ങളിൽ വള്ളങ്ങളിലും ബോട്ടിലുമായാണ് ഭക്ഷ്യധാന്യങ്ങളും പലവ്യഞ്ജനങ്ങളുമുൾപ്പെടെയുള്ള സാധനങ്ങൾ എത്തിച്ചത്. വീട്ടുപകരണങ്ങളും പായകളും വിതരണം ചെയ്തു. കോട്ടയം മെഡിക്കൽ കോളജിലെ ഡോക്ടർമാരുടെ സഹായത്തോടെ എറമ്പത്ത് മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു.



**തിരുവാർപ്പിൽ ദുരിതബാധിതർക്ക് കിറ്റ് വിതരണം നടത്തുന്നു**



# സഖാവ് ശിബ്ദാസ് ഘോഷ് അനുസ്മരണ ദിനാചരണം

മഹാനായ തൊഴിലാളിവർഗ ആചാര്യനും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപകനുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ 42-ാം ചരമ വാർഷികം സമുചിതം ആചരിച്ചുകൊണ്ട് എറണാകുളം അദ്ധ്യാപക ഭവനിൽ അനുസ്മരണ ദിനമായ ആഗസ്റ്റ് 5ന് അനുസ്മരണ സമ്മേളനം ചേർന്നു. പാർട്ടി കേന്ദ്രകമ്മിറ്റിയംഗവും എഐയുടിയുസി അഖിലേന്ത്യ പ്രസിഡന്റുമായ സഖാവ് കെ.രാധാകൃഷ്ണ മുഖ്യപ്രസംഗകനായി പങ്കെടുത്തു. സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് വി.വേണുഗോപാൽ അദ്ധ്യക്ഷത വഹിച്ചു.

ശിബ്ദാസ് ഘോഷ് ചിന്തകൾ സ്വായത്തമാക്കിക്കൊണ്ടും നല്ല കമ്മ്യൂണിസ്റ്റുകളായി വളർന്നുവരാനുള്ള സമരം ഏറ്റെടുത്തുകൊണ്ടും സാമൂഹ്യ ഉത്തരവാദിത്വങ്ങൾ കർത്തവ്യബോധത്തോടെ നിറവേറ്റിക്കൊണ്ടും മാത്രമേ സഖാവ് ശിബ്ദാസ് ഘോഷ് അനുസ്മരണം അർത്ഥവത്താക്കാൻ കഴിയു എന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ സഖാവ് വി.വേണുഗോപാൽ ചൂണ്ടിക്കാണിച്ചു.

ദേശീയ-അന്തർദേശീയ രാഷ്ട്രീയ സാഹചര്യങ്ങൾ ശിബ്ദാസ് ഘോഷ് ചിന്തയുടെ അടിസ്ഥാനത്തിൽ സഖാവ് രാധാകൃഷ്ണ വിശകലനം ചെയ്തു. മുതലാളിത്തലോകത്തെ ഗ്രസിച്ചിരിക്കുന്ന ആഴമാർന്ന പ്രതിസന്ധിയുടെ പ്രതിഫലനമാണ് സാമ്രാജ്യത്വരാജ്യങ്ങളിലെ ഇറക്കുമതി ചുങ്കം ഭീമമായി ഉയർത്തിക്കൊണ്ടുള്ള വ്യാപാരയുദ്ധമെന്നും ജനങ്ങളുടെ ക്രയശേഷിയിലുണ്ടായിരിക്കുന്ന വമ്പിച്ച കുറവ് ലോകമെമ്പാടും വിപണിമാന്ദ്യത്തിന് ഇടവരുത്തിയിരിക്കുന്നുവെന്നും സഖാവ് കെ.രാധാകൃഷ്ണ അഭിപ്രായപ്പെട്ടു.

സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ചയെത്തുടർന്ന് ലോകത്ത് സംജാതമായ ഏകധ്രുവലോകവും തുറന്ന സമ്പദ്‌വ്യവസ്ഥയും എന്ന മിഥ്യയ്ക്കും അവസാനമായിരിക്കുകയാണ്. മുതലാളിത്ത ഉൽപ്പാദനവ്യവസ്ഥയെ പുണർന്ന റഷ്യയും ചൈനയും പുതിയ സോഷ്യൽ സാമ്രാജ്യത്വശക്തികളായി രംഗപ്രവേശം ചെയ്തിരിക്കുന്നു. അവരും ലോകകമ്പോളത്തിലെ ഒന്നാംകിട മത്സരക്കാരായി ഉയർന്നുവന്നിരിക്കുന്നു. അതുകൊണ്ടുതന്നെ കടുത്തസാമ്പത്തിക നടപടികളുമായി ഡോണാൾഡ് ട്രംപ് 'ആദ്യം അമേരിക്ക' എന്ന മുദ്രാവാക്യമുയർത്തി അമേരിക്കൻ ബഹുരാഷ്ട്രകമ്പനികളുടെ താൽപ്പര്യാർത്ഥം ആവശ്യമെങ്കിൽ സൈനികനടപടികൾവരെ കൈക്കൊള്ളുവാൻ സന്നാഹമൊരുക്കുകയാണ്. ശീതയുദ്ധകാലമെന്നുവിശേഷിപ്പിച്ചതിനെക്കാൾ എത്രയോ ഭീകരമായൊരു സാഹചര്യമാണ് ലോകമെമ്പാടും ഇന്ന് നിലവിലുള്ളത്. ചെറുതും വലുതുമായ എല്ലാ മുതലാളിത്ത സാമ്രാജ്യത്വ രാജ്യങ്ങളും ഭരണതലത്തിലുള്ള ഫാസിസ്റ്റ് നയങ്ങൾ അവലംബിക്കുകയാണ്. വംശീയമായ ഭ്രാന്ത് എല്ലാ നാടുകളിലും ഊതിപ്പെരുപ്പിക്കുന്നു. സ്വന്തം നാടുകളിൽ അഭയാർത്ഥികളായി മാറ്റപ്പെടുന്ന കോടിക്കണക്കിന് ആളുകൾ ഗതിയില്ലാതെ അലയുകയാണ്. ആസാമിൽ ദേശീയ പൗരത്വ രജിസ്റ്ററിൽ ഉൾപ്പെടുത്താതെ 40 ലക്ഷം ഇന്ത്യക്കാരെ പുറംതള്ളാനാണ് ശ്രമം. നരേന്ദ്രമോദി സർക്കാർ ആവിഷ്ക്കരിക്കുന്ന തികച്ചും കുത്തകാനുകൂലമായ സാമ്പത്തിക നയങ്ങൾ വൻപരാജയമാണെന്ന് തെളിഞ്ഞിരിക്കുന്നു. മുഴുവൻ സാമ്പത്തിക ബാധ്യതകളും തൊഴിലാളികളുടെയും സാധാരണക്കാരുടെയും തലയിൽ കെട്ടിവയ്ക്കുന്നു. സർക്കാരിന്റെ ജനദ്രോഹനയങ്ങളെപ്പോലും അന്ധമായി പിന്തുണയ്ക്കുന്ന ജനതയെ സൃഷ്ടിച്ചെടുക്കാനാണ് ബിജെപി പരിശ്രമിക്കുന്നത്. അതിനായി ജാതിയുടെയും മതത്തിന്റെയും വംശത്തിന്റെയും അന്ധമായ വികാരങ്ങൾ കുത്തിപ്പൊക്കുന്നു. തൊഴിലാളികളെയും കർഷകരെയും മറ്റു ബഹുജനങ്ങളെയും സർക്കാരിന്റെ ദ്രോഹനടപടികൾക്കെതിരെ അണിനിരത്തുകയെന്നതാണ് അടിയന്തരാവശ്യകത. ഈ ബാധ്യത ഇടതുപക്ഷ ലേബലേന്തുന്ന പാർട്ടികൾ കൈയ്യൊഴിഞ്ഞിരിക്കുന്നു. പാർലമെന്ററി രാഷ്ട്രീയത്തിന്റെ ചെളിക്കുണ്ടിൽ അകപ്പെട്ടിരിക്കുന്ന ഇത്തരം കക്ഷികൾ ലജ്ജാകരമായ അവസരവാദ കൂട്ടുകെട്ടുകൾക്കുവേണ്ടി പരക്കം പായുകയാണെന്നും സഖാവ് രാധാകൃഷ്ണ വിശകലനം ചെയ്തു.

സംസ്ഥാന സെക്രട്ടറിയും കേന്ദ്രകമ്മിറ്റിയംഗവുമായ സഖാവ് സി.കെ.ലൂക്കോസിന്റെ സന്ദേശം സഖാവ് ആർ.കുമാർ വായിച്ചു. സംസ്ഥാന സെക്രട്ടേറിയറ്റംഗങ്ങളായ ജയ്സൺ ജോസഫ്, ടി.കെ.സുധീർകുമാർ എന്നിവരും തുടർന്ന് പ്രസംഗിച്ചു. വിവിധ ജില്ലകളിൽനിന്ന് നൂറുകണക്കിന് പ്രവർത്തകർ സമ്മേളനത്തിൽ പങ്കെടുത്തു ●



**അനുസ്മരണ സമ്മേളനത്തിൽ എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയംഗം സഖാവ് കെ.രാധാകൃഷ്ണ മുഖ്യപ്രസംഗം നടത്തുന്നു**

## സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസിന്റെ സന്ദേശം

യോഗാദ്ധ്യക്ഷൻ സഖാവ് വി.വേണുഗോപാൽ, ഈ അനുസ്മരണ യോഗത്തിന്റെ പ്രധാന പ്രസംഗകൻ പാർട്ടിയുടെ കേന്ദ്ര കമ്മിറ്റിയംഗം സഖാവ് കെ.രാധാകൃഷ്ണ, വേദിയിലുള്ള ഇതര സംസ്ഥാന കമ്മിറ്റിയംഗങ്ങളെ, സഖാക്കളെ,

നമ്മുടെ പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയും ഈ യുഗം ദർശിച്ച സമുന്നത മാർക്സിസ്റ്റ് ചിന്തകരിലൊരാളുമായ സഖാവ് ശിബ്ദാസ് ഘോഷിനെ അനുസ്മരിക്കുന്ന വേളയാണിത്. ഇന്നത്തെ അത്യന്തം വഷളായിരിക്കുന്ന ലോകസാഹചര്യത്തിൽ നിന്നുകൊണ്ട് അന്തർദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഗതിവിഗതികളെക്കുറിച്ച് അൽപം ചിലത് പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ ഗുരുനാഥനും ആചാര്യനുമായ സഖാവ് ഘോഷിന്റെ കാലിക പ്രസക്തി എത്രയോ വലുതാണെന്ന് മനസ്സിലാക്കാൻ ഇതിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മാർക്സിസം-ലെനിനിസത്തിന്റെ ശക്തനും പ്രാപ്തനുമായ കാവൽഭടൻ സഖാവ് സ്റ്റാലിൻ 1953 മാർച്ച് 5 ന് അന്തരിച്ചു. മുതലാളിത്തത്തിന്റെ പ്രത്യക്ഷത്തിലുള്ളതും ഒരിക്കലും പരിഹരിയ്ക്കാനാവാത്തതും നാൾ ചെല്ലുന്തോറും വർദ്ധിച്ചുകൊണ്ടേയിരിക്കുന്നതുമായ തിന്മകൾ -തൊഴിലില്ലായ്മ, ദാരിദ്ര്യം, പട്ടിണി, ധാർമ്മികഅധഃപതനം - ഇവയെല്ലാം ഇല്ലായ്മ ചെയ്തുകൊണ്ട് ശക്തമായ ഒരു സോഷ്യലിസ്റ്റ് രാഷ്ട്രം കെട്ടിപ്പടുത്തുകൊണ്ടാണ് അദ്ദേഹം കടന്നുപോയത്. കൂടാതെ, സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ ഒരു നീണ്ട നിരയും അദ്ദേഹത്തിന്റെ കാലത്ത് ആവിർഭവിച്ചു. ലോകത്തെല്ലാമുള്ള മർദ്ദിത ജനകോടികൾക്ക് ആവേശവും പ്രത്യാശയും ഉളവായ കാലഘട്ടം കൂടിയായിരുന്നു അത്.

അത്യന്തം ഗുരുതരങ്ങളായ പ്രശ്നങ്ങളെയും പ്രതിസന്ധികളേയും നേരിട്ടുകൊണ്ടാണ് അദ്ദേഹം ഈ നേട്ടങ്ങളെല്ലാം കൈവരിച്ചത്. അതിന് ആധാരമായിരുന്നത് മഹാനായ ലെനിന്റെ പാഠങ്ങളെ അദ്ദേഹം വിട്ടുവീഴ്ച കൂടാതെ മുറുകെപിടിച്ചു എന്നുള്ളതാണ്. ലെനിനിസത്തിന്റെ ശരിയായ വ്യാഖ്യാനം ലോകതൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന് നൽകിയത് അദ്ദേഹമായിരുന്നു. സാമ്രാജ്യത്വത്തിന്റെ കാലയളവിലെ മാർക്സിസമാണ് ലെനിനിസമെന്ന് അദ്ദേഹം പഠിപ്പിച്ചു. മുതലാളിത്തം അതിന്റെ മുരടിച്ചതും അന്തിമവുമായ സാമ്രാജ്യത്വഘട്ടത്തിലേയ്ക്ക് പ്രവേശിച്ചുകഴിഞ്ഞെന്നും, ലോകകമ്പോളത്തെ പകുത്തെടുക്കാൻ വേണ്ടിയുള്ള വിനാശകരമായ യുദ്ധങ്ങൾ അനിവാര്യമായും അത് സൃഷ്ടിച്ചുകൊണ്ടിരിക്കുമെന്നും ലോകജനതയെ ആകമാനം അത് ദുരിതക്കയങ്ങളിൽ മുക്കിതാഴ്ത്തുമെന്നും ലെനിൻ ചൂണ്ടിക്കാണിച്ചിരുന്നു. ലോകമാസകലമുള്ള സാഹചര്യം, ഈ വിശകലനം എത്രമേൽ യാഥാർത്ഥ്യമാണെന്ന് ഏതൊരാളെയും ബോദ്ധ്യപ്പെടുത്തുന്നതാണ്.

സ്റ്റാലിന്റെ നേതൃത്വത്തിൻകീഴിൽ സുശക്ത ലോകശക്തിയായി വളർന്നുവന്ന സോവിയറ്റ് യൂണിയനും സോഷ്യലിസ്റ്റ് ചേരിയും സാമ്രാജ്യത്വത്തിനെതിരെ വ്യക്തവും, അക്ഷീണവുമായ നിലപാട് കൈകൊണ്ടിരുന്നു. എന്നാൽ, സ്റ്റാലിന്റെ പിന്നാലെ ലോകതൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലേയ്ക്ക് കടന്നുവന്ന വർഗ്ഗവഞ്ചകരായ തിരുത്തൽ വാദികൾ-ക്രൂഷ്ചേവ് മുതൽ ഗോർബച്ചേവ് വരെയുള്ളവർ-സ്റ്റാലിൻ ഉയർത്തിപ്പിടിച്ച ശരിയായ പാഠങ്ങൾ തള്ളിക്കളയുകയും വിപ്ലവത്തിന്റെ പാതയിൽ വമ്പിച്ച വിഘ്നങ്ങൾ സൃഷ്ടിക്കുകയും



മുതലാളിത്ത പുനഃസ്ഥാപനത്തിന് വഴിതെളിക്കുകയും ചെയ്തു.

അന്തർദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ, മറ്റൊരു അതികായനായ ആചാര്യനും ഉയർന്നുവന്നിരുന്നു. തുലോം പിന്നോക്കമായിരുന്ന ഏഷ്യൻ രാജ്യമായ ചൈനയിൽ, മാർക്സിസം-ലെനിനിസത്തിന്റെ വെളിച്ചത്തിൽ ജനകീയ ജനാധിപത്യവിപ്ലവവും തുടർന്ന് സോഷ്യലിസ്റ്റ് വ്യവസ്ഥിതിയും സൃഷ്ടിച്ചുകൊണ്ട് മഹാനായ നേതാവ് സഖാവ് മാവോ സെതുങും ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയും തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന്റെ ആധികാരിക കേന്ദ്രങ്ങളായി വീക്ഷിക്കപ്പെടാൻ തുടങ്ങി. ഒന്നിലധികം സാമ്രാജ്യത്വരാജ്യങ്ങളുടെ കോളോണിയൽ ചൂഷണത്തിനും ജന്മിത്ത തേർവാഴ്ചയ്ക്കും വിധേയരായിക്കഴിഞ്ഞിരുന്ന ഒരു ജനത, മാർക്സിസം-ലെനിനിസം-സഖാവ് മാവോ സെതുങ് ചിന്തകളുടെ വെളിച്ചത്തിൽ ചുരുങ്ങിയ വർഷങ്ങൾ കൊണ്ട് അഭൂതപൂർവ്വമായ നേട്ടങ്ങൾ കൈവരിച്ചു. മാർക്സിസത്തിന്റെ അധൃഷ്യത ഒരാവർത്തികൂടി തെളിയിക്കപ്പെട്ടു; ഒപ്പം അതിന്റെ സാർവ്വലൗകിക പ്രസക്തിയും വെളിവാക്കപ്പെട്ടു. തിരുത്തൽ വാദത്തിനെതിരെ ധീരോചിതമായ ഒരു സമരം മാവോ സെതുങ് അഴിച്ചുവിട്ടു.

1976 സെപ്തംബർ 9-ാം തീയതി സഖാവ് മാവോ അന്തരിച്ചു. അതിനുശേഷം ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ കടന്നുപറ്റിയ അറുപിന്തിരിപ്പൻ തിരുത്തൽ വാദി ഡെങ് സിയാവോ പിങ്ങും കൂട്ടരും ചൈനയിലും മുതലാളിത്തം പുനഃസ്ഥാപിച്ചു.

സഖാവ് മാവോയുടെ നിര്യാണത്തോടെ മാർക്സിസത്തിൽ ആധികാരിക പദവിയുള്ള ആരും തന്നെയില്ലായെന്ന പ്രതീതി ഉളവായി. ദൗർഭാഗ്യകരമെന്നുപറയട്ടെ, സഖാവ് ശിബ്ദാസ് ഘോഷിനെ ലോകം തിരിച്ചറിയാതെ പോയതാണ് ഇതിന് കാരണം. അദ്ദേഹത്തിന്റെ അപാരമായ പ്രതിഭാവിലാസം തിരിച്ചറിഞ്ഞവരെ തീരാദുഃഖത്തിലും വേദനയിലുമാഴ്ത്തി തികച്ചും അകാലത്ത്, കേവലം 54 വയസ്സ് മാത്രമുള്ളപ്പോൾ അദ്ദേഹം നിര്യാതനായി. എന്നാൽ, അതിനോടകം അമൂല്യങ്ങളായ നിരവധി സംഭാവനകൾ അദ്ദേഹം മാർക്സിസത്തിന് നൽകിയിരുന്നു. മാർക്സിസത്തെ എല്ലാ ദിശയിലേയ്ക്കും വികസിപ്പിക്കുകയും സമ്പന്നമാക്കുകയും ചെയ്ത ദാർശനിക പ്രതിഭയായിരുന്നു അദ്ദേഹം.

കമ്മ്യൂണിസ്റ്റുകൾ തമ്മിലും വിവിധ കമ്മ്യൂണിസ്റ്റ് പാർട്ടികൾ തമ്മിലുമുള്ള ബന്ധം ദ്വന്ദ്വാത്മകമായിരിക്കണമെന്ന് സഖാവ് ശിബ്ദാസ് ഘോഷ് പറഞ്ഞു. വിമർശന-സ്വയംവിമർശന പ്രക്രിയ ഉൾപ്പെടുന്നതും പരസ്പരം അംഗീകരിക്കുന്നതും അനുഭവങ്ങൾ പങ്ക് വെയ്ക്കുന്നതുമാകണം ഈ ദ്വന്ദ്വാത്മക ബന്ധം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ആധികാരികതയെ അംഗീകരിക്കുമ്പോൾ തന്നെ, അത് അന്ധമായ വിധേയത്വം ആകരുത്. ഉജ്ജ്വലമായ ഒരു മാതൃകയും ഇക്കാര്യത്തിൽ അദ്ദേഹം കാട്ടിത്തന്നു. സഖാവ് സ്റ്റാലിന്റെ കാലത്തുതന്നെ അന്തർദ്ദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ബാധിച്ചിരുന്ന ഗുരുതരമായ വീഴ്ചകൾ ചൂണ്ടിക്കാണിക്കാൻ അദ്ദേഹം മടികാണിച്ചില്ല. പ്രസ്ഥാനത്തിലുള്ളിൽ യാന്ത്രിക ചിന്താപ്രക്രിയയുടെ സ്വാധീനം വർദ്ധിച്ചുവരുന്നതായും ആധികാരികതാബോധത്തെ അപ്രമാദിത്വ ധാരണയായി വികലപ്പെടുത്തിയിരിക്കുന്നതായും അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഗുരുതരമായ ഈ വീഴ്ചകൾ യഥാകാലം പരിഹരിക്കപ്പെടുന്നില്ലെങ്കിൽ പ്രസ്ഥാനത്തിന് അത് വമ്പിച്ച ഭവിഷ്യത്ത് വരുത്തിത്തീർക്കുകയും രണ്ട് സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ തമ്മിൽ സായുധ സംഘർഷം പോലും ഉളവാക്കുകയും ചെയ്യുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. ഇത് പിൽക്കാലത്ത് സത്യമായി ഭവിച്ചത്, ചൈ

(ശേഷം 4-ാം പേജിൽ)

# എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) മൂന്നാം പാർട്ടി കോൺഗ്രസ്സ് വിജയിപ്പിക്കുക

## ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷിന്റെ അഭ്യർത്ഥന

പ്രിയ സഖാക്കളെ,

മൂന്നാം പാർട്ടി കോൺഗ്രസ്സ് വിജയിപ്പിക്കുന്നതിനായി സഖാക്കളോട് ഒരു അഭ്യർത്ഥന നടത്തണമെന്ന് കുറച്ചുനാൾമുമ്പ് ചില മുതിർന്ന സഖാക്കൾ എന്നോട് അഭ്യർത്ഥിച്ചിരുന്നു. ഈ പാർട്ടി കോൺഗ്രസ്സിന്റെ ആവശ്യകത സംബന്ധിച്ച് ഒരു വിഭാഗം സഖാക്കൾക്ക് വേണ്ടത്ര വ്യക്തതയില്ല എന്ന് കരുതുന്നതുകൊണ്ടാണ് അവരങ്ങനെയൊരു അഭ്യർത്ഥന വച്ചത്. എന്നാൽ എന്റെ പ്രതികരണം കുറച്ചു വൈകിപ്പോയി. നല്ലൊരു പങ്ക് സഖാക്കളും യൂണിറ്റുകളും ഇതിനകംതന്നെ പാർട്ടി കോൺഗ്രസ്സിന്റെ തയ്യാറെടുപ്പ് പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുകയുമാണ്. എന്നാലും, ഈ മുതിർന്ന സഖാക്കളുടെ അഭിപ്രായം പരിഗണിച്ചുകൊണ്ട് ചില കാര്യങ്ങൾ വളരെ സംക്ഷിപ്തമായി അവതരിപ്പിക്കാം.

1. കഴിഞ്ഞ പാർട്ടി കോൺഗ്രസ്സിനുശേഷം അന്തർദ്ദേശീയ, ദേശീയ സാഹചര്യങ്ങളിൽ അടിസ്ഥാനപരമായ മാറ്റങ്ങളൊന്നും ഉണ്ടായിട്ടില്ല എന്നതിനാൽ കഴിഞ്ഞ കോൺഗ്രസ്സ് രൂപംകൊടുത്ത അടിസ്ഥാന ലൈൻ ഇന്നും സാധുവാണ്. എന്നാൽ, ഈ കാലയളവിൽ ചില സുപ്രധാന സംഭവവികാസങ്ങൾ ഉണ്ടായിട്ടുണ്ട്. അതുസംബന്ധിച്ച് പാർട്ടി തത്വങ്ങളുടെയും പാഠങ്ങളുടെയും അടിസ്ഥാനത്തിലുള്ള ഗൗരവാവഹമായ ചർച്ചകളും ആശയവിനിമയവുമൊക്കെ വിവിധ തലങ്ങളിൽ നടത്തേണ്ടതുണ്ട്. തുടർന്ന് പാർട്ടി കോൺഗ്രസ്സിൽ അവ സഗൗരവം പരിശോധിക്കുകയും ഏകമായ ധാരണയിലെത്തുകയും അതുവഴി ഏറ്റവും പുതിയ സാഹചര്യത്തെ അഭിമുഖീകരിക്കത്തക്കവണ്ണം പാർട്ടി തീസിസ് മെച്ചപ്പെടുത്തുകയും ചെയ്യണം.

2. ചൂഷണത്തിലും മർദ്ദനത്തിലും അധിഷ്ഠിതമായ മുതലാളിത്ത വ്യവസ്ഥയും അതിന്റെ സേവകരായ പാർലമെന്ററി ഭരണകക്ഷികളും സൃഷ്ടിക്കുന്ന ഗുരുതരവും വർദ്ധമാനവുമായ സാമ്പത്തിക, രാഷ്ട്രീയ, ധാർമിക പ്രതിസന്ധികളുടെ പിടിയിലാണിന്ന് ഇന്ത്യ. ദശലക്ഷക്കണക്കിനാളുകൾ ഇതിനകംതന്നെ തൊഴിൽരഹിതരാണ്. അതിനുപുറമെ ആയിരക്കണക്കിന് തൊഴിലാളികളെ പിരിച്ചുവിടുന്നു. ആഹാരവും മരുന്നും കിട്ടാതെ മരിക്കുന്നതും ആത്മഹത്യ ചെയ്യുന്നതും ലക്ഷങ്ങളാണ്. കുട്ടികളടക്കം ആയിരക്കണക്കിന് സ്ത്രീകൾ അനുദിനം വാണിഭത്തിന് ഇരയാകുന്നു. വൃദ്ധകളും കുഞ്ഞുങ്ങളുമടക്കം ആയിരക്കണക്കിന് സ്ത്രീകളാണ് അനുനിമിഷം കൂട്ടബലാത്സംഗത്തിനും കൊലപാതകത്തിനും വിധേയമാകുന്നത്. വിലകളും നികുതികളും അഴിമതിയും പൊതുമുതൽ കൊള്ളയടിക്കലുമൊക്കെ വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെയും ആരോഗ്യപരിപാലനത്തിന്റെയും ചെലവിലാണ് പട്ടാള ബജറ്റ് വർദ്ധിപ്പിക്കുന്നത്. ഹിന്ദുമത മൗലികവാദം, വിജ്ഞാന വിരോധം, ദേശീയഭ്രാന്ത്, വർഗീയത, പ്രാദേശികവാദം, ജാതീയത എന്നവയൊക്കെ ഊതിപ്പെരുപ്പിക്കുന്നു. വർഗ്ഗീയവും ജാതീയവുമായ വിദ്വേഷവും കലാപങ്ങളും വളർത്തിയെടുക്കുന്നു. വിദ്യാഭ്യാസത്തെ കാവിവൽക്കരിച്ചുകൊണ്ട് ജനങ്ങളെ മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഭിന്നിപ്പിക്കുകയും വോട്ടുബാങ്കുകൾ സൃഷ്ടിക്കുകയും രാജ്യത്തെ ഫാസിസവൽക്കരിക്കുന്ന പ്രക്രിയയ്ക്ക് ആക്കം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ജനാധിപത്യ സ്ഥാപനങ്ങളുടെ അവശേഷിപ്പുകൾ പോലും തകർക്കുന്നു. പണവും കയ്യൂക്കും മാധ്യമങ്ങളും അധികാരശക്തിയും നിയന്ത്രിക്കുന്ന തെരഞ്ഞെടുപ്പുകൾ ജനങ്ങളെ തീർത്തും വഞ്ചിക്കുന്നു. എല്ലാറ്റിനുമുപരിയായി നവോത്ഥാനത്തിന്റെയും സ്വാതന്ത്ര്യസമരത്തിന്റെയും പൈതൃകവും ധാർമിക മൂല്യങ്ങളുമൊക്കെ നശിപ്പിച്ചുകൊണ്ട് യുവാക്കളെയും വിദ്യാർത്ഥികളെയും അപമാനവീകരിക്കുന്നു. ഇതെല്ലാംചേർന്ന് രാജ്യത്തെ തകർച്ചയിലേയ്ക്ക് തള്ളിനീക്കുകയാണ്. ഭരണമുതലാളിവർഗ്ഗത്തിന്റെ പ്രീതി സമ്പാദിക്കാനും മന്ത്രിസ്ഥാനം നേടി അവരുടെ രാഷ്ട്രീയ കാര്യസ്ഥൻമാരാകാനും ദേശീയ ബൂർഷ്വാ പാർട്ടികളായ ബിജെപിയും കോൺഗ്രസ്സും പരസ്പരം മത്സരിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. അധികാരത്തിലായാലും പ്രതിപക്ഷത്തായാലും അവർക്ക് ഈ ഒരൊറ്റ ലക്ഷ്യമേയുള്ളൂ. അധികാരത്തിലിരിക്കുമ്പോൾ എതിർശബ്ദങ്ങളെയെല്ലാം അമർച്ചചെയ്തും ജനകീയ സമരങ്ങളെ ക്രൂരമായി അടിച്ചമർത്തിയും യജമാനൻമാരെ തൃപ്തിപ്പെടുത്താനും മുതലാളിത്ത ചൂഷണം ശാശ്വതമായി നിലനിർത്താനും അവർ നേരിട്ട് ഒത്താശചെയ്യുന്നു. പ്രതിപക്ഷത്തായിരിക്കുമ്പോൾ ജനങ്ങളുടെ ദുരിതങ്ങളെപ്രതി അവർ മുതലക്കണ്ണീരൊഴുക്കുന്നു. ജനങ്ങളെ കബളിപ്പിച്ച് അടുത്ത തെരഞ്ഞെടുപ്പിൽ വിജയംകൊയ്യാനുള്ള കളമൊരുക്കൽ മാത്രമാണിത്. ഇങ്ങനെയൊക്കെയാണെങ്കിലും ജനങ്ങളെ നിശബ്ദരാക്കാനാകില്ല. നീറുന്ന, ഭാരിച്ച ജീവിതപ്രശ്നങ്ങൾ അവരെ പ്രതിഷേധിക്കാൻ നിർബ്ബന്ധിതരാക്കുന്നു. അസംതൃപ്തിയും രോഷവും പ്രതിഷേധത്തിന്റെ രൂപമെടുക്കുമ്പോൾ പലയിടത്തും ആയിരക്കണക്കിന് കർഷകരും തൊഴിലാളികളും വിദ്യാർത്ഥികളും മറ്റ് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളും സ്വാഭാവികമായിത്തന്നെ പ്രക്ഷോഭവുമായി തെരുവിലണയുന്നു. അസംഘടിതവും വലിയ രാഷ്ട്രീയ ധാരണയൊന്നുമില്ലാത്തവയുമെങ്കിലും ഈ സഹജമായ പൊട്ടിത്തെറികൾ ലാത്തിച്ചാർജിനെയും വെടിവയ്പിനെയുമൊക്കെ നേരിടാൻ തയ്യാറാകുന്നുണ്ട്. ഒരു യഥാർത്ഥ രാഷ്ട്രീയ നേതൃത്വത്തിന്റെ അഭാവത്തിൽ ഈ സമരങ്ങൾ കാലാകാലങ്ങളിൽ ഉയർന്നുവരികയും പിൻവാങ്ങുകയും ചെയ്യുന്നു. പ്രബല ഇടതുപക്ഷ പാർട്ടികളായ സിപിഐ(എം), സിപിഐ എന്നിവ സമരക്കാരായി ഭാവിക്കുന്നുണ്ടെങ്കിലും അവരുടെ സോഷ്യൽ ഡെമോക്രാറ്റിക് സ്വഭാവംമൂലം അവർ വീറുറ്റ സമരത്തിന്റെ പാത ഉപേക്ഷിച്ചുകഴിഞ്ഞിരിക്കുന്നു എന്നത് വ്യക്തമാണ്. എന്നാൽ 'മതേതര' കോൺഗ്രസ്സ് നയിക്കുന്ന സഖ്യത്തിൽ ചേർന്ന് തെരഞ്ഞെടുപ്പ് നേട്ടമുണ്ടാക്കാനുള്ള ശ്രമങ്ങളിൽ വ്യാപൃതരാണവർ. എങ്കിലും അവരെ അതിൽനിന്ന് പിന്തിരിപ്പിച്ച് സംയുക്ത സമരങ്ങളിൽ സാധ്യമാകുന്നത്ര പങ്കാളികളാക്കുന്നതിനുള്ള ശ്രമങ്ങൾ നമ്മൾ തുടരുകതന്നെ ചെയ്യും. ഐക്യം, സമരം, ഐക്യം എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന ഇത്തരം സമരങ്ങളിലൂടെ അവരെ തുറന്നുകാണിക്കാനും അതേ സമയംതന്നെ അവരുടെ സാധ്യതകൾ ഉപയോഗപ്പെടുത്താനും കഴിയും. എന്നാൽ, മഹാനായ മാർക്സിസ്റ്റ് ചിന്തകനായ സഖാവ് ശിബ്ദാസ് ഘോഷ് സ്ഥാപിച്ച, ഈ രാജ്യത്തെ ഒരേയൊരു വിപ്ലവ തൊഴിലാളിവർഗ്ഗ പാർട്ടിയായ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയെ കൂടുതൽ ശക്തിപ്പെടുത്തുകയും വ്യാപിപ്പിക്കുകയും ദൃഢീകരിക്കുകയും ചെയ്യുക എന്നതാണ് അടിയന്തരാവശ്യകത. അതുവഴി ഈ സമരങ്ങളെ അതിന്റെ യുക്തിസഹമായ പരിണതിയിലേയ്ക്ക് നയിക്കുന്നതിനുള്ള പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവും സംഘടനാപരവും സാംസ്കാരികവുമായ ശരിയായ നേതൃത്വം പ്രദാനം ചെയ്യാൻ പാർട്ടിക്ക് പ്രാപ്തി കൈവരും. ഈ നിലവാരം ആർജ്ജിക്കണമെങ്കിൽ സഖാവ് ശിബ്ദാസ്ഘോഷിന്റെ വിപ്ലവ പാഠങ്ങൾ പിന്തുടർന്നുകൊണ്ട് തീവ്രമായൊരു സമരം അടിയന്തരമായി പാർട്ടിക്കുള്ളിൽ നടത്തേണ്ടതുണ്ട്. മുഴുവൻ സഖാക്കളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അത്തരമൊരു ആന്തരിക സമരത്തിനുള്ള തയ്യാറെടുപ്പ് എന്ന നിലയിലാണ് പാർട്ടി കോൺഗ്രസ്സ് നടത്തുന്നത്.

3. അഭൂതപൂർവ്വവും നിരന്തരം ആഴംവയ്ക്കുന്നതുമായ പ്രതിസന്ധിയുടെ പിടിയിൽപ്പെട്ട് ഉഴലുകയാണ് ലോക സാമ്രാജ്യത്വ-മുതലാളിത്തം എന്നോർക്കണം. സമാന്തരമായൊരു സോഷ്യലിസ്റ്റ് ലോക കമ്പോളം നിലവിലില്ലെങ്കിലും നിരന്തരം ചുരുങ്ങുന്ന കമ്പോളം എന്ന പ്രതിസന്ധിയെ ലോക മുതലാളിത്തം അഭിമുഖീകരിക്കുകയാണ്. സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ചയെത്തുടർന്ന് ഉളവായ ഏകധ്രുവ ലോകത്തിന്റെ 'അധിപൻ' എന്ന് ഒരിക്കൽ വീമ്പിളക്കിയ അമേരിക്ക ഇന്ന്, മുതലാളിത്ത രാജ്യങ്ങളായി മാറിയ റഷ്യ, ചൈന, കൂടാതെ യൂറോപ്യൻ യൂണിയൻ, ജപ്പാൻ എന്നീ രാജ്യങ്ങളിൽനിന്ന് കടുത്ത വെല്ലുവിളി നേരിടുകയാണ്. ഓരോരുത്തരും മറ്റുള്ളവരുടെ കമ്പോളം പിടിച്ചെടുക്കാനുള്ള കഴുത്തറപ്പൻ പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്നു. ലോക മുതലാളിത്ത സമ്പദ്ഘടനയുടെ തീവണ്ടി എൻജിൻ എന്ന് കരുതിയിരുന്ന യുഎസ്എ ഇന്ന് ഒരു മുങ്ങുന്ന കപ്പലാണ്. ആഗോളീകരണ പദ്ധതി ആവിഷ്കരിക്കുന്നതിൽ മുൻപന്തിയിൽ നിന്നുകൊണ്ട് മറ്റ് രാജ്യങ്ങളുടെ കമ്പോളത്തിലേയ്ക്ക് കടന്നുകയറാൻ അവർ ശ്രമിച്ചിരുന്നെങ്കിൽ ഇന്ന് അതേ പദ്ധതിപ്രകാരം മത്സരക്കാരായ മറ്റ് വൻ ശക്തികൾ അവരുടെ ആഭ്യന്തര കമ്പോളം പിടിച്ചടക്കാൻ ശ്രമിക്കുകയാണ്. ഇതുമൂലം ആഗോളീകരണത്തെ തള്ളിപ്പറഞ്ഞ് 'ആദ്യം അമേരിക്ക' എന്ന മുദ്രാവാക്യമുയർത്താനും ചൈനയിൽനിന്നും മറ്റും തിരിച്ചടി നേരിട്ട സാഹചര്യത്തിൽ കൂടുതൽ കർക്കശമായ താരിഫ് മതിലുകളുയർത്താനും അവർ നിർബ്ബന്ധിതരായിരിക്കുന്നു. അങ്ങനെ ലോകമാകെ ഒരു വ്യാപാരയുദ്ധത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. ഈ വ്യാപാരയുദ്ധം എങ്ങോട്ടാണ് നയിക്കുക എന്ന വലിയ ചോദ്യത്തിന് ഭാവിയാണ് ഉത്തരം നൽകേണ്ടത്. മറുവശത്ത്, ഈ സാമ്രാജ്യത്വ രാജ്യങ്ങളെല്ലാം ജനജീവിതം ദുരിതമയമാക്കുംവിധം നിരന്തരമാന്ദ്യം, വ്യവസായ മുരടിപ്പ്, പിരിച്ചുവിടൽ,

(ശേഷം 5-ാം പേജിൽ)

## സഖാവ് സി.കെ. ലൂക്കോസിന്റെ സന്ദേശം

(3-ാം പേജിൽ നിന്ന്)

നയും വിയറ്റ്നാമും തമ്മിൽ സായുധ സംഘർഷത്തിൽ എർപ്പെടുന്നത് ലോകം കാണേണ്ടിവന്നു.

എന്നാൽ, സ്റ്റാലിന്റെ നിര്യാണത്തെതുടർന്ന് ക്രൂഷ്ചേവും കൂട്ടരും സ്റ്റാലിന്റെ ആധികാരികതയെ ഇടിച്ചുതാഴ്ത്തുകയും സ്റ്റാലിനെ നിഷ്കാസനം ചെയ്യാൻ ഒരുമ്പെടുകയുമുണ്ടായപ്പോൾ അതിനെ ശക്തിയുക്തം എതിർത്തുകൊണ്ട് സഖാവ് ശിബ്ദാസ് ഘോഷ് മുന്നോട്ട് വന്നു. ട്രോട്സ്കിയിൽനിന്നും ബുക്കാറിനിൽനിന്നും വ്യത്യസ്തമായി, ലെനിനിസത്തിന്റെ ശരിയായ വ്യാഖ്യാനം ലോകതൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന് നൽകിയത് സ്റ്റാലിനായിരുന്നു എന്നതുകൊണ്ട് സ്റ്റാലിനെ നിഷ്കാസനം ചെയ്യുന്നത് ലെനിനെ നിഷ്കാസനം ചെയ്യുന്നതിന് തുല്യമായിരിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഇതും സത്യമായി ഭവിച്ചിരിക്കുന്നു.

ആധുനിക തിരുത്തൽവാദത്തിനെതിരെ ശക്തമായ പ്രത്യയശാസ്ത്ര സമരം അദ്ദേഹം അഴിച്ചുവിട്ടു. അതിന്റെ ഉൽപ്പത്തിയും വളർച്ചയും തുറന്നുകാട്ടികൊണ്ട് അതിനെ പ്രതിരോധിക്കാൻവേണ്ട ആയുധം അദ്ദേഹം പ്രദാനം ചെയ്തു.

സാംസ്കാരിക-ധാർമ്മിക രംഗത്തെ അദ്ദേഹത്തിന്റെ സംഭാവന ഉജ്ജ്വലവും നൂതനവുമാണ്. ബൂർഷ്വാ വ്യക്തിവാദം എല്ലാ മൂല്യങ്ങളും നഷ്ടപ്പെട്ട് അറുവഷളൻ വ്യക്തിവാദമായി പരിണമിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ അതിനെ ചെറുക്കാൻ, നല്ല കമ്മ്യൂണിസ്റ്റ് ആകാനുള്ള പഴയ ധാരണ പര്യാപ്തമാകുകയില്ലായെന്ന് അദ്ദേഹം നിരീക്ഷിച്ചു. വ്യക്തിവാദത്തിന്റെ അംശങ്ങളെപ്പോലും തുടച്ചുനീക്കി സാമൂഹ്യതാൽപര്യവുമായി താദാത്മ്യപ്പെടുന്ന ഒരു സമരം ഇന്ന് കമ്മ്യൂണിസ്റ്റുകൾ ബോധപൂർവ്വം ഏറ്റെടുക്കേണ്ടതുണ്ടെന്ന് അദ്ദേഹം നിഷ്കർഷിച്ചു. ശരിയായ വിപ്ലവ സിദ്ധാന്തം, ശരിയായ പ്രയോഗപദ്ധതി, സാമൂഹ്യതാൽപര്യം ശരിയാംവണ്ണം ഉയർത്തിപ്പിടിക്കുന്ന ഒരു പാർട്ടിയുമായുള്ള താദാത്മ്യപ്പെടൽ, വ്യക്തിവാദത്തിന്റെ അംശങ്ങളെ ബോധപൂർവ്വമായ, വിട്ടുവീഴ്ചയില്ലാത്ത ഒരു സമരത്തിലൂടെ ദൂരീകരിക്കുക എന്നതാണ് താദാത്മ്യപ്പെടൽ സമരം കൊണ്ട് വിവക്ഷിക്കപ്പെടുന്നത്.

ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യയിലെ ശരിയായ തൊഴിലാളിവർഗ്ഗപാർട്ടിയെന്ന നിലയിൽ, സഖാവ് ശിബ്ദാസ് ഘോഷ് കെട്ടിപ്പടുത്ത് പരിശിക്ഷണം നൽകി വളർത്തിവികസിപ്പിച്ചെടുത്ത, സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ(കമ്മ്യൂണിസ്റ്റ്) ഇന്ത്യയെമ്പാടും ജനാധിപത്യ സമരങ്ങൾ പടുത്തുയർത്തിക്കൊണ്ട്, കൂടുതൽ കൂടുതൽ പൂർണ്ണസമയ വിപ്ലവപ്രവർത്തകരെയും സംഘാടകരെയും സൃഷ്ടിച്ചുകൊണ്ട് മുന്നേറുന്നത്. സഖാവ് ഘോഷിന്റെ ചരിത്രപരമായ ഏറ്റവും മഹത്തായ സംഭാവന ഈ പാർട്ടിയാണ്. ലെനിനന്തര കാലഘട്ടത്തിൽ കമ്മ്യൂണിസ്റ്റുകൾക്ക് നേരിടേണ്ടിവന്ന എല്ലാ ചോദ്യങ്ങൾക്കും വെല്ലുവിളികൾക്കും മറുപടി നൽകിക്കൊണ്ട് സഖാവ് ശിബ്ദാസ് ഘോഷ് മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തെ തികച്ചും കാലികമാക്കിതീർത്തു. ഇന്ന്, അനിവാര്യമായിട്ടും സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകൾ കൂടി ഉൾക്കൊള്ളാതെ ഒരാൾക്കും മാർക്സിസം-ലെനിനിസത്തിൽ പര്യാപ്തമായ ധാരണ ആർജ്ജിക്കാനാവുകയില്ല.

ഫാസിസത്തെക്കുറിച്ചും സഖാവ് ഘോഷ് ആഴത്തിലുള്ള ഒരു വിശകലനം നടത്തിയിരുന്നു. സംസ്കാരിക രംഗത്ത് ഫാസിസം പിടിമുറുക്കിയാൽ പിന്നെ മനുഷ്യൻ എന്ന് വിളിക്കപ്പെടാൻ യോഗ്യതയുള്ള ആരും അവശേഷിക്കില്ലായെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഇത് എത്രമേൽ യഥാർത്ഥ്യമാണ് എന്ന് നമ്മുടെ നാട്ടിലെ നിലവിലുള്ള സാഹചര്യത്തിൽ സൽബുദ്ധിയുള്ള ആരുടെയും മുന്നിൽ കൂടുതൽ വിശദീകരിക്കേണ്ടതില്ല.

മുതലാളിത്ത-സാമ്രാജ്യത്വം സൃഷ്ടിക്കുന്ന വഷളൻ വ്യക്തിവാദം ഇന്ന് എന്ത് പൈശാചിക കൃത്യവും നിറവേറ്റാൻ മടി കാണിക്കാത്ത ഫാസിസ്റ്റ് മനോഘടനയായി പരിണമിച്ചിരിക്കുമ്പോൾ, തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെയും മാനവിക പുരോഗതിയുടെയും ഭാഗത്ത് അചഞ്ചലം നിലകൊള്ളാൻ ഒരുവൻ എത്ര തീക്ഷ്ണമായ സമരത്തിൽ ഏർപ്പെടേണ്ടിവരുമെന്നത് ഊഹിക്കാവുന്നതേയുള്ളൂ. സഖാവ് ശിബ്ദാസ്ഘോഷ് ആ ഉജ്ജ്വല മാതൃക നമുക്ക് കാട്ടിത്തന്നു. അദ്ദേഹത്തിന്റെ മഹനീയ പാതയിൽ നാം മുന്നേറുക.

സഖാവ് ശിബ്ദാസ് ഘോഷിന്
ലാൽസലാം

# ഇസ്രായേലിന്റെ "ജൂതരാഷ്ട്ര" പ്രഖ്യാപനം പിൻവലിക്കുക

**എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് ജൂലൈ 22ന് പുറപ്പെടുവിച്ച പ്രസ്താവന**

ഇസ്രായേൽ ഒരു "ജൂതരാഷ്ട്ര"മായി പ്രഖ്യാപിച്ചുകൊണ്ട് കഴിഞ്ഞ ജൂലൈ 19ന് നിയമം പാസ്സാക്കിയ ഇസ്രായേലി പാർലമെന്റിന്റെ ഫാസിസ്റ്റ് നടപടിയെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ശക്തമായി അപലപിക്കുന്നു. ഇസ്രായേൽ ജൂതരുടെ മാതൃഭൂമിയാണെന്ന് നിർവ്വചിക്കുന്നതാണ് ഈ നിയമം. ജറുസലേം തലസ്ഥാനവും ഹീബ്രു ഔദ്യോഗിക ഭാഷയും രാഷ്ട്രീയ സ്വയം നിർണ്ണയാവകാശം "ജൂതരുടേതുമാത്ര"വുമായിരിക്കുമെന്ന് ഇതിലൂടെ പ്രഖ്യാപിക്കുന്നു.

പല മതങ്ങളിൽ വിശ്വസിക്കുന്നവരും പല ഭാഷകൾ സംസാരിക്കുന്നവരും വ്യത്യസ്ത വംശീയ പശ്ചാത്തലമുള്ളവരും ഇസ്രായേലിലുണ്ട്. അത്തരമൊരു സാഹചര്യത്തിൽ രാഷ്ട്രം ഒരു പ്രത്യേക സമുദായത്തിന്റേതുമാത്രമായിരിക്കുമെന്ന അസന്നിഗ്ദ്ധമായ നിയമപ്രഖ്യാപനവും ഔദ്യോഗിക ശാഠ്യവും മറ്റു സമുദായങ്ങൾക്ക് ഭരണഘടനാപരമായി ലഭിക്കുന്ന തുല്യതയ്ക്കുള്ള അവകാശം ചോർത്തിക്കളയുമെന്നുറപ്പാണ്. ജൂതരല്ലാത്തവരുടെമേൽ ജൂതരുടെ മേധാവിത്വം സ്ഥാപിച്ചെടുക്കാൻ ഇതിടയാക്കും.

രാജ്യത്താകെയുള്ള 90 ലക്ഷം ജനങ്ങളിൽ അഞ്ചിലൊന്ന് അറബികളാണ്. ഇസ്രായേൽ പാർലമെന്റിലെ അറബ് മെമ്പർമാരും, 1948ൽ ഇസ്രായേൽ പിടിച്ചടക്കിയതിലൂടെ സ്വന്തം പ്രദേശങ്ങൾ നഷ്ടപ്പെട്ട പലസ്തീൻകാരും ഈ നിയമത്തെ "വംശീയാതിക്രമ"മെന്നും "വർണ്ണവിവേചന"ത്തിന് നിയമസാധുത നൽകൽ എന്നുമാണ് വിശേഷിപ്പിച്ചത്. ജൂതരിലെ വിവേകശാലികളും ഈ ഹീന പദ്ധതിയെ എതിർത്തു എന്നത് ശ്രദ്ധേയമാണ്. 120 അംഗ പാർലമെന്റിൽ 62 പേരുടെ മാത്രം പിന്തുണയോടെ, നേരിയ ഭൂരിപക്ഷത്തിനാണ് ബിൽ പാസ്സായത്. ഇസ്രായേൽ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ മാനിക്കണമെന്ന് യൂറോപ്യൻ യൂണിയൻപോലും ആവശ്യപ്പെട്ടു.

കഴിഞ്ഞ വർഷം ജറുസലേം ഇസ്രായേൽ തലസ്ഥാനമെന്ന് ട്രംപ് പ്രഖ്യാപിച്ചപ്പോൾ ഐക്യരാഷ്ട്രസഭ വൻഭൂരിപക്ഷത്തോടെ അത് തള്ളിക്കളഞ്ഞത് ലോകം കണ്ടതാണ്. ഇത് മാനിക്കാതെ അമേരിക്ക അവരുടെ എംബസി ടെൽ അവീവിൽനിന്ന് ജറുസലേമിലേയ്ക്ക് മാറ്റുകയും ചെയ്തു. ഇപ്പോൾ ഈ നിയമം പാസ്സാക്കാൻ ഇസ്രായേലിന് കരുത്തുനൽകിയത് അമേരിക്കയുടെ ധിക്കാരപരമായ ഈ നടപടിയായിരുന്നു.

ഈ നിയമം റദ്ദാക്കാൻ ഇസ്രായേലിന്റെമേൽ സമ്മർദ്ദം ചെലുത്തണമെന്ന് ഇന്ത്യാഗവണ്മെന്റിനോട് ഞങ്ങൾ ആവശ്യപ്പെടുന്നു. അതോടൊപ്പം, ഇസ്രായേൽ ഗവണ്മെന്റിന്റെ ഈ ഫാസിസ്റ്റുനടപടിയെ അപലപിക്കണമെന്ന് ലോകമെമ്പാടുമുള്ള ജനാധിപത്യ വിശ്വാസികളോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു●

---

(4-ാം പേജിൽ നിന്ന്)

തൊഴിലില്ലായ്മ തുടങ്ങിയ രൂക്ഷമായ പ്രശ്നങ്ങളിൽപ്പെട്ട് ഉഴലുകയാണ്. മുമ്പൊരിക്കലും ഉണ്ടാകാത്ത തരത്തിലുള്ള ജനകീയ പ്രതിഷേധത്തിന് ജന്മം നൽകുന്നതിലേയ്ക്കാണ് ഇതെല്ലാം എത്തിച്ചേരുന്നത്. തൊഴിലാളി പണിമുടക്കുകളും വിദ്യാർത്ഥി സമരങ്ങളും ജനകീയ പ്രക്ഷോഭങ്ങളുമൊക്കെ അലയടിച്ചുയരുന്നു. 'വാൾസ്ട്രീറ്റ് പിടിച്ചടക്കൽ', 'അറബ് വസന്തം' പോലുള്ള പ്രസ്ഥാനങ്ങൾ വീണ്ടും വീണ്ടും ഉയർന്നുവരും. എന്നാൽ ഒരു വിപ്ലവ തൊഴിലാളിവർഗ്ഗ നേതൃത്വത്തിന്റെ അഭാവംമൂലം ഇതൊക്കെ കെട്ടടങ്ങുകയും ചെയ്യും. സോവിയറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്പിലും ചൈനയിലുമൊക്കെ നടന്ന പ്രതിവിപ്ലവങ്ങളിലൂടെ ആ രാജ്യങ്ങളിലെ സോഷ്യലിസം തകർക്കപ്പെടുക മാത്രമല്ല, അന്ന് പ്രബലമായിരുന്ന കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുതന്നെ വമ്പിച്ച തിരിച്ചടി നേരിടേണ്ടിവരികയും ചെയ്തകാര്യം സഖാക്കൾക്കറിയാമല്ലോ. പ്രത്യയശാസ്ത്രപരവും സാംസ്കാരികവുമായ പിന്നാക്കാവസ്ഥയും സോവിയറ്റ്, ചൈനീസ് നേതൃത്വങ്ങളോടുള്ള യാന്ത്രികവും അന്ധവുമായ വിധേയത്വവുംമൂലം കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് ആധുനിക തിരുത്തൽവാദത്തിന്റെ അപകടം തിരിച്ചറിയാനോ പ്രതിവിപ്ലവത്തിന്റെ കാരണങ്ങൾ കണ്ടെത്താനോ കഴിയാതെപോയ കാര്യം വളരെമുമ്പുതന്നെ സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതുകൊണ്ടാണ്, സോവിയറ്റ് സോഷ്യലിസം തകർക്കപ്പെട്ടപ്പോൾ ഈ കമ്മ്യൂണിസ്റ്റ് പാർട്ടികൾ അന്ധാളിച്ചുപോകുകയും പ്രത്യയശാസ്ത്രപരമായ പാപ്പരത്തംമൂലം നിരാശയിലേയ്ക്കും തളർച്ചയിലേയ്ക്കും തകർച്ചയിലേയ്ക്കും കൂപ്പുകുത്തുകയും ചെയ്തത്. ഇന്ന് പല രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റ് എന്നവകാശപ്പെടുന്ന ചെറിയ പാർട്ടികളും ഗ്രൂപ്പുകളും ഉണ്ടെങ്കിലും മാർക്സിസം-ലെനിനിസത്തെക്കുറിച്ച് ഇന്നത്തെ സാഹചര്യത്തിന് നിരക്കുന്ന മൂർത്തമായ ധാരണയുടെ അഭാവംമൂലം പ്രത്യയശാസ്ത്രപരമായ പാപ്പരത്തം നേരിടുന്ന സംഘടനകളാണ് അവയെല്ലാം. സഖാവ് ശിബ്ദാസ് ഘോഷ് ആവിഷ്കരിച്ച മാർക്സിസത്തിന്റെ സമ്പുഷ്ടമായ ധാരണയുടെയും കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരണത്തിനുള്ള ലെനിനിസ്റ്റ് രീതിയുടെ വികസിത പ്രയോഗത്തിന്റെയും അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട നമ്മുടെ പാർട്ടിക്ക്, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിക്ക് മാത്രമാണ് ഈ പ്രതിസന്ധിയെ ശരിയായും ധീരമായും മറികടക്കാനായത്. സോഷ്യലിസ്റ്റ് വ്യവസ്ഥയിലും അന്തർദ്ദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലും വളർന്നുവരുന്ന വിപത്തിനെക്കുറിച്ച് അദ്ദേഹം മുന്നറിയിപ്പ് നൽകുകയും ആ സാഹചര്യത്തെ നേരിടുന്നതിനുള്ള ശക്തമായ പ്രത്യയശാസ്ത്രായുധം പ്രദാനം ചെയ്യുകയുമുണ്ടായി. അദ്ദേഹത്തിന്റെ അമൂല്യമായ പാഠങ്ങൾ പിന്തുടർന്ന നമ്മുടെ പാർട്ടിയെ ഈ പ്രതിസന്ധി ഒട്ടും ബാധിച്ചില്ല എന്നുമാത്രമല്ല, മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തയുടെയും തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയുടെയും പതാകയേന്തിക്കൊണ്ട് നമ്മുടെ പാർട്ടി രാജ്യമെമ്പാടും വളർന്നുകൊണ്ടിരിക്കുകയുമാണ്.

മഹാന്മാരായ മാർക്സും ഏംഗൽസും ചേർന്ന് രൂപംനൽകിയ രണ്ടാം ഇന്റർ നാഷണൽ, ഒന്നാം ലോകയുദ്ധ സമയത്ത് അധഃപതിക്കുകയും മാർക്സിസത്തിന്റെ അന്തഃസത്ത കൈവെടിഞ്ഞ് തിരുത്തൽ വാദികളുടെ താവളമായിത്തീരുകയും ചെയ്തകാര്യം ഓർമിക്കുമല്ലോ. ആ നിർണായക സന്ദർഭത്തിൽ മഹാനായ ലെനിൻ 2-ാം ഇന്റർ നാഷണലിലെ തിരുത്തൽവാദി നേതാക്കളെ പ്രത്യയശാസ്ത്രപരമായി പരാജയപ്പെടുത്തുകയും മാർക്സിസത്തിന്റെ വിപ്ലവസത്ത കാത്തുപുലർത്തുകയും ചെയ്തു. ആ പ്രക്രിയയിലൂടെ മാർക്സിസത്തെ കൂടുതൽ സമ്പുഷ്ടവും വികസിതവുമാക്കുകയും മുതലാളിത്തത്തിന്റെ പുതിയ ഘട്ടമായ സാമ്രാജ്യത്വ കാലഘട്ടത്തിന് നിരക്കുംപടി മാർക്സിസത്തിന്റെ ധാരണയെ പുതിയൊരു തലത്തിലേയ്ക്ക് ഉയർത്തുകയും ചെയ്തു. ഇതിനെയാണ് മഹാനായ സ്റ്റാലിൻ, 'സാമ്രാജ്യത്വത്തിന്റെയും തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെയും കാലഘട്ടത്തിലെ മാർക്സിസം' അഥവാ ലെനിനിസം എന്ന് വിളിച്ചത്. ഇത് വിജയകരമായി പ്രയോഗത്തിൽ വരുത്തിക്കൊണ്ട് റഷ്യയിൽ സോഷ്യലിസ്റ്റ് വിപ്ലവം പൂർത്തീകരിക്കുകയും സോവിയറ്റ് യൂണിയൻ നിലവിൽ വരികയുമുണ്ടായി. തുടർന്ന് ചൈനയിലും വിയറ്റ്നാമിലും ഉത്തരകൊറിയയിലും പൂർവ്വ യൂറോപ്പിലും വിപ്ലവം വിജയം വരിച്ചു. സോഷ്യലിസത്തിന്റെ ഉജ്ജ്വലവും ഗംഭീരവുമായ ഈ മുന്നേറ്റത്തിനിടയിൽ തിരുത്തൽവാദം തലപൊക്കുകയും ആത്യന്തികമായി ബൂർഷ്വാ പ്രതിവിപ്ലവം സോഷ്യലിസത്തെ തകർക്കുകയും ചെയ്തു.

ഇന്ന് വിവിധ രാജ്യങ്ങളിൽ നടക്കുന്ന വർഗ-ബഹുജന പ്രക്ഷോഭങ്ങളെ നയിക്കാനും അവയ്ക്ക് ശരിയായ മാർഗനിർദ്ദേശം നൽകാനും ആ രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടികൾ രൂപീകരിക്കുകയും അവയെ ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് അടിയന്തരാവശ്യകത. മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്ത ശരിയായി ഗ്രഹിക്കുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്തുകൊണ്ടുമാത്രമേ ഇന്നത്തെ നിർണായക സാഹചര്യത്തിൽ യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടികൾ രൂപീകരിക്കാനും അവയെ ശക്തിപ്പെടുത്താനും സാധിക്കൂ എന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. മാർക്സിസത്തിന്റെ ഈ ഉയർന്ന ധാരണ പകർന്ന് നൽകിക്കൊണ്ടും പ്രചരിപ്പിച്ചുകൊണ്ടും മറ്റു രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗത്തെ ഈ വിഷയത്തിൽ സഹായിക്കുക എന്നത് നമ്മുടെ അന്തർദ്ദേശീയ കടമയാണ്. ചരിത്രപരമായ ഈ കടമ പൂർത്തീകരിക്കുന്നതിനായി നമ്മുടെ പാർട്ടിയെ പ്രത്യയശാസ്ത്രപരമായും രാഷ്ട്രീയമായും സംഘടനാപരമായും ധാർമികമായും കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഈ കർത്തവ്യനിർവ്വഹണത്തിന്റെ നാന്ദികൂടിയാണ് പാർട്ടി കോൺഗ്രസ്സ്.

4. മുമ്പ്, വിശേഷിച്ച് രൂപീകരണ ഘട്ടത്തിലും തുടർന്ന് ഏതാനും ദശാബ്ദങ്ങളിലും, നമ്മുടെ പാർട്ടിയുടെ വളർച്ചയിൽ നിരവധി പ്രതിബന്ധങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയും തുടർന്ന് സിപിഐ(എം)ഉം ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് എന്നാണ് ജനങ്ങൾ ധരിച്ചിരുന്നത്. അവർക്ക് സമരോത്സുകമായ സ്വഭാവവും അന്നത്തെ അന്തർദ്ദേശീയ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിന്റെ പിന്തുണയുമുണ്ടായിരുന്നു. ആ നിർണായക ഘട്ടം മറികടക്കാൻ സഖാവ് ശിബ്ദാസ് ഘോഷിന് മാതൃകാപരമായൊരു പോരാട്ടംതന്നെ നയിക്കേണ്ടിവന്നു. ഇന്ന് സാഹചര്യം തികച്ചും വ്യത്യസ്തമാണ്. സിപിഐ(എം) ഇന്ന് ഏതാണ്ട് പൂർണമായിത്തന്നെ തുറന്നുകാട്ടപ്പെട്ടിരിക്കുന്നു. പഴയ സമരോത്സുകതയൊക്കെ അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ഭരണവർഗ്ഗത്തിന്റെ ആശീർവാദത്തോടെ തെരഞ്ഞെടുപ്പ് നേട്ടങ്ങൾ കൊയ്യാൻ അവർ ബൂർഷ്വാ പാർട്ടികളുമായി ചങ്ങാത്തം സ്ഥാപിക്കുകയാണ്. അവർ പ്രത്യയശാസ്ത്രപരമായി പാപ്പരാണ്. ജനങ്ങൾക്കുമുമ്പിൽ അവർ സ്വയം വിലയിടിക്കുകയാണ്. സിപിഐ(എം)ന്റെ അതേ പാത പിന്തുടരുന്ന സിപിഐ ആകട്ടെ വൃദ്ധരുടെ പാർട്ടിയായിത്തീർന്നിരിക്കുന്നു. ഇരുപാർട്ടികളും ജീർണതയുടെ പാതയിലാണ്. നമ്മുടെ പാർട്ടിയുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് പറ്റിയ സമയമാണിത്. നമ്മുടെ പാർട്ടിയുടെയും സഖാവ് ശിബ്ദാസ്ഘോഷിന്റെയും പേരുപോലും കേട്ടിട്ടില്ലാത്ത സംസ്ഥാനങ്ങളിലും സ്ഥലങ്ങളിലും, വലിയ പക്വതയൊന്നുമില്ലാത്ത സഖാക്കൾപോലും സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളുമായി ജനങ്ങളെ സമീപിക്കുമ്പോൾ, സത്യസന്ധരായ ഇടതുപക്ഷ ചിന്താഗതിക്കാരിൽനിന്നും ബുദ്ധിജീവികൾ, വിദ്യാർത്ഥികൾ, യുവാക്കൾ, തൊഴിലാളികൾ, കർഷകർ എന്നിവരിൽനിന്നുമൊക്കെ വളരെ ആവേശകരമായ പ്രതികരണമാണ് ലഭിക്കുന്നത്. ഈ സാഹചര്യം പ്രയോജനപ്പെടുത്തണമെങ്കിൽ, പുതിയ മേഖലകളിൽ പ്രവർത്തനം ആരംഭിക്കുന്നതിനായി, വിദ്യാർത്ഥികളും ചെറുപ്പക്കാരുമായ നിരവധി സഖാക്കളെ വിവിധ സംസ്ഥാനങ്ങളിൽ തെരഞ്ഞെടുത്ത്, അവർക്ക് ആവശ്യമായ പരിശീലനം നൽകി വികസിപ്പിച്ചെടുക്കണം. മൂന്നാം പാർട്ടി കോൺഗ്രസ്സിന്റെ തയ്യാറെടുപ്പ് പ്രവർത്തനങ്ങളിൽ അടിയന്തരവും സുപ്രധാനവുമായ ഈ കടമകൂടി ഉൾച്ചേർന്നിരിക്കുന്നു.

5. നമ്മുടേതുപോലെ ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഇന്നത്തെ അന്തർദ്ദേശീയ, ദേശീയ സാഹചര്യങ്ങൾ വളരെ നിർണായകമാണ്. ഒരു കാലത്ത് ശക്തമായിരുന്ന ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും സോഷ്യലിസ്റ്റ് ചേരിയും തകർക്കപ്പെട്ടിരിക്കുന്നു. എങ്ങും നിരാശ പടർന്നിരിക്കുന്നു. മാർക്സിസം-ലെനിനിസവും കമ്മ്യൂണിസ്റ്റ് ആശയങ്ങളും നിരന്തരമായ ആക്രമണത്തിനും വളച്ചൊടിക്കലുകൾക്കും വിധേയമായിക്കൊണ്ടിരിക്കുന്നു. ആദരണീയരായ മാർക്സിസ്റ്റ് ആചാര്യന്മാർ നിരന്തരം അപവാദ പ്രചാരണങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുന്നു. യുക്തിബോധവും ധാർമിക മൂല്യങ്ങളുമൊക്കെ തകർക്കപ്പെടുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ മാർക്സിസം-ലെനിനിസത്തിന്റെ, കമ്മ്യൂണിസത്തിന്റെ മഹനീയത കാത്തുപുലർത്തുകയും ഉയർത്തിപ്പിടിക്കുകയും ചെയ്യുക എന്നത് അടിയന്തരപ്രാധാന്യമുള്ളതും എന്നാൽ ഏറെ കഠിനതരവുമായ ഒരു കർത്തവ്യമാണ്. സുപ്രധാനമായ ഈ കടമ ചരിത്രം നമ്മുടെ ചുമലിലാണ് അർപ്പിച്ചിരിക്കുന്നത്. അതിന് വളരെ ഗൗരവാവഹവും അടിപതറാത്തതും നിശ്ചയ ദാർഢ്യത്തോടെയുള്ളതുമായ ഒരു സമരം ആവശ്യമുണ്ട്. സഖാക്കളുടെ പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവും സംഘടനാപരവും സദാചാരപരവും ധാർമികവുമായ നിലവാരമുയർത്തുന്നതിനുവേണ്ടി പാർട്ടിക്കുള്ളിൽ നടത്തേണ്ട ജീവന്മരണ പോരാട്ടമാണത്. ജീർണിച്ച മുതലാളിത്ത വ്യവസ്ഥയുടെ അടയാളങ്ങളുമായാണ് എല്ലാ സഖാക്കളും പാർട്ടിയിലേയ്ക്ക് വരുന്നത്. എന്നുമാത്രമല്ല, ജീർണമായ മുതലാളിത്ത സാഹചര്യമാണ് നമ്മുടെ ചുറ്റുമുള്ളത്. അത് അനുദിനം, അനുനിമിഷം നമ്മെ അധഃപതിപ്പിക്കുന്നു. വ്യക്തിവാദം, അഹന്ത, ആത്മപ്രശംസ, വിമർശകരോട് വിരോധം, സ്ഥാനമോഹം, ഉദ്യോഗസ്ഥ മനോഭാവം, കർത്തവ്യത്തോടും അച്ചടക്കത്തോടുമുള്ള അലംഭാവം, കേന്ദ്രീയതയെയും ആധികാരികതയെയും അംഗീകരിക്കാനുള്ള വൈമുഖ്യം, ആഡംബര പ്രേമം, ഉപഭോക്തൃ തൃഷ്ണ, പ്രണയത്തിലും രതിയിലും സദാചാരം കൈവെടിയൽ, കുടുംബത്തോടുള്ള ദൗർബല്യം തുടങ്ങിയവയിലേയ്ക്കെല്ലാം വഴുതിവീഴാൻ അത് ഇടയാക്കുന്നു. സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങൾ പിന്തുടരുന്നതിൽ നിരന്തര ജാഗ്രത പുലർത്തിയില്ലെങ്കിൽ ഈ ബൂർഷ്വാ തിന്മകൾക്കൊക്കെ നമ്മൾ ഇരയായിത്തീരാം. മരണത്തോടടുക്കുന്ന മുതലാളിത്ത വ്യവസ്ഥയുടെ സർവ്വാംഗീണമായ ജീർണതയുടെ ഈ കാലയളവിൽ, ഒളിഞ്ഞും തെളിഞ്ഞുമുള്ള ബൂർഷ്വാ ആക്രമണങ്ങളെ ചെറുക്കാനും കമ്മ്യൂണിസ്റ്റ് സ്വഭാവം ആർജിക്കാനും അത് സംരക്ഷിക്കാനുമൊക്കെ കഠിനതരമായ സമരം ആവശ്യമാണെന്ന കാര്യം ഒരിക്കലും മറക്കരുത്. ഒരു നിമിഷനേരത്തെ ജാഗ്രതക്കുറവും അലംഭാവം അല്ലെങ്കിൽ വിട്ടുവീഴ്ചയും മതി, ആർജിച്ച ഉന്നത നിലവാരത്തിൽനിന്ന് താഴേയ്ക്ക് പതിക്കാൻ. അതുകൊണ്ടുതന്നെ, ലൈംഗികതയടക്കം ജീവിതത്തിന്റെ സമസ്ത മേഖലകളിലും സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങൾ പിന്തുടർന്നുകൊണ്ടുള്ള നിരന്തര സമരം അനിവാര്യതയാണ്. പാർട്ടി സംഘടന അടിമുടി അഴിച്ചുപണിത് പുതുജീവൻ നൽകേണ്ടത് ഈ പോരാട്ടത്തിന് അത്യന്താപേക്ഷിതമാണ്. രക്തസാക്ഷിത്വം, പ്രായാധിക്യം, രോഗം എന്നിവയൊക്കെ മൂലം പല തലങ്ങളിലുള്ള, പ്രായംചെന്നവരും ചെറുപ്പക്കാരുമായ നിരവധി വിലപ്പെട്ട നേതാക്കളെയും സംഘാടകരെയും ഇതിനകംതന്നെ പാർട്ടിക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. ചിലർ വൃദ്ധരായി, ചിലർ ശാരീരികമായി അവശരായി, ചിലർ മുൻകൈയെടുക്കുന്നതിൽ വിട്ടുവീഴ്ചയും അലംഭാവവും കാണിച്ചു. ഇതുമൂലം എല്ലാ തലങ്ങളിലുമുള്ള പാർട്ടി ഘടകങ്ങൾ പുനസംഘടിപ്പിക്കുകയും ചുറുചുറുക്കും പ്രാപ്തിയുമുള്ള പുതിയ സഖാക്കൾക്ക് ഉയർന്ന ഉത്തരവാദിത്വങ്ങൾ നൽകുകയും ചെയ്യേണ്ടത് ആവശ്യമായിവന്നു. ഈ കർത്തവ്യംകൂടി ലക്ഷ്യം വച്ചുകൊണ്ടാണ് മൂന്നാംപാർട്ടി കോൺഗ്രസ്സ് ചേരുന്നത്.

ഈ പശ്ചാത്തലവും മുന്നിലുള്ള കടമകളും ശരിയാംവണ്ണം മനസ്സിലാക്കിക്കൊണ്ട് മൂന്നാംപാർട്ടി കോൺഗ്രസ്സ് വിജയിപ്പിക്കുന്നതിനായി എല്ലാ തലങ്ങളിലുമുള്ള സഖാക്കൾ മുന്നിട്ടിറങ്ങുമെന്ന് ഞാൻ പ്രത്യാശിക്കുന്നു●

# ആസാമിലെ ദേശീയ പൗരത്വ രജിസ്റ്റർ: യഥാർത്ഥ ലക്ഷ്യമെന്ത്?

**ദേശീയ പൗരത്വ രജിസ്റ്റർ വലിയ വിവാദത്തിനും ആശങ്കയ്ക്കും ഇടവരുത്തിയിരിക്കുന്ന പശ്ചാത്തലത്തിൽ അതിന്റെ പിന്നിലെ ഗൂഢലക്ഷ്യങ്ങൾ തിരിച്ചറിയുന്നതിനായി എസ്‌യുസിഐ കമ്മ്യൂണിസ്റ്റ് കേന്ദ്ര മുഖപത്രം 'പ്രോലിറ്റേറിയൻ ഇറ' 2018 മാർച്ച് 15 ലക്കം പ്രസിദ്ധീകരിച്ച ലേഖനം ഇവിടെ പരിഭാഷ ചെയ്ത് ചേർക്കുകയാണ്. എസ്‌യുസിഐ കമ്മ്യൂണിസ്റ്റ് കേന്ദ്രക്കമ്മിറ്റി നൽകിയ മുന്നറിയിപ്പുകൾ എത്രമാത്രം ഉൾക്കാഴ്ചയോടെയുള്ളതായിരുന്നു എന്ന് ഈ ലേഖനം വെളിവാക്കുന്നു.**



ഒടുവിൽ, സുപീംകോടതിയുടെ നിർദ്ദേശപ്രകാരം ആസാമിലെ ദേശീയ പൗരത്വ രജിസ്റ്ററിന്റെ ആദ്യ കരട് 2017 ഡിസംബർ 31ന് പുറത്തിറക്കിയിരിക്കുന്നു. സുപ്രീംകോടതിയുടെ മേൽനോട്ടത്തിൽ രജിസ്റ്റർ ജനറൽ ഓഫ് ഇന്ത്യയാണ് മൂന്നുവർഷം നീണ്ട പ്രക്രിയയിലൂടെ ഇത് പുതുക്കിയത്. പേര് ചേർക്കാൻ അപേക്ഷ നൽകിയ 3.29കോടി ആളുകളിൽനിന്ന് 1.9കോടി മാത്രം ഉൾപ്പെടുത്തി 1.39 കോടി ആളുകളെ തഴഞ്ഞു. മത-ഭാഷാ ന്യൂനപക്ഷങ്ങളിൽപ്പെട്ടവരാണ് ഇതിൽ ബഹുഭൂരിപക്ഷവും. ആസാമീസ് സംസാരിക്കുന്നവരും ഉത്തര ആസാം മേഖലയിലുള്ളവരുമായ 90 ശതമാനത്തോളംപേർ ലിസ്റ്റിൽ ഇടംപിടിച്ചപ്പോൾ, മദ്ധ്യ-ദക്ഷിണ ആസാമിൽ അത് 40 ശതമാനത്തിൽ താഴെ മാത്രമാണ്. ബംഗാളി സംസാരിക്കുന്നവർ ഭൂരിപക്ഷമുള്ള ബാരക് താഴ്‌വരയിലാണ് ഇത് ഏറ്റവും കുറവ്. എംഎൽഎമാർ, എംപിമാർ, മുൻ എംഎൽഎമാർ, മുൻ എംപിമാർ, സർക്കാർ ഉദ്യോഗസ്ഥർ, സൈനികർ തുടങ്ങി ന്യൂനപക്ഷവിഭാഗങ്ങളിൽപെട്ട പ്രമുഖർ പോലും പുറംതള്ളപ്പെട്ടിരിക്കുന്നു. ആരും ഖേദിക്കണ്ടെന്നും ലിസ്റ്റ് വരുമ്പോൾ യഥാർത്ഥ പൗരന്മാരൊക്കെ അതിൽ ഉണ്ടാകുമെന്നുമായിരുന്നു അധികാരികൾ പറഞ്ഞിരുന്നത്. എന്നാൽ കേന്ദ്രാനുമതിയോടെ 85 കമ്പനി അർദ്ധ സൈനികവിഭാഗങ്ങളെ നിയോഗിച്ചുകൊണ്ട് അസംതൃപ്തരായ ജനങ്ങളെ കൈകാര്യം ചെയ്യാനുള്ള തയ്യാറെടുപ്പാണ് സംസ്ഥാന സർക്കാർ നടത്തിയത്. ലക്ഷക്കണക്കിന് ആളുകൾ പരിഭ്രാന്തരായി കഴിയുമ്പോൾ ബിജെപി മുഖ്യമന്ത്രി പ്രഖ്യാപിച്ചത് ലിസ്റ്റിൽ ഇല്ലാത്തവരെയെല്ലാം വിദേശികളായി കണക്കാക്കുമെന്നും അവർക്ക് വോട്ടവകാശമോ മറ്റ് പൗരാവകാശങ്ങളോ ഉണ്ടായിരിക്കുകയില്ലെന്നും ഭക്ഷണം, പാർപ്പിടം, തൊഴിൽ എന്നിവയ്ക്കു മാത്രമേ അവകാശമുണ്ടായിരിക്കൂ എന്നുമാണ്. ദീർഘകാലമായി ജനങ്ങളെ മത-ഭാഷാ പരിഗണനകളുടെ അടിസ്ഥാനത്തിൽ വിഭജിക്കാൻ ശ്രമിക്കുന്ന കടുത്ത പ്രാദേശികവാദ ശക്തികളെ പ്രീണിപ്പിച്ചുകൊണ്ടുള്ള സർക്കാരിന്റെ ഈ നടപടി, മുതലാളിത്തവ്യവസ്ഥ സൃഷ്ടിക്കുന്ന നീറുന്ന ജീവിതപ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ജനങ്ങളുടെ യോജിച്ച മുന്നേറ്റങ്ങളെ തകർക്കാൻ ഉന്നംവച്ചുള്ളത് തന്നെയാണ്.

### ആസാമിൽ മാത്രം എന്തുകൊണ്ട് പൗരത്വം പുതുക്കൽ

1955ലെ പൗരത്വനിയമത്തിന്റെ വകുപ്പ് 18(4) പ്രകാരം ദേശീയ പൗരത്വ രജിസ്റ്റർ തയ്യാറാക്കാൻ വ്യവസ്ഥയുണ്ട്. സെൻസസ് തയ്യാറാക്കുന്നതുപോലെ മുഴുവൻ വീടുകളും സന്ദർശിച്ച് എല്ലാ യഥാർത്ഥ പൗരൻമാരെയും ഉൾപ്പെടുത്തിയാണ് ഇത് ചെയ്യേണ്ടത്. എന്നാൽ, ആസാമിൽ 1951ൽ ഒരു രജിസ്റ്റർ തയ്യാറാക്കിയതല്ലാതെ ഇന്ത്യയിൽ ഒരിടത്തും ഇതുണ്ടായിട്ടില്ല. ആസാമിൽ ലക്ഷക്കണക്കിന് വിദേശികൾ നുഴഞ്ഞുകയറി താമസിക്കുന്നു എന്നു പറഞ്ഞുകൊണ്ടാണ് പാർലമെന്റിനെ മറികടന്ന്, ഒരു സർക്കാർ ഉത്തരവിലൂടെ 4-ാം ഉപവകുപ്പ് ഭേദഗതിചെയ്ത് 4എ ഉൾപ്പെടുത്തിയത്. ഭരണഘടനപ്രകാരം ഇതിന് പാർലമെന്റിന്റെ അംഗീകാരം വേണ്ടതാണ്. എന്നാൽ ഇവിടെ ഗൂഢോദ്ദേശത്തോടെ ഭരണഘടനയെ അട്ടിമറിച്ചിരിക്കുന്നു. എന്നുമാത്രമല്ല, വീടുകളിൽ ചെന്ന് ആളുകളെ ഉൾപ്പെടുത്തുന്നതിന് പകരം എല്ലാവരും അപേക്ഷ നൽകണം എന്ന നിബന്ധനയും ഏർപ്പെടുത്തിയിരിക്കുന്നു. രണ്ട് രേഖകളെ ആധാരമാക്കിയാകും ലിസ്റ്റ് തയ്യാറാക്കുക എന്നും പ്രഖ്യാപിച്ചു. ഒന്ന്, 1951ലെ പൗരത്വരജിസ്റ്റർ, രണ്ട്, 1971 മാർച്ച് 25നുമുമ്പുള്ള ഏതെങ്കിലും വോട്ടേഴ്സ് ലിസ്റ്റ്. ആസാമിലെ എല്ലാ ജില്ലകളിലും ഈ രേഖകൾ നിലവിലില്ല. 1951ലെ ലിസ്റ്റിലുള്ള പലരും മരിച്ചുകഴിഞ്ഞു. ഇവരുമായുള്ള ബന്ധം എങ്ങനെയാണ് ഒരാൾ തെളിയിക്കുക? ലിസ്റ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽതന്നെ നമ്മുടെ പാർട്ടി ഈ ബുദ്ധിമുട്ടുകൾ ചൂട്ടിക്കാണിച്ചിരുന്നു. എന്നാൽ അഖില ആസാം സ്റ്റുഡന്റ്സ് യൂണിയൻ (ആസു) പോലുള്ള സങ്കുചിത ശക്തികളെ തൃപ്തിപ്പെടുത്താൻ ഇറങ്ങിത്തിരിച്ചിരിക്കുന്ന കേന്ദ്രസംസ്ഥാന സർക്കാരുകൾ അത് കേട്ടതായി ഭാവിച്ചില്ല. ലോകത്തൊരിടത്തും കേട്ടുകേൾവിപോലുമില്ലാത്ത അസംബന്ധനിർദ്ദേശങ്ങൾ പോലും അവർ ഉൾപ്പെടുത്തി.

വിഷയം കൂടുതൽ വ്യക്തമാക്കുന്നതിനായി അൽപം ചരിത്രം പരിശോധിക്കാം. ആസാമിലെ അവിടുത്തെ ഗോൽപാറ ജില്ല ബ്രിട്ടീഷ് ഭരണകാലത്ത് അവിഭക്ത ബംഗാളിന്റെ ഭാഗമായിരുന്നു. ഇപ്പോഴത്തെ ദൂബ്രി, ഗോൽപാറ, കോക്‌രാജ്പൂർ, ബോരഗൈഗാവോ, ബക്ഷ തുടങ്ങിയ ജില്ലകളും മറ്റുചില പ്രദേശങ്ങളും ഇതിൽ ഉൾപ്പെട്ടിരുന്നു. 1912ൽ ആണ് അവിഭക്ത ഗോൽപാറ ജില്ലയും സിൽഹത് ജില്ലയും ആസാമിൽ ഉൾപ്പെടുത്തിയത്. അന്ന് മുസ്ലീം വിഭാഗത്തിൽപെട്ട ദരിദ്ര ഭൂരഹിത കർഷകർ വൻതോതിൽ അവിഭക്ത ബംഗാളിൽനിന്ന് മറ്റുജില്ലകളിലേയ്ക്കും മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും വന്ന് താമസിച്ചിട്ടുണ്ട്. എല്ലാം ബ്രിട്ടീഷ് ഇന്ത്യയ്ക്കുള്ളിൽതന്നെ ആയിരുന്നതിനാൽ ഇതിനെ കുടിയേറ്റമായി കാണാനാകില്ല, അത് അസംബന്ധമാണ്. ഒരു രാജ്യത്തുനിന്ന് മറ്റൊന്നിലേയ്ക്ക് മാറി സ്ഥിരതാമസം നടത്തുന്നവരെയെ കുടിയേറ്റക്കാരായി കാണാനാകൂ. അദ്ധ്വാനശീലരായ ഈ കർഷകർ അവിഭക്ത ഗോൽപാറ ജില്ലയിലേയ്ക്ക് വരുന്നത് അന്ന് അവിടുത്തെ ജന്മിമാർ പ്രോത്സാഹിപ്പിച്ചിരുന്നു. കൃഷി ചെയ്യാതെ കിടന്ന പ്രദേശങ്ങൾ കൃഷിക്കളങ്ങളാക്കി മാറ്റുന്നതിനുവേണ്ടിയായിരുന്നു ഇത്. മുസ്ലീംവിഭാഗത്തിൽപ്പെട്ട, ബംഗാളി സംസാരിക്കുന്ന ഇവർ കഠിനാദ്ധ്വാനം ചെയ്ത് തരിശുഭൂമികളും ചതുപ്പു നിലങ്ങളുമൊക്കെ കൃഷിയിടങ്ങളാക്കി. ആസാമീസ് സംസാരിക്കുന്ന സാധാരണ ജനങ്ങൾ അവരെ ഹൃദയംഗമമായി സ്വീകരിച്ച് ഒരുമയോടെ കഴിഞ്ഞു. സിൽഹത് ജില്ലയും ആസാമിനോട് ചേർത്തെങ്കിലും വിഭജനത്തെത്തുടർന്ന് അത് കിഴക്കൻ പാകിസ്ഥാന്റെ ഭാഗമായി. അന്ന് വലിയൊരു വിഭാഗം ഹിന്ദുക്കൾ സിൽഹത് വിട്ട് ആസാമിലേയ്ക്ക് വന്നു. ഇന്ന്, പ്രാദേശികവാദികൾ 70ലക്ഷത്തോളംവരുന്ന ബംഗാളി സംസാരിക്കുന്ന ഇവരെ 'വിദേശ ബംഗ്ലാദേശികൾ' എന്ന് മുദ്രകുത്തിക്കൊണ്ട് നാടുകടത്താൻ ശ്രമിക്കുകയാണ്. വിചിത്രമായ ഉപാധികൾ വച്ചുകൊണ്ട് ആസാമിൽ ഒരു പൗരത്വരജിസ്റ്റർ തയ്യാറാക്കാൻ തുനിഞ്ഞിരിക്കുന്നത് ഈ പശ്ചാത്തലത്തിൽ ആണ്.

ആസാം വടുക്കുകിഴക്കൻ മേഖലയിൽ ഭൂമിശാസ്ത്രപരമായും സാംസ്കാരികമായും ഏറെ പ്രത്യേകതകളുള്ള ഒരു സംസ്ഥാനമാണ്. സ്വാതന്ത്ര്യാനന്തരം സങ്കുചിത പ്രാദേശികവാദം ശക്തിപ്പെടുകയും ന്യൂനപക്ഷങ്ങൾക്കുമേൽ ആസാമീസ് ഭാഷയും സംസ്കാരവും അടിച്ചേൽപ്പിക്കാൻ ശ്രമിക്കുകയും ചെയ്തപ്പോൾ അവർ എതിർത്തു. അവർ ആസാമിൽനിന്ന് വേറിട്ടുപോകണം എന്ന ആവശ്യമുയർത്തി. അങ്ങനെയാണ് നാഗാലാന്റ്, മിസോറാം, മേഘാലയ എന്നീ സംസ്ഥാനങ്ങൾ ആസാമിനെ വിഭജിച്ച് രൂപം നൽകിയത്. എന്നുമാത്രമല്ല, ആസാമീസ് ഭാഷയും സംസ്കാരവും അടിച്ചേൽപ്പിക്കാൻ ശ്രമിച്ചതുമൂലം ചില വിഭാഗങ്ങൾ ആസാംകാരല്ലെന്ന നിലപാട് സ്വീകരിക്കുകയും പ്രത്യേക നിലനിൽപ്പ് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. 1961ൽ ഇത്തരത്തിലുള്ള അടിച്ചേൽപ്പിക്കൽ ബാരക് താഴ്‌വരയിൽ നടന്നപ്പോൾ ബംഗാളി സംസാരിക്കുന്നവർ ഭൂരിപക്ഷമുള്ള അവിടെ വലിയ പ്രക്ഷോഭം ഉണ്ടായി. 11 പേർ വെടിവയ്പിൽ മരിച്ചു. ഒടുവിൽ ഗവൺമെന്റ് ഉത്തരവ് പിൻവലിച്ച് ബംഗാളി ഔദ്യോഗിക ഭാഷയായി നിലനിർത്തേണ്ടിവന്നു.



പ്രതിഷേധ ദിനാചരണത്തിന്റെ ഭാഗമായി ആലപ്പുഴ ഹെഡ് പോസ്റ്റ് ഓഫീസിലേയ്ക്ക് നടന്ന പ്രതിഷേധ മാർച്ച് സംസ്ഥാന കമ്മിറ്റിയംഗം എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു

### സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക പശ്ചാത്തലം

ഇന്ത്യയുടെ ഒരു ചെറിയ പതിപ്പ് എന്നാണ് ആസാം അറിയപ്പെടുന്നത്. അവിടുത്തെ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ -സാംസ്കാരിക സാഹചര്യം ഏതാണ്ട് രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലേതുപോലെതന്നെയാണ്.

ലോകമുതലാളിത്തം പിന്തിരിപ്പനായി തീർന്ന ശേഷമാണ് ഇന്ത്യയിൽ സ്വാതന്ത്ര്യ സമരം ശക്തിപ്പെടുന്നത്. അതുകൊണ്ടാണ് ഇന്ത്യൻ മുതലാളിവർഗ്ഗം, സ്വാതന്ത്ര്യസമരം കൊടുമ്പിരിക്കൊണ്ടിരിക്കുമ്പോഴും മതപരമായ ആശയങ്ങളോടും പിന്തിരിപ്പനും വിഭാഗീയവുമായ ജന്മിത്ത ആശയങ്ങളുമായും സന്ധിമനോഭാവം പുലർത്തിയത്. അതുകൊണ്ടുതന്നെ സമൂഹത്തിന്റെ ജനാധിപത്യവത്ക്കരണം അപൂർണ്ണമായി. തത്ഫലമായി ജാതി, മതം, ഭാഷ, വംശം തുടങ്ങിയവയുടെയൊക്കെ പേരിലുള്ള വിഭാഗീതയതകൾ നിലനിന്നു. ഹിന്ദുവെന്നും മുസ്ലീം എന്നുമുള്ള ബോധം, ഉയർന്ന ജാതി-താഴ്ന്ന ജാതി മനോഭാവം, ആസാംകാരും ബംഗാളികളുമെന്ന വേർതിരിവ് തുടങ്ങിയവയുടെ രൂപത്തിൽ അത് തുടർന്നു. ഇതേക്കുറിച്ച് സഖാവ് ശിബ്ദാസ്ഘോഷ് ഇപ്രകാരം നിരീക്ഷിക്കുന്നു. 'രാഷ്ട്രീയമായി ഇന്ത്യ ഒരു സ്വതന്ത്രരാജ്യമായെങ്കിലും സാംസ്കാരികമായി അത് വിഭജിതമായി നിലകൊണ്ടു.' സ്വാതന്ത്ര്യസമരം ഉയർന്ന സാംസ്കാരിക-നൈതിക മൂല്യങ്ങളുടെ അടിത്തറയിൽ ശക്തവും ഏകോപിതവുമായി മുന്നേറിയിരുന്നുവെങ്കിൽ ഈ ദുഃസ്ഥിതി വരില്ലായിരുന്നു. സ്വാതന്ത്ര്യാനന്തരമാകട്ടെ ഈ വിഭാഗീയതകൾ പരിഹരിക്കാൻ ശ്രമിക്കുന്നതിന് പകരം ഇടുങ്ങിയ വർഗ്ഗതാൽപര്യം മുൻനിർത്തി മുതലാളിത്ത ഭരണാധികാരികൾ അതിനെയെല്ലാം പ്രോത്സാഹിപ്പിക്കുകയും ഊട്ടിവളർത്തുകയുമാണ് ഉണ്ടായത്. ഈ വിഭജനങ്ങളുടെ പേരിൽ ജനങ്ങളെ അവർ ഭ്രാതൃഹത്യകളിലേയ്ക്ക് തള്ളിവിടുകയും ചെയ്യുന്നു. ചൂഷിതരുടെ അനൈക്യം മുതലാളിത്തവാഴ്ച സുഗമമാക്കുമല്ലോ. അന്ന് ആസാമിൽ സ്വാധീനം ഉണ്ടായിരുന്ന സിപിഐ, സിപിഐ(എം), ആർസിപിഐ പോലുള്ള ഇടത് എന്നവകാശപ്പെട്ട പാർട്ടികൾ ഈ സങ്കുചിത പ്രാദേശിക വാദത്തിന്റെ അപകടം തിരിച്ചറിഞ്ഞില്ല എന്നുമാത്രമല്ല തെരഞ്ഞെടുപ്പ് നേട്ടം മുൻനിർത്തി അതിന് സ്വയം വിധേയമാകുക കൂടി ചെയ്തു.

### ആസാമിലെ സാമ്പത്തിക രാഷ്ട്രീയ സാഹചര്യം ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ നിന്ന് ഒട്ടും വ്യത്യസ്തമല്ല

മുതലാളിത്ത ഇന്ത്യയെ ഗ്രസിച്ചിട്ടുള്ള വ്യാധികളായ തൊഴിലില്ലായ്മ, വിലക്കയറ്റം, വിദ്യാഭ്യാസത്തിന്റെയും ആരോഗ്യപരിപാലനത്തിന്റെയും പരാധീനത, കർഷകരുടെ ദുരിതങ്ങൾ, വ്യവസായവത്ക്കരണത്തിന്റെ അപര്യാപ്തത, തൊഴിൽ നഷ്ടം, അഴിമതി, സാംസ്കാരിക അധഃപതനം തുടങ്ങിയവയൊക്കെ ആസാമിനെയും വെറുതെവിട്ടില്ല. പ്രകൃതിവിഭവങ്ങളും വിലകുറഞ്ഞ അദ്ധ്വാനവും ലഭ്യമാണെങ്കിലും സ്വതന്ത്ര ഇന്ത്യ 70വർഷം പിന്നിട്ടിട്ടും മൂന്ന് എണ്ണശുദ്ധീകരണ ശാലകളല്ലാതെ കാര്യമായ വ്യവസായങ്ങളൊന്നും ആരംഭിച്ചിട്ടില്ല. ജനങ്ങളുടെ സമരത്തെത്തുടർന്നാണ് മൂന്ന് പേപ്പർ മില്ലുകൾ സ്ഥാപിച്ചത്. മൂന്നും ഇപ്പോൾ അടഞ്ഞുകിടക്കുന്നു. ബ്രിട്ടീഷുകാരുടെ കാലത്ത് ആരംഭിച്ച തീപ്പെട്ടി കമ്പനിയും അടഞ്ഞു. അന്നത്തെ തേയില തോട്ടങ്ങളും നിശ്ചലമായിക്കൊണ്ടിരിക്കുകയാണ്. തൊഴിലാളികൾ തെരുവിലെറിയപ്പെടുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട ജീവിത നിലവാരം ഉണ്ടായിരുന്നു ഇവിടെ. ഇന്ന് സാധാണക്കാരുടെ സ്ഥിതി ദയനീയമാണ്. ഭൂരഹിതകർഷകർ ബ്രിട്ടീഷ് ഇന്ത്യയിൽ ഉണ്ടായിരുന്നില്ല. ഇന്ന് അവരുടെ എണ്ണം പെരുകുകയാണ്, പണമില്ലാത്തതിനാൽ കർഷകർ കൃഷിചെയ്യുന്നില്ല. കാർഷികോൽപ്പാദനം ഇടിയുകയാണ്. ഭക്ഷ്യസ്വയംപര്യാപ്തതയുണ്ടായിരുന്ന ആസാം ഇന്ന് നെല്ലും ഗോതമ്പുമൊക്കെ ഇറക്കുമതി ചെയ്യുന്നു. മരണാസന്ന മുതലാളിത്തമാണ് എല്ലാത്തിനും കാരണം. വിഭാഗീയ ചിന്താഗതികൾ നിരന്തരം വളർത്തിയെടുക്കുന്നതുമൂലം ജനങ്ങൾക്ക് യോജിച്ചുനിന്ന് ജീവിത പ്രശ്നങ്ങൾക്ക് എന്തെങ്കിലും പരിഹാരം ഉണ്ടാക്കാൻവേണ്ടി പൊരുതാനാകുന്നില്ല. സാമൂഹ്യ അന്തരീക്ഷവും അടിക്കടി വഷളാകുന്നു. മറുവശത്ത് സങ്കുചിത പ്രാദേശിക വാദശക്തികൾ ജനങ്ങളുടെ അസംതൃപ്തി മുതലെടുത്ത് അവരെ വഴി തെറ്റിക്കുന്നു. ആസാം ജനതയുടെ എല്ലാ പ്രശ്നങ്ങൾക്കും കാരണം ഇന്ത്യയുടെ ഇതരഭാഗങ്ങളിൽനിന്നും മറ്റ് രാജ്യങ്ങളിലേയ്ക്കുള്ള ആളുകളുടെ ഒഴുക്കാണ് എന്നവർ പ്രചരിപ്പിക്കുന്നു.

### പ്രാദേശികവാദികളുടെ പൊള്ളയായ അവകാശവാദം

ജനങ്ങളുടെ ഈ ഒഴുക്കിന്റെ സത്യസ്ഥിതി പരിശോധിച്ചാൽ, പ്രാദേശികവാദികളുടെ അവകാശങ്ങൾ

*(ശേഷം 7-ാം പേജിൽ)*

**ദേശീയ പൗരത്വ രജിസ്റ്റർ**

# ആഗസ്റ്റ് 8 – അഖിലേന്ത്യാ പ്രതിഷേധ ദിനം

(6-ാം പേജിൽ നിന്ന്)

പൊള്ളയാണ് എന്നു കാണാം. 1911 ലെയും 21ലെയും സെൻസസ് പ്രകാരം ആസാമീസ് സംസാരിക്കുന്നവർ യഥാക്രമം 15 ലക്ഷവും 17 ലക്ഷവുമാണ്. ഇത് ആകെ ജനസംഖ്യയുടെ പകുതിയിൽതാഴെ മാത്രമാണ്. 1931ലെ സെൻസസ് പ്രകാരം അത് 31.4ശതമാനം മാത്രമാണ്. ഇവിടെ, 1951ൽ ആസാമിലെ സെൻസസിന് നേതൃത്വം വഹിച്ച വാഗൈവാലയുടെ അഭിപ്രായം ശ്രദ്ധേയമാണ്. അദ്ദേഹം പറയുന്നു, "ആസാമീസ് സംസാരിക്കുന്നവരുടെ എണ്ണത്തിൽ പ്രകടമായ വർദ്ധനയുണ്ടായിട്ടുണ്ട്. 1931ൽ 31.4ശതമാനമായിരുന്നത് 1951ൽ 56.7 ശതമാനമായി കുത്തനെ ഉയർന്നു. എന്നാൽ മറ്റെല്ലാ ഭാഷാവിഭാഗങ്ങളുടെയും കാര്യത്തിൽ കുത്തനെയുള്ള ഇടിവാണുണ്ടായിരിക്കുന്നത്. അവരെല്ലാം ആസാമീസ് സംസാരിക്കുന്ന വിഭാഗത്തിലെത്തി. ആസാമിൽ നിലനിൽക്കുന്ന ആക്രമണോത്സുകമായ ഭാഷാ-പ്രാദേശിക വാദവും, ആസാമീസ് ഭാഷ മാതൃഭാഷയായി സ്വീകരിക്കാൻ മുസ്ലീങ്ങളും തേയിലത്തോട്ടം തൊഴിലാളികളും മറ്റും കാണിച്ച സന്നദ്ധതയുമാണ് ഈ കണക്കുകളിലൂടെ വ്യക്തമാകുന്നത്.

ആസാമിലെ ചില പ്രമുഖവ്യക്തിത്വങ്ങളും ബുദ്ധിജീവികളുമൊക്കെ ഉദാരസമീപനം പുലർത്തിയിരുന്നെങ്കിലും വിദ്യാസമ്പന്നരും രാഷ്ട്രീയക്കാരുമായ പലരുടെയും സമീപനം അങ്ങനെയല്ല. 1946 മെയ് മാസത്തിൽ ഗോപിനാഥ് ബോർദലോയ് ഗവൺമെന്റ് ദക്ഷിണ ആസാമിലെ മുസ്ലീം കർഷകരെ ബലം പ്രയോഗിച്ച് ഒഴിപ്പിക്കുന്ന നടപടി സ്വീകരിച്ചു. സ്വതന്ത്ര ഇന്ത്യയിലും ഇത്തരം നടപടികൾ തീർത്തും ഇന്ത്യക്കാരായ ഇവർക്കെതിരെ നടന്നു. തത്ഫലമായി ലക്ഷക്കണക്കിന് മുസ്ലീം കർഷകർ ആസാം വിട്ടുപോകാൻ നിർബന്ധിതരായി. സ്വാതന്ത്ര്യം ലഭിച്ച് മൂന്നുവർഷം കഴിഞ്ഞപ്പോഴേയ്ക്കും ബോർദലോയ് സർക്കാർ കുടിയേറ്റ നിയമം(ആസാമിൽ നിന്ന് പുറംതള്ളൽ)1950 ആവിഷ്കരിച്ച് നടപ്പിലാക്കാൻ തുടങ്ങി. ഈ നിയമം കരുവാക്കിക്കൊണ്ട് ലക്ഷക്കണക്കിന് യഥാർത്ഥ ഇന്ത്യൻ പൗരന്മാരായ മുസ്ലീങ്ങളെ ആസാമിൽ നിന്ന് ആട്ടിയോടിച്ചു. 1947ലെ വിഭജന സമയത്ത് രാജ്യമാകെ ഹിന്ദു-മുസ്ലീം വർഗ്ഗീയ കലാപങ്ങൾക്ക് ഇരയായപ്പോഴും ചില ദേശീയ നേതാക്കളുടെ പ്രചാരണത്തിന്റെ ഫലമായി ആസാമിൽ സമാധാനവും സൗഹാർദ്ദവും പുലർന്നിരുന്നു എന്ന കാര്യം വിസ്മരിക്കരുത്. എന്നാൽ 1950 മാർച്ച് മാസത്തിൽ കിഴക്കൻ പാകിസ്ഥാനിൽ ഹിന്ദുക്കളെ കൊലചെയ്ത സംഭവത്തോടുള്ള പ്രതികാരമെന്നോണം ഒരു ഹിന്ദു-മുസ്ലീം കലാപം ആസാമിൽ ഉണ്ടായി. 'കുടിയേറ്റ നിയമം(പുറത്താക്കൽ)1950', 'പാകിസ്ഥാൻകാർ ഇന്ത്യയിലേയ്ക്ക് നുഴഞ്ഞുകയറൽ തടയൽനിയമം' തുടങ്ങിയ നിയമങ്ങൾ നിലവിൽവന്നതോടെ മതന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന യഥാർത്ഥ ഇന്ത്യൻ പൗരന്മാരെ അധിക്ഷേപിക്കാനും പീഡിപ്പിക്കാനും ഒരു വടി കിട്ടിയ മാതിരിയായി. മുസ്ലീങ്ങളെ എവിടെ കണ്ടാലും പാകിസ്ഥാനി നുഴഞ്ഞുകയറ്റക്കാരാണോ എന്ന് ചോദ്യം ചെയ്യുന്ന സ്ഥിതിയായി. ഉറങ്ങിക്കിടക്കുന്നവരെ പോലീസ് പിടികൂടി അതിർത്തി കടത്തിവിടുന്നത് സാഹചര്യം കൂടുതൽ വഷളാക്കി.

**ആസാം പ്രക്ഷോഭം(1979-85)**

മുസ്ലീങ്ങൾക്ക് അനുഭവിക്കേണ്ടിവന്ന ദുരിതങ്ങൾക്കും നിർബന്ധിത നാടുകടത്തലിനുമൊന്നും ഒരു ശമനവുമുണ്ടായില്ല. 1978ൽ കോൺഗ്രസിനെ പരാജയപ്പെടുത്തി ഗോലബ് ബാർബറ ഒരു ജനതാ ഗവൺമെന്റ് സ്ഥാപിച്ചു. സ്വാതന്ത്ര്യാനന്തരം ആസാമിൽ സ്ഥാപിക്കപ്പെട്ട ആദ്യത്തെ കോൺഗ്രസിതര ഗവൺമെന്റായിരുന്നു അത്. ഈ സർക്കാരിനെ അട്ടിമറിക്കാൻ കോൺഗ്രസ് തക്കം പാർത്തിരുന്നു. 'വിദേശി' പ്രശ്നം വീണ്ടും ഉന്നയിക്കുന്നതുകൊണ്ട് ജനപിന്തുണ കിട്ടില്ല എന്ന് കോൺഗ്രസിന് അറിയാമായിരുന്നു. അതുകൊണ്ട് 'നുഴഞ്ഞുകയറ്റക്കാർ' എന്ന പുതിയ മുദ്രാവാക്യം ഉയർത്തി. ലക്ഷക്കണക്കിന് ബംഗ്ലാദേശികൾ നുഴഞ്ഞു കയറുന്നു എന്നവർ പ്രചരിപ്പിച്ചു. 1979ൽ മംഗൾദോയ് മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് വന്നു. 47,658 ബംഗ്ലാദേശുകാർ ഉണ്ടെന്ന് അതിർത്തിരക്ഷാസേന വെളിപ്പെടുത്തി. ഇവരെ ഒഴിവാക്കാതെ ഉപതെരഞ്ഞെടുപ്പ് നടത്താൻ അനുവദിക്കില്ലെന്ന് ആസാം ഗണസംഗ്രാം പരിഷത്തും അഖില ആസാം സ്റ്റുഡന്റ്സ് യൂണിയനും പ്രഖ്യാപിച്ചു. എല്ലാ സങ്കുചിത-പ്രാദേശിക-വിഘടനവാദ ശക്തികളും ഇവരോടൊപ്പം ചേർന്നു. നിരന്തരമായ നുഴഞ്ഞുകയറ്റം ആസാമീസ് സംസാരിക്കുന്നവരുടെ നിലനിൽപ്പുതന്നെ അപകടത്തിലാക്കുകയാണ് എന്ന് അവർ ആക്രോശിച്ചു. ജീവിതദുരിതങ്ങൾ പേറുന്ന സാധാരണക്കാരെ വശീകരിക്കാനായി പ്രാദേശികവാദമുഖം മറച്ചുവച്ച് ഈ സംഘടനകൾ ദേശസ്നേഹത്തിന്റെ കുപ്പായം അണിഞ്ഞു. ആസാമിനെ ബംഗ്ലാദേശിനോട് ചേർത്ത് 'വിശാലബംഗാൾ' സ്ഥാപിക്കാനാണ് ശ്രമം എന്നും ഇന്ത്യ-ബംഗ്ലാദേശ് അതിർത്തി തുറന്നുകിടക്കുവോളം നുഴഞ്ഞുകയറ്റം നിർബാധം തുടരുമെന്നും അവർ പ്രചരിപ്പിച്ചു. ഒടുവിൽ ആസാമീസ് സംസാരിക്കുന്നവർ ന്യൂനപക്ഷമാകുമെന്നും അവരുടെ ഭാഷയും സംസാരവും നിലനിൽപ്പും മാത്രമല്ല, രാഷ്ട്രീയ അധികാരംപോലും നഷ്ടമാകുമെന്നും ആസാമീസ് സംസാരിക്കുന്ന സാധാരണക്കാരെ അവർ തെറ്റിദ്ധരിപ്പിച്ചു. എല്ലാ ദുരിതങ്ങൾക്കും കാരണമായ മുതലാളിത്ത വ്യവസ്ഥയ്ക്കെതിരായ, എല്ലാ വിഭാഗീയതകൾക്കും സങ്കുചിതത്വത്തിനും അതീതമായ ജനങ്ങളുടെ യോജിച്ച ജനാധിപത്യപ്രക്ഷോഭത്തിന്റെ അഭാവത്തിൽ സാധാരണ ജനങ്ങൾ സങ്കുചിത പ്രാദേശികവാദ ശക്തികളുടെ പ്രചാരണത്തിൽ കുടുങ്ങിപ്പോകുകയും സാമൂഹ്യസാഹചര്യം കൂടുതൽ വഷളാകുകയും ചെയ്തു.

**നമ്മുടെ പാർട്ടി നടത്തിയ ആശയപ്രചാരണം**

വിഷലിപ്തമായ ആശയങ്ങൾക്കും വഞ്ചനയ്ക്കുമെല്ലാമെതിരെ സർവ്വശക്തിയും സമാഹരിച്ചുകൊണ്ട് ഒരു പ്രത്യയശാസ്ത്രസമരം കെട്ടഴിച്ചുവിട്ട് ജനങ്ങളെ, വിശേഷിച്ച് വഴിതെറ്റിക്കപ്പെട്ട ആസാമീസ് ജനതയെ സത്യാവസ്ഥ ധരിപ്പിക്കുവാൻ നമ്മുടെ പാർട്ടി ഒറ്റയ്ക്ക് അക്ഷീണം പൊരുതി. എല്ലാ വൈതരണികളെയും മറികടന്ന് ഇന്നും നമ്മൾ ആ സമരം തുടരുന്നു. ഒരു മുതലാളിത്തരാജ്യമായ ഇന്ത്യയിൽ സമൂഹം വർഗ്ഗവിഭജിതമാണ് എന്ന് നമ്മുടെ പാർട്ടി ചൂണ്ടിക്കാണിച്ചു. അത് ബംഗാളികളും ആസാംകാരും തമ്മിലോ ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലോ അല്ല. ഒരുപിടി അതിസമ്പന്നരും ബഹുഭൂരിപക്ഷംവരുന്ന അടിച്ചമർത്തപ്പെട്ടവരും തമ്മിലാണ്. ജാതിക്കും മതത്തിനും വംശത്തിനും ഭാഷയ്ക്കുമൊക്കെ അതീതമായ നിലനിൽപ്പാണത്. കാലംചെല്ലുംതോറും സമ്പന്നർ കൂടുതൽ സമ്പന്നരും ദരിദ്രർ കൂടുതൽ ദരിദ്രരും ആയിക്കൊണ്ടിരിക്കുന്നു. ഇവരുടെ താൽപര്യങ്ങൾ പരസ്പരവിരുദ്ധമാണ്. എല്ലാ വിഷയങ്ങളും ഈ യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിൽവേണം കാണാൻ. വിദേശികളുടെ നുഴഞ്ഞുകയറ്റത്തെക്കുറിച്ചും സ്വദേശികളുടെ നിലനിൽപ്പുതന്നെ അപകടത്തിലാകുമെന്നുമൊക്കെ പ്രചരിപ്പിക്കുന്നവർ ജനങ്ങളെ ഭിന്നിപ്പിച്ച്, പ്രശ്നങ്ങളുടെ യഥാർത്ഥകാരണം മറച്ചുവച്ച് ഭ്രാതൃഹത്യകളിലേയ്ക്ക് നയിക്കുന്നവരാണ്. ഇക്കാര്യം നമ്മൾ വ്യക്തമായിത്തന്നെ ജനങ്ങൾക്കുമുമ്പാകെ അവതരിപ്പിച്ചു. അതുപോലെ തന്നെയാണ് ജനങ്ങളുടെ രാഷ്ട്രീയ അധികാരത്തിന്റെ പ്രശ്നവും. അധികാരമെന്നാൽ ഭരണകൂടാധികാരമാണ്. അത് ഇന്ത്യൻ കുത്തകകളുടെ കൈകളിലുമാണ്. അദ്ധ്വാനിച്ച് ജീവിക്കുന്നവർ ചരിത്രത്തിൽ ഒരുകാലത്തും അതിക്രമിച്ചുകടക്കുന്നവരോ ഭാഷയും സംസ്കാരവും മറ്റുള്ളവർക്കുമേൽ അടിച്ചേൽപ്പിക്കുന്നവരോ എണ്ണത്തിൽ മറ്റേതെങ്കിലും വിഭാഗത്തെ കടത്തിവെട്ടാൻ ശ്രമിക്കുന്നവരോ ആയി പ്രത്യക്ഷപ്പെട്ടിട്ടില്ല. അധിനിവേശക്കാരും പിടിച്ചടക്കുന്നവരുമൊക്കെ രാജാക്കൻമാരും പ്രഭുക്കളുമാണ്. ഇന്നുമുതലാളിമാരും കുത്തകകളുമാണ് അതൊക്കെ ചെയ്യുന്നത്. മറുവശത്ത് അദ്ധ്വാനിച്ചു ജീവിക്കുന്നവർ എന്നും ഒരുമിച്ച് ജീവിക്കുന്നവരും ഒരുമിച്ച് പണിയെടുക്കുന്നവരും ഒന്നിച്ച് മുന്നേറുന്നവരും പരസ്പരം സഹായിക്കുന്നവരും മറ്റുള്ളവരിൽനിന്ന് പഠിക്കുന്നവരും സുഖത്തിലും ദുഃഖത്തിലും പങ്കുചേരുന്നവരുമാണ്. അവർക്ക് പരസ്പരശത്രുതയോ നീരസമോ ഇല്ല. ജനങ്ങളിൽ ശത്രുത വളർത്തുന്നതും അനൈക്യം വിതയ്ക്കുന്നതും അവരുടെ യുക്തിബോധത്തിന്റെ മുനയൊടിക്കുന്നതും ചൂഷകവർഗ്ഗമാണ്. നമ്മുടെ പാർട്ടി നടത്തിയ പ്രത്യയശാസ്ത്ര പ്രചാരണത്തിന്റെ കാതൽ ഇതായിരുന്നു. ഇത് ജനങ്ങളെ ആകർഷിക്കുകയും സങ്കുചിതശക്തികളുടെ പ്രചാരണങ്ങളിൽ കുടുങ്ങിയവർ സത്യം മനസ്സിലാക്കി ശരിയായ മാർഗ്ഗത്തിലേയ്ക്ക് വരാൻ തുടങ്ങുകയുമുണ്ടായി.




അഖിലേന്ത്യാ പ്രതിഷേധ ദിനത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിനുമുന്നിൽ നടന്ന പ്രതിഷേധ പരിപാടി

**ദേശീയപൗരത്വ രജിസ്റ്റർ സംബന്ധിച്ച മൂർത്തമായ നിർദ്ദേശങ്ങൾ**

സാമൂഹ്യ സാഹചര്യവും ജനങ്ങളുടെ ആശങ്കയും ആശയക്കുഴപ്പവുമെല്ലാം ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ പാർട്ടി താഴെപ്പറയുന്ന നാലിന നിർദ്ദേശങ്ങൾ 1980ൽ മുന്നോട്ടുവയ്ക്കുകയുണ്ടായി.

1. ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ ഹനിക്കാതെ ആസാമീസ് ഭാഷ ആസാമിന്റെ ഔദ്യോഗിക ഭാഷയായി നിലനിർത്തുക. സംസ്ഥാനത്തെ ജനസംഖ്യയിൽ ഒരു തരത്തിലുള്ള മാറ്റത്തിനും അത് ഇടയാക്കരുത്. ഇതിനായി പാർലമെന്റിൽ പ്രത്യേക നിയമമോ പ്രമേയമോ കൈക്കൊള്ളുക.

2. വിദേശപൗരന്മാരുടെ നിരന്തരമായ കുടിയേറ്റത്തെസംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്കയും വികാരവും കണക്കിലെടുത്ത് അന്തർദേശീയ അതിർത്തികളിലൂടെ വൻതോതിൽ നിയമവിരുദ്ധമായി ആളുകൾ കടന്നുവരുന്നത് കർശനമായി തടയാൻ പഴുതടച്ച നടപടികൾ സ്വീകരിക്കണം. അനാവശ്യ നുഴഞ്ഞുകയറ്റക്കാരെ അറസ്റ്റുചെയ്ത് ട്രിബ്യൂണൽ മുമ്പാകെ ഹാജരാക്കി നീതിപൂർവ്വമായ വിചാരണയ്ക്ക് വിധേയമാക്കാൻ തക്കവണ്ണം ഇന്റലിജന്റ്സ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കണം.

3. ആസാമിന്റെ ദ്രുതഗതിയിലുള്ള സാമ്പത്തിക-വ്യാവസായിക വികസനത്തിനുള്ള സമഗ്രമായ ഒരു പദ്ധതി ഗവൺമെന്റ് തയ്യാറാക്കി നടപ്പിലാക്കണം.

4. വിദേശപൗരന്മാരെ കണ്ടെത്താനുള്ള വിച്ഛേദന തീയതിയായി 1971 മാർച്ച് 25 അംഗീകരിക്കുക. പ്രസക്തമായ എല്ലാ ദേശീയ അന്തർദ്ദേശീയ തത്വങ്ങളും കീഴ്വഴക്കങ്ങളും കണക്കിലെടുത്തുകൊണ്ട് ഈ പ്രക്രിയ മുന്നോട്ടു കൊണ്ടുപോകുക. ഈ തീയതിക്കുമുമ്പ് ഇന്ത്യയിലേയ്ക്ക് വന്നവരെ അംഗീകൃത ഇന്ത്യൻപൗരന്മാരായി കണക്കാക്കുകയും അതിനുശേഷം വന്നവരെ അന്തർദ്ദേശീയ നിയമങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും നിരക്കുംപടി അതാത് രാജ്യത്തേയ്ക്ക് തിരിച്ചയയ്ക്കുകയും ചെയ്യുക.

നമ്മുടെ പാർട്ടി മുന്നോട്ടുവച്ച ഈ നിർദ്ദേശങ്ങൾ ആസാമീസ് ഭാഷ സംസാരിക്കുന്നവരും അല്ലാത്തവരും ഒരുപോലെ ഹൃദയംഗമമായി സ്വീകരിക്കുകയുണ്ടായി. ഇങ്ങനെ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയൂ. അല്ലാതെ ലക്ഷക്കണക്കിന് ഇന്ത്യൻ പൗരന്മാരെ 'വിദേശി' കളായി മുദ്രകുത്തി അവരെ വോട്ടർപട്ടികയിൽനിന്നും പൗരത്വരജിസ്റ്ററിൽനിന്നുമൊക്കെ വെട്ടിക്കളയുന്നതുകൊണ്ട് ഒരുപരിഹാരവുമുണ്ടാകാൻ പോകുന്നില്ല. അത്തരം ഫാസിസ്റ്റ് നടപടികൾ സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ കൂടുതൽ അകൽച്ച സൃഷ്ടിക്കാനും വർഗ്ഗീയത ശക്തിയാർജ്ജിക്കാനും ഭൂരിപക്ഷ-ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിലെ ശാന്തിയും സൗഹാർദ്ദവും തകർക്കാനുംമാത്രമേ ഉപകരിക്കൂ.

നമ്മുടെ ആശങ്കകൾ ശരിയെന്നു തെളിഞ്ഞു. 1983 ആസാമിന്റെ ചരിത്രത്തിൽ ഒരു കറുത്ത ഏടായി. ന്യൂനപക്ഷവിഭാഗങ്ങൾ താമസിക്കുന്ന ഗ്രാമങ്ങൾ അക്രമിസംഘങ്ങൾ വളഞ്ഞാക്രമിച്ചു. നെല്ലെ, ചൽകോവ, മുഗൾമോവ, ഗോഹോപൂർ തുടങ്ങിയ സ്ഥലങ്ങളിൽ ന്യൂനപക്ഷങ്ങൾ കൊലചെയ്യപ്പെട്ടു. ആ ഭീകരനാളുകളിൽ പ്രക്ഷോഭകാരിക്കെതിരെ ശബ്ദിക്കാൻപോലും ആരെയും അനുവദിച്ചില്ല. സംസ്ഥാനത്ത് ഒരു ഫാസിസ്റ്റ് അന്തരീക്ഷം നടമാടി. എന്നാൽ, ഈ അതിക്രമത്തെയും കൂട്ടക്കൊലയെയുമൊക്കെ രാജ്യത്തും പുറത്തുമുള്ളവർ ഒന്നടങ്കം രൂക്ഷമായ ഭാഷയിൽ അപലപിച്ചു. ഈ പ്രതിഷേധം മൂലമാണ് കേന്ദ്രഗവൺമെന്റ് 'നിയമവിരുദ്ധ കുടിയേറ്റ(നിർണ്ണയ ട്രൈബ്യൂണൽ) നിയമം' (ഐ എംഡിറ്റി ആക്ട്) പാസാക്കിയത്. മത-ഭാഷാന്യൂനപക്ഷ വിഭാഗങ്ങളിൽ പെട്ട ഇന്ത്യൻ പൗരന്മാർക്ക് അനുഭവിക്കേണ്ടിവന്ന പീഡനങ്ങളിൽനിന്നും അപമാനത്തിൽനിന്നും പുറമേയ്ക്കെങ്കിലും കുറച്ച് സംരക്ഷണം നൽകാൻ ഇത് ഉപകരിച്ചിട്ടുണ്ട്. പിന്നീട് ആർഎസ്എസ്-ബിജെപിയും പ്രാദേശികവാദ സംഘടനകളും ഈ നിയമത്തിനെതിരെ കോലാഹലമുണ്ടാക്കുകയും കുതന്ത്രങ്ങൾ പയറ്റുകയും ചെയ്തു. ഒടുവിൽ സുപ്രീം കോടതി ആ നിയമം റദ്ദാക്കി. മതമൗലികവാദത്തിന്റെയും ഭീകരവാദത്തിന്റെയുമൊക്കെ പാതയിൽനിന്ന് ന്യൂനപക്ഷവിഭാഗങ്ങളിൽപെടുന്ന യുവാക്കളെ ഒരുപരിധിവരെ പിന്തിരിപ്പിക്കാൻ നമ്മുടെ പാർട്ടി നടത്തിയ പ്രചാരണ പ്രവർത്തനത്തിലൂടെ സാധിച്ചിരുന്നു എന്ന കാര്യം ഇവിടെ ഓർക്കണം.

**ബിജെപി ഭരണവും സപ്തകക്ഷി സഖ്യവും**

ആസാംപ്രക്ഷോഭത്തിലൂടെ സൃഷ്ടിക്കപ്പെട്ട സ്ഫോടനാത്മകമായ അന്തരീക്ഷത്തെ അഭിമുഖീകരിക്കുന്നതിനായി നമ്മുടെ പാർട്ടി മുൻകൈയെടുത്ത് കോൺഗ്രസ് (എസ്), ലോക്ദൾ, പിഡിപി, എസ് യുസിഐ കമ്മ്യൂണിസ്റ്റ്, സിപിഐ, സിപിഐഎം, ആർസിപിഐ എന്നീ പാർട്ടികൾ ഉൾപ്പെട്ട ഒരു സപ്തകക്ഷി സഖ്യം രൂപീകരിച്ചിരുന്നു. സംഘർഷാന്തരീക്ഷത്തിന് അയവുവരുത്താൻ ഇത് വളരെ സഹായകമായി. വിദേശപൗരന്മാരെ കണ്ടെത്താനുള്ള വിച്ഛേദന വർഷമായി 1971 അംഗീകരിക്കപ്പെട്ടത് ഈ സഖ്യത്തിന്റെ സമ്മർദ്ദഫലമായിട്ടായിരുന്നു. ഇതേത്തുടർന്ന് കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും ആസുവും ചേർന്ന് 1985 ആഗസ്റ്റ് 15ന് 'ആസാം ഒത്തുതീർപ്പ്' എന്ന പേരിൽ ഒരു ഒത്തുതീർപ്പിൽ ഒപ്പുവച്ചു. വിച്ഛേദന ദിവസമായി 1971 മാർച്ച് 25 അംഗീകരിക്കപ്പെട്ടു. തുടർന്ന് ആസു നേ

(ശേഷം 8-ാം പേജിൽ)

# പൊതുവിദ്യാഭ്യാസ സംരക്ഷണ സെമിനാർ



തൃശ്ശൂരിൽ നടന്ന വിദ്യാഭ്യാസ സെമിനാർ മുൻ അഡീഷണൽ വിദ്യാഭ്യാസ ഡയറക്ടർ ചിത്രൻ നമ്പൂതിരിപ്പാട് ഉദ്ഘാടനം ചെയ്യുന്നു




തിരുവനന്തപുരത്ത് നടന്ന വിദ്യാഭ്യാസ സെമിനാർ പ്രൊഫ.ജി.എൻ.പണിക്കർ ഉദ്ഘാടനം ചെയ്യുന്നു

‘പൊതുവിദ്യാഭ്യാസം നേരിടുന്ന വെല്ലുവിളികളും വിദ്യാഭ്യാസ സംരക്ഷണ യജ്ഞവും’ എന്ന വിഷയത്തെ അധികരിച്ച് തിരുവനന്തപുരത്ത് എഐഡിഎസ്ഒയും തൃശ്ശൂരിൽ സേവ് എജ്യുക്കേഷൻ കമ്മിറ്റിയും സെമിനാർ സംഘടിപ്പിച്ചു. വിദ്യാഭ്യാസരംഗത്ത് നടത്തിവരുന്ന പരിഷ്കാരങ്ങൾ പൊതുവിദ്യാഭ്യാസത്തിന്റെ തകർച്ചയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിലാണ് സെമിനാറുകൾ സംഘടിപ്പിക്കപ്പെട്ടത്.

അയ്യായിരത്തിലധികം പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുമ്പോൾ ആയിരം വിദ്യാലയങ്ങളിൽ ലാപ്ടോപും പ്രൊജക്ടറും സ്ഥാപിച്ച് വിദ്യാഭ്യാസത്തെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കാമെന്ന വ്യാജപ്രചാരണത്തിലാണ് സർക്കാർ. 1994ൽ തുടങ്ങിയ ഡിപിഇപി പദ്ധതിയും അതിന്റെ തുടർ പരിഷ്കാരങ്ങളുമാണ് വിദ്യാഭ്യാസത്തെ ഇന്നത്തെ പതനത്തിൽ എത്തിച്ചത്.

തൃശ്ശൂരിൽ വൈലോപ്പിള്ളി ഹാളിൽ നടന്ന സെമിനാർ മുൻ അഡീഷണൽ വിദ്യാഭ്യാസ ഡയറക്ടർ ചിത്രൻ നമ്പൂതിരിപ്പാട് ഉദ്ഘാടനം ചെയ്തു. കേരളത്തിലെ പഴയ പാഠ്യ പദ്ധതി പ്രകാരമുള്ള മലയാള ഭാഷാ പഠനം ശാസ്ത്രീയമായിരുന്നു എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസ സമ്പ്രദായത്തിൽ മാറ്റം വരുത്തുമ്പോൾ പുതിയ സമ്പ്രദായം ക്ലാസ് മുറികളിൽ പരീക്ഷിച്ച് ഫലപ്രദമെന്ന് തെളിഞ്ഞതിനുശേഷമേ നടപ്പാക്കാവൂ എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സർക്കാർ ഫണ്ടിംങ് അവസാനിപ്പിച്ചുകൊണ്ട് വിദ്യാഭ്യാസത്തിന്റെ ചുമതല മുഴുവൻ രക്ഷിതാക്കളുടെ തലയിൽ കെട്ടിവയ്ക്കാനാണ് വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ശ്രമിക്കുന്നത്. അനാദായകരമെന്ന് മുദ്ര ചാർത്തിയ വിദ്യാലയങ്ങളെ മെച്ചപ്പെടുത്താനുള്ള ഒരു പദ്ധതിയും വിദ്യാഭ്യാസ യജ്ഞത്തിലില്ലെന്നും സെമിനാറിൽ പ്രസംഗിച്ച സേവ് എഡ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ പറഞ്ഞു.

ആൾ ഇന്ത്യ സേവ് എജ്യൂക്കേഷൻ കമ്മിറ്റി ജില്ലാ വൈസ്പ്രസിഡന്റ് ജി.നാരായണൻ അദ്ധ്യക്ഷത വഹിച്ചു. വി.എസ്.ഗിരീശൻ, ഡോ.പി.എസ്.ബാബു, ഡോ.കെ.ആർ.ആനന്ദൻ, കെ.വി.ഗണേഷ്, പി.എ.ജോഷ്വ, ഡോ.സുകന്യകുമാർ തുടങ്ങിയവർ പ്രസംഗിച്ചു. സേവ് എജ്യൂക്കേഷൻ കമ്മിറ്റി ജില്ലാ സെക്രട്ടറി എം.പ്രദീപൻ സ്വാഗതവും അഡ്വ.സുജ ആന്റണി കൃതജ്ഞതയും രേഖപ്പെടുത്തി.

ആൾ ഇന്ത്യ സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന പ്രസിഡന്റായിരുന്ന പ്രൊഫ.കെ.ബി.ഉണ്ണിത്താൻ അനുസ്മരണവും ഇതോടൊപ്പം നടന്നു.

തിരുവനന്തപുരത്ത് നടന്ന സെമിനാർ പ്രൊഫ.ജി.എൻ.പണിക്കർ ഉദ്ഘാടനം ചെയ്തു. മാറിമാറി വരുന്ന സർക്കാരുകൾ വിദ്യാഭ്യാസവിരുദ്ധ പദ്ധതികൾക്ക് കുടപിടിക്കുന്ന നയങ്ങളാണ് സ്വീകരിക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞു.

എം.ഷാജർഖാൻ വിഷയാവതരണം നടത്തി. എഐഡിഎസ്ഒ സംസ്ഥാന വൈസ് പ്രസിഡന്റ് എ.ഷൈജു അദ്ധ്യക്ഷത വഹിച്ച സെമിനാറിൽ പ്രൊഫ.വിശ്വമംഗലം സുന്ദരേശൻ, ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് ബി.ഗോപി, മുൻ പൊതുവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറി ആർ.കുമാർ, എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ബിനു ബേബി, എൻഎസ്‌യു ദേശീയ നിർവ്വാഹക സമിതി അംഗം ശ്രീ.ജെ.എസ്. അഖിൽ, വിളപ്പിൽ മോഡൽ വിദ്യാഭ്യാസ സമിതി നേതാവ് എം.എസ്.രഞ്ജിത്ത് എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ് എന്നിവർ പ്രസംഗിച്ചു. എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി ഗോവിന്ദ് ശശി സ്വാഗതവും ജില്ലാകമ്മിറ്റിയംഗം ബി.എസ്.എമിൽ നന്ദിയും പറഞ്ഞു ●

# യുജിസി പിരിച്ചുവിടാനുള്ള നീക്കത്തിനെതിരെ എഐഡിഎസ്ഒ മാർച്ച്

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യുജിസി) പിരിച്ചുവിടുവാനുള്ള കേന്ദ്രസർക്കാർ നീക്കം ഉന്നതവിദ്യാഭ്യാസത്തിന്റെ ജനാധിപത്യ സ്വഭാവം സമ്പൂർണ്ണമായും ഇല്ലാതാക്കിക്കൊണ്ട് സ്വതന്ത്രമായ കച്ചവടത്തിന് കളമൊരുക്കുമെന്ന് ആൾ ഇന്ത്യാ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ (എഐഡിഎസ്ഒ) സംസ്ഥാന പ്രസിഡന്റ് ബിനു ബേബി അഭിപ്രായപ്പെട്ടു.

യുജിസി പിരിച്ചുവിടരുതെന്നും ഹയർ എജ്യുക്കേഷൻ കമ്മീഷൻ ഓഫ് ഇന്ത്യ ബിൽ റദ്ദ് ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എഐഡിഎസ്ഒ നടത്തിയ ഏജീസ് ഓഫീസ് മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസത്തിന്റെ നടത്തിപ്പിൽ സർക്കാരിന്റെ ഇടപെടലുണ്ടാകരുതെന്നും ഫണ്ട് നൽകുകമാത്രമാണ് വേണ്ടതെന്നുമുള്ള ജനാധിപത്യബോധത്തിന്റെ അടിസ്ഥാനത്തിലാണ് യുജിസി എന്ന സംവിധാനത്തിന് രൂപം നൽകിയത്. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കവും രീതികളും തീരുമാനിക്കേണ്ടത് വിദ്യാഭ്യാസവിചക്ഷണരാണ്. ആത്യന്തികമായി അത് സർവകലാശാലകളുടെ സ്വയംഭരണാവകാശത്തിന്റെ ഭാഗമാണ്.




എഐഡിഎസ്ഒ നടത്തിയ ഏജീസ് ഓഫീസ് മാർച്ച് സംസ്ഥാന പ്രസിഡന്റ് സഖാവ് ബിനു ബേബി ഉദ്ഘാടനം ചെയ്യുന്നു

എന്നാൽ മാനവവിഭവശേഷി മന്ത്രാലയം നേരിട്ട് ഫണ്ട് നൽകുന്ന രീതി കേന്ദ്രസർക്കാരിന്റെ താത്പര്യങ്ങൾക്കനുസരിച്ച് ഉന്നതവിദ്യാഭ്യാസമേഖല പ്രവർത്തിക്കുന്ന സാഹചര്യം സൃഷ്ടിക്കും. ഇതിനോടകംതന്നെ ശാസ്ത്രഗവേഷണങ്ങൾക്ക് ഫണ്ട് വെട്ടിക്കുറയ്ക്കുകയും പഞ്ചഗവ്യത്തെയും പുരാണങ്ങളെയും കുറിച്ചുള്ള ഗവേഷണത്തിന് കോടികൾ അനുവദിക്കുകയും ചെയ്യുന്ന കേന്ദ്രസർക്കാരിലേക്ക് സർവകലാശാലകളുടെ സമ്പൂർണ്ണമായ ഫണ്ടിംഗ് അധികാരം എത്തിയാൽ വൈജ്ഞാനികരംഗം നേരിടുന്ന അപകടം എന്തായിരിക്കുമെന്ന് ചിന്തിക്കാവുന്നതേയുള്ളൂ. യുജിസി പിരിച്ചുവിട്ടുകൊണ്ട് വിദ്യാഭ്യാസത്തിന്റെ മേന്മ ഉറപ്പാക്കാനെന്ന വിധത്തിൽ കൊണ്ടുവരുന്ന ഹയർ എജ്യുക്കേഷൻ കമ്മീഷനും വിദ്യാഭ്യാസത്തിന്റെ കേന്ദ്രീകരണം ഉറപ്പാക്കുന്ന ഒരു ബ്യൂറോക്രാറ്റിക് സംവിധാനമാണ്. യുജിസിയുടെ കീഴിൽ പ്രവർത്തിക്കുന്ന നിരവധി വിഷയാധിഷ്ഠിത സമിതികളെ പിരിച്ചുവിട്ടുകൊണ്ടാണ് ഈ സംവിധാനം നിലവിൽവരുന്നത്. പേപ്പർസ്ഥാപനമായ ജിയോ ഇൻസ്റ്റിറ്റ്യൂട്ടിന് ഉത്തമസ്ഥാപന പദവികൊടുത്തതുപോലെയുള്ള സംഭവങ്ങൾ ആവർത്തിക്കുവാനേ ഇത് ഉപകരിക്കുകയുള്ളൂ-മാർച്ച് ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു.

എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ് അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് എ.ഷൈജു, സംസ്ഥാന കമ്മിറ്റിയംഗങ്ങളായ ഗോവിന്ദ് ശശി, ജതിൻ ആർ, ശാലിനി ജി.എസ്, നിഖിൽ സജി തോമസ് എന്നിവർ പ്രസംഗിച്ചു. കേരളാ സർവകലാശാലയ്ക്ക് മുമ്പിൽ നിന്ന് ആരംഭിച്ച മാർച്ചിന് എം.കെ.ഷഹസാദ്, ആർ.അപർണ, മേധ സുരേന്ദ്രനാഥ്, കെ.റഹീം, മീനാക്ഷി ആർ, പ്രവീൺ, വിദ്യ വി.പി, നിലീന മോഹൻകുമാർ തുടങ്ങിയവർ നേതൃത്വം നൽകി ●

# ദേശീയ പൗരത്വ രജിസ്റ്റർ

(6-ാം പേജിൽ നിന്ന്)

ത്വം എജിപി എന്ന ദേശീയ പാർട്ടിക്ക് രൂപം നൽകി. സംസ്ഥാന ഭരണം സംബന്ധിച്ച് അന്നത്തെ കോൺഗ്രസ് ഗവൺമെന്റുമായി ഇവർക്ക് ധാരണയുണ്ടായിരുന്നു എന്ന് വ്യക്തമായിരുന്നു. തെരഞ്ഞെടുപ്പിൽ വിജയിച്ച് എജിപി പത്തുവർഷം ആസാം ഭരിച്ചു. ഇന്ന് അവർ ബിജെപിയുമായി ചേർന്ന് സംസ്ഥാനം ഭരിക്കുന്നു. രണ്ടുതവണ ഭരിച്ചപ്പോഴും അവർ ‘വിദേശി’ കളെ കണ്ടെത്താനെന്നപേരിൽ ന്യൂനപക്ഷ വിഭാഗങ്ങളെ പീഡിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ അവർ വിളിച്ചുകൂവിയിരുന്നതുപോലെ ‘ലക്ഷക്കണക്കിന് വിദേശി’ കളെയൊന്നും കണ്ടെത്താനായില്ല. 1997ൽ അവർ പുതിയൊരു തന്ത്രം പയറ്റി. 3.7ലക്ഷം ഇന്ത്യൻ പൗരന്മാരെ ഡി-വോട്ടർമാർ അഥവാ സംശയാസ്പദ വോട്ടർമാർ എന്ന് മുദ്രകുത്തി. അങ്ങനെ ന്യൂനപക്ഷവിഭാഗങ്ങളുടെ വോട്ടവകാശം നിഷേധിച്ചു. ആറുമാസത്തിനുള്ളിൽ പരിശോധനനടത്തി ഇവർ യഥാർത്ഥവോട്ടർമാരാണെങ്കിൽ ലിസ്റ്റിൽ ഉൾപ്പെടുത്തും എന്നാണ് പറഞ്ഞിരുന്നത്. ഇരുപതുവർഷമായിട്ടും ഈ പരിശോധന നടന്നിട്ടില്ല. ഇവരുടെ വോട്ടവകാശം നിഷേധിക്കപ്പെട്ടിരിക്കുന്നു. കോടതിയിൽ ഇത് ചോദ്യം ചെയ്ത 97 ശതമാനം വോട്ടർമാർക്കും പൗരത്വം അംഗീകരിച്ചുകിട്ടി.

അതിന്റെ അർത്ഥം നിയമംപാലിക്കാതെ, തോന്നുംപടിയാണ് ഈ ലിസ്റ്റ് തയ്യാറാക്കിയത് എന്നാണ്. ഇപ്പോൾ 2.5ലക്ഷം ഡി-വോട്ടർമാരുണ്ട്. ചിലരെ അവരുടെ അറിവില്ലാതെ, വിദേശികളെ കണ്ടെത്താനുള്ള ട്രിബ്യൂണലിലേക്ക് മാറ്റിയിരിക്കുന്നു. അവർക്ക് ഇതേക്കുറിച്ച് അറിയിപ്പ് നൽകാത്തതിനാൽ അവർക്ക് ട്രിബ്യൂണലിൽ ഹാജരാകാൻ കഴിഞ്ഞില്ല. അവരുടെ അസാന്നിദ്ധ്യത്തിൽ അവരെ വിദേശികളായി പ്രഖ്യാപിച്ചിരിക്കുന്നു. അവരെ തടങ്കൽ പാളയങ്ങളിലേയ്ക്ക് അയച്ചിരിക്കുകയാണ്.

ലക്ഷക്കണക്കിന് ആളുകളെ വിദേശികളായി മുദ്രകുത്താനുള്ള ശ്രമം വിജയിക്കാതെ വന്നപ്പോഴാണ് പ്രാദേശികവാദ ശക്തികൾ ദേശീയ പൗരത്വജിസ്റ്റർ തയ്യാറാക്കണം എന്നവാദം ഉന്നയിച്ചത്. ഇതിലൂടെ ലക്ഷ്യം നേടാം എന്നവർ കരുതുന്നു. ഡി-വോട്ടർമാരെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തില്ല. ബന്ധപ്പെട്ട കോടതി അവരെ യഥാർത്ഥ പൗരന്മാരായി അംഗീകരിച്ചാലേ അവർക്ക് രജിസ്റ്ററിൽ പേര് ചേർക്കാൻ അപേക്ഷിക്കാനാകൂ. ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന 4500പേരെ ആദ്യകരടു രജിസ്റ്ററിൽനിന്ന് പരിശോധനകൾക്കുശേഷം ഒഴിവാക്കി. അവരുടെ അസാന്നിദ്ധ്യത്തിൽ കോടതി അവരെ ‘വിദേശി’ കളായി പ്രഖ്യാപിച്ചതാണ് കാരണം.

**സ്ഥാപിതതാൽപര്യക്കാരുടെ ഗൂഢനീക്കം തടയുക അദ്ധ്വാനിക്കുന്നവരുടെ ഐക്യം ഊട്ടിയുറപ്പിക്കുക**

ദേശീയ പൗരത്വരജിസ്റ്റർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ആസാമിൽ ഇവ്വിധമൊരു സ്ഫോടനാത്മക അന്തരീക്ഷമാണ് നിലനിൽക്കുന്നത്. 4ലക്ഷത്തിലേറെ ഇന്ത്യൻ പൗരന്മാരെ ഡി-വോട്ടർമാർ എന്ന് മുദ്രകുത്തി 20വർഷമായി വോട്ടവകാശം നിഷേധിച്ചിരിക്കുന്നു. പലരെയും അവരുടെ അസാന്നിദ്ധ്യത്തിൽ കോടതി ‘വിദേശി’ കളായി പ്രഖ്യാപിച്ചിരിക്കുന്നു. അനേകംപേരെ ഹിറ്റ്ലറുടെ കോൺസൻട്രേഷൻ ക്യാമ്പിനു സമാനമായ തടങ്കൽപാളയങ്ങളിൽ പാർപ്പിച്ചിരിക്കുന്നു. പാതിരാത്രിയിൽ പലരെയും ബംഗ്ലാദേശിലേയ്ക്ക് നാടുകടത്തുകയും ചെയ്തു. മത-ഭാഷാ ന്യൂനപക്ഷവിഭാഗങ്ങളിൽ പെട്ടവർ ഭീതിയോടെ ദിവസങ്ങൾ തള്ളിനീക്കുകയാണ്. പൗരത്വം നഷ്ടപ്പെടുമെന്ന ഭയം അവരെ വേട്ടയാടുകയാണ്. ആർഎസ്എസ്-ബിജെപി വർഗ്ഗീയ ശക്തികളുടെയും കുത്തിത്തിരുപ്പിന്റെ ഫലമായാണ് ഇതെല്ലാം സംഭവിക്കുന്നത്. രജിസ്റ്റർ തയ്യാറാക്കാൻ ഭരണഘടനാപരമായ അധികാരമുള്ള രജിസ്ട്രാർ ജനറൽ നിരായുധനാക്കപ്പെട്ടിരിക്കുകയാണ്. അസാധാരണമായ രീതിയിൽ സുപ്രീംകോടതിയാണ് എല്ലാ ഉദ്യമങ്ങൾക്കും നേതൃത്വം നൽകുന്നത്. ന്യൂനപക്ഷങ്ങളുടെ ആശങ്കകൾ വേണ്ടവണ്ണം കണക്കിലെടുക്കാത്ത രീതിയിലാണ് സുപ്രീംകോടതി ഈ വിഷയം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത് എന്ന പ്രതീതിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ പ്രക്ഷുബ്ധമായ സാഹചര്യമാണ് നിലനിൽക്കുന്നത്. ആശങ്കകൾ ഏറിവരുന്നു. ഇത്തരം ഒരു അവസ്ഥയിൽ അദ്ധ്വാനിച്ചുജീവിക്കുന്ന ജനവിഭാഗങ്ങളോടാകെ വിഭാഗീയതയുടെ പാത വെടിയാനും ലക്ഷക്കണക്കിന് യഥാർത്ഥ ഇന്ത്യൻ പൗരന്മാരുടെ പൗരത്വം കവർന്നെടുക്കാനുള്ള ഗൂഢപദ്ധതിയെ ചെറുത്തുതോൽപ്പിക്കാനായി ഉറച്ചുനിലകൊള്ളാനും ഞങ്ങൾ അഭ്യർത്ഥിക്കുന്നു ●

### എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) മൂന്നാം പാർട്ടി കോൺഗ്രസ്സ്

# ആദ്യ ജില്ലാ സമ്മേളനം തൃശൂരിൽ

2018 ഡിസംബറിൽ ജാർഖണ്ഡിൽ നടക്കുന്ന എസ്‌യുസിഐ(സി)യുടെ മൂന്നാം പാർട്ടി കോൺഗ്രസ്സിന് മുന്നോടിയായുള്ള ജില്ലാ സമ്മേളനങ്ങൾ ആരംഭിച്ചു. ആദ്യ ജില്ലാ സമ്മേളനം തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ നടന്നു. ജില്ലാ സമ്മേളനം പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജയ്‌സൺ ജോസഫ് ഉദ്ഘാടനം ചെയ്തു. പാർട്ടി കോൺഗ്രസ്സിൽ അവതരിപ്പിക്കുന്ന ദേശീയ-സാർവ്വദേശീയ തീസിസുകളെ അധികരിച്ചുള്ള ചർച്ചയ്ക്കും ജില്ലാ സെക്രട്ടറിയുടെ സംഘടനാ റിപ്പോർട്ടിന്മേലുള്ള ചർച്ചയ്ക്കും ശേഷം പുതിയ ആറംഗ ജില്ലാ കമ്മിറ്റിയെ സമ്മേളനം തിരഞ്ഞെടുത്തു. ഡോ.പി.എസ്.ബാബു(സെക്രട്ടറി), ബെന്നി ബോണിഫസ്, എം.ശ്രീകുമാർ, അഡ്വ.സുജ ആന്റണി, എം.പ്രദീപൻ, എ.എം.സുരേഷ് എന്നിവർ ഉൾപ്പെടുന്നതാണ് കമ്മിറ്റി. സംസ്ഥാന സമ്മേളനത്തിലേയ്ക്കുള്ള പതിനഞ്ചംഗ പ്രതിനിധി സംഘത്തെയും സമ്മേളനം തെരഞ്ഞെടുത്തു.

എറണാകുളം, തിരുവനന്തപുരം ജില്ലാ സമ്മേളനങ്ങൾ ആഗസ്റ്റ് 11, 12 തീയതികളിലും പാലക്കാട് ജില്ലാ സമ്മേളനം സെപ്റ്റംബർ 2നും കൊല്ലം ജില്ലാ സമ്മേളനം സെപ്റ്റംബർ 1, 2 തീയതികളിൽ കൊട്ടാരക്കരയിലും ഇടുക്കി ജില്ലാ സമ്മേളനം സെപ്റ്റംബർ 8ന് തൊടുപുഴയിലും കണ്ണൂർ, മലപ്പുറം ജില്ലാ സമ്മേളനങ്ങൾ സെപ്റ്റംബർ 9 നും കോഴിക്കോട് ജില്ലാ സമ്മേളനം സെപ്റ്റംബർ 13നും വയനാട്, ആലപ്പുഴ ജില്ലാ സമ്മേളനങ്ങൾ സെപ്റ്റംബർ 16നും കോട്ടയം ജില്ലാ സമ്മേളനം സെപ്റ്റംബർ 22, 23 തീയതികളിൽ മുണ്ടക്കയത്തും പത്തനംതിട്ട ജില്ലാ സമ്മേളനം സെപ്റ്റംബർ 30നും നടക്കും. സംസ്ഥാന സമ്മേളനം ഒക്ടോബർ 12, 13, 14 തീയതികളിൽ തൃശൂരിൽ നടക്കും●




തൃശൂർ ജില്ലാ സമ്മേളനത്തിൽ എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ടി.കെ.സുധീർകുമാർ പ്രസംഗിക്കുന്നു. പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജില്ലാ സെക്രട്ടറി ഡോ.പി.എസ്.ബാബു, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങളായ സഖാക്കൾ ആർ.കുമാർ, ജയ്‌സൺ ജോസഫ്, പുതിയ ജില്ലാ കമ്മിറ്റി അംഗങ്ങൾ സഖാക്കൾ അഡ്വ.സുജ ആന്റണി, എ.എം.സുരേഷ്, എം.ശ്രീകുമാർ, ബെന്നി ബോണിഫസ്, എം.പ്രദീപൻ എന്നിവർ വേദിയിൽ

# കെഎസ്ഇബി കരാർ തൊഴിലാളികളുടെ ചീഫ് എഞ്ചിനീയർ ഓഫീസ് മാർച്ച്

പിഎസ്‌സി പ്രസിദ്ധീകരിച്ച 2505 കരാർ തൊഴിലാളികൾക്കും ഉടൻ നിയമനം നൽകുക, പെറ്റി കോൺട്രാക്ട് വർക്കുകൾ വൻകിടക്കാർക്ക് നൽകിക്കൊണ്ട് തൊഴിലാളികളെ പുറത്താക്കുന്നത് അവസാനിപ്പിക്കുക, അപകടംമൂലം അപായപ്പെട്ടവരുടെ ആശ്രിതർക്ക് നിയമനം നൽകുക, 1995ലെ എഗ്രിമെന്റ് വ്യവസ്ഥകൾ നടപ്പിലാക്കുക, 2004 നു ശേഷമുള്ള എല്ലാ മസ്ദൂർ നിയമനങ്ങളുടെയും 25% കരാർ തൊഴിലാളികൾക്കായി മാറ്റിവയ്ക്കുക, കരാർ തൊഴിലാളി നിയമനത്തിൽ മുൻകാല പ്രാബല്യം അനുവദിക്കേണ്ടതില്ലെന്ന എൽഡിഎഫ് സർക്കാർ തീരുമാനം പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്‌സ് യൂണിയന്റെ നേതൃത്വത്തിൽ കരാർ തൊഴിലാളികൾ കോഴിക്കോട് നോർത്ത് ചീഫ് എഞ്ചിനീയർ ഓഫീസ്സിലേക്ക് മാർച്ച് നടത്തി.

യൂണിയൻ സംസ്ഥാന പ്രസിഡണ്ട് വി.കെ.സദാനന്ദൻ മാർച്ച് ഉദ്ഘാടനം ചെയ്തു. കേരളത്തിലെ സമുന്നത ട്രേഡ് യൂണിയൻ നേതാവായിരുന്ന സഖാവ് കെ.പി.കോസലരാമദാസിന്റെ നേതൃത്വത്തിൽ പതിറ്റാണ്ടുകളായി നടന്ന നിരന്തര പോരാട്ടത്തിന്റെ ഭാഗമായി നേടിയെടുത്ത കരാർതൊഴിലാളികളുടെ സ്ഥിരനിയമനം, കടുത്ത സങ്കുചിത രാഷ്ട്രീയ-ട്രേഡ് യൂണിയൻ താല്പര്യം കൊണ്ടുമാത്രം നടത്താതിരിക്കുകയാണ് എൽഡിഎഫ് സർക്കാരെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇത്തരം തൊഴിലാളിവിരുദ്ധ ശൈലിക്ക് പശ്ചിമ ബംഗാളിലും ത്രിപുരയിലും ഏറ്റ കനത്ത തിരിച്ചടിയിൽനിന്നും ഇനിയെങ്കിലും പാഠം പഠിക്കണമെന്നും അദ്ദേഹം സർക്കാരിനെ ഓർമ്മപ്പെടുത്തി.

കെഎസ്ഇ വർക്കേഴ്‌സ് യൂണിയൻ മുൻ ജില്ലാ സെക്രട്ടറി പി.ബാലകൃഷ്ണൻ നായർ അദ്ധ്യക്ഷത വഹിച്ചു. കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്‌സ് യൂണിയൻ ജനറൽ സെക്രട്ടറി എസ്.സീതിലാൽ മുഖ്യപ്രസംഗം നടത്തി. ജെ.സുരേഷ്(തിരുവനന്തപുരം), ടി.കെ.സജിമോൻ(കോട്ടയം), മൈക്കിൾ സാമി(പാലക്കാട്), പി.ടി.സൈതലവി(മലപ്പുറം), അനൂപ് ജോൺ(കണ്ണൂർ), യു.എൻ.ബിനു(വയനാട്), കെ.കെ.മോഹനൻ(ഇടുക്കി), ടി.കെ.അബ്ദുൾ ഖാദർ(എറണാകുളം), പി.എം.ശ്രീകുമാർ(എഐയുറ്റിയുസി കോഴിക്കോട് ജില്ലാ സെക്രട്ടറി), എ.വി.ബെന്നി(കെഎസ്ഇവർക്കേഴ്‌സ് യൂണിയൻ) എന്നിവർ പ്രസംഗിച്ചു. വി.ടി.ശശി സ്വാഗതവും കെ.ഷാജി നന്ദിയും പറഞ്ഞു.

കോഴിക്കോട് സ്റ്റേറ്റ് ബാങ്ക് പരിസരത്തുനിന്നും ആരംഭിച്ച മാർച്ചിന് എം.രാജു, എസ്.ഹരിഷ് (കാസർകോട്), കെ.കെ.രാധാകൃഷ്ണൻ, കെ.വേലായുധൻ(കണ്ണൂർ), ടി.ഇബ്രാഹിം, കെ.എം.എൽദോ(വയനാട്), പി.ഷാജി, പി.മുഹമ്മദ്(കോഴിക്കോട്), എൻ.ശശിധരൻ, സുരേഷ്(മലപ്പുറം), റ്റി.ആർ.ശശികുമാർ, ജോൺ ജോസഫ്.എം(പാലക്കാട്) എന്നിവർ നേതൃത്വം നൽകി●

# കശുവണ്ടി തൊഴിലാളികളുടെ പിഎഫ് ഓഫീസ് മാർച്ച്




പിഎഫ് റീജിയണൽ ഓഫീസ് മാർച്ച് എഐയുടിയുസി സംസ്ഥാനസെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു

ഇപിഎഫ് അംഗങ്ങളായ തൊഴിലാളികൾ പെൻഷനുവേണ്ടി അപേക്ഷിക്കുമ്പോൾ അവർക്ക് 3650 ഹാജരില്ല എന്നുപറഞ്ഞ് പെൻഷൻ നിഷേധിക്കുന്ന നടപടിയിൽനിന്നും പിഎഫ് അധികൃതരും സർക്കാരും പിന്തിരിയണമെന്ന് എഐയുടിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ ആവശ്യപ്പെട്ടു. കശുവണ്ടി വ്യവസായംപോലുള്ള മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് 25-30 വർഷംവരെ പണിയെടുത്താലും പിഎഫ് അധികൃതർ ആവശ്യപ്പെടുന്ന ഹാജർ ഉണ്ടാകാറില്ല. പലകാരണങ്ങളാൽ ഫാക്ടറികൾ വർഷങ്ങളോളം അടച്ചിടുന്നതുമൂലവും മാനേജ്‌മെന്റ് പിഎഫ് വിഹിതം കൃത്യമായി അടയ്ക്കാത്തതുമൊക്കെയാണ് ഇതിന്റെ കാരണങ്ങൾ. തൊഴിലാളിയുടേതല്ലാത്ത ഇത്തരം കാരണങ്ങൾക്ക് തൊഴിലാളിയെ ശിക്ഷിക്കുകയാണ് പിഎഫ് അധികൃതരും സർക്കാരും ചെയ്യുന്നത്. ഈ നടപടി അവസാനിപ്പിക്കണം. കശുവണ്ടി തൊഴിലാളി സെന്റർ(എഐയുടിയുസി) ആഭിമുഖ്യത്തിൽ കൊല്ലത്തുനടന്ന പിഎഫ് റീജിയണൽ ഓഫീസ് മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കശുവണ്ടി തൊഴിലാളി സെന്റർ ജനറൽ സെക്രട്ടറി സഖാവ് എസ്.രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ പിഎഫ് ഓഫീസിനുമുന്നിൽ ചേർന്ന യോഗത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ഷൈല കെ.ജോൺ, യൂണിയൻ ജോയിന്റ് സെക്രട്ടറി സഖാവ് ബി.വിനോദ്, സംസ്ഥാന കമ്മിറ്റിയംഗങ്ങളായ പി.ആർ.സതീശൻ, ബി.രാമചന്ദ്രൻ തുടങ്ങിയവർ പ്രസംഗിച്ചു. ചിന്നക്കട റെസ്റ്റ് ഹൗസിനുമുന്നിൽ നിന്നും ആരംഭിച്ച മാർച്ചിൽ നൂറുകണക്കിന് കശുവണ്ടിതൊഴിലാളികൾ പങ്കെടുത്തു. മാർച്ചിന് ശേഷം ആയിരക്കണക്കിന് തൊഴിലാളികൾ ഒപ്പിട്ട നിവേദനം പിഎഫ് കമ്മീഷണർക്ക് സമർപ്പിച്ചു●

# പീഡനകേസിൽ ആരോപണവിധേയരായ വൈദികർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുക: എഐഎംഎസ്എസ്

പീഡന കേസിൽ ആരോപണവിധേയനായ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെ ഉടൻ അറസ്റ്റ് ചെയ്യുകയും നിയമനടപടികൾക്ക് വിധേയനാക്കുകയും ചെയ്യണമെന്ന് എഐഎംഎസ്എസ് സംസ്ഥാന കമ്മിറ്റി അഭിപ്രായപ്പെട്ടു.

കന്യാസ്ത്രീ പരാതിപ്പെട്ട് ആഴ്ചകൾ പിന്നിട്ടിട്ടും ബിഷപ്പിനെ അറസ്റ്റ് ചെയ്യുന്നില്ല എന്നത് പ്രതിഷേധാർഹമാണ്. ബിഷപ്പിനെ ചോദ്യം ചെയ്യാൻപോലും പോലീസ് ഇതുവരെ തയ്യാറായിട്ടില്ല. സ്ത്രീപീഡനകേസുകളിൽ പരാതിക്കാരിയുടെ മൊഴിമാത്രം തെളിവായെടുത്ത് മേൽനടപടികൾ സ്വീകരിക്കാൻ നിയമമുണ്ടായിരിക്കെ ഈ ദിശയിൽ പോലീസോ അധികാരികളോ ഇനിയും നീങ്ങിയിട്ടില്ല.

പരാതിയിൽ പറയുന്ന കാര്യങ്ങൾക്ക് ഉപോദ്ബലകമായ നിരവധി തെളിവുകൾ ഇതിനകം പുറത്തുവന്നുകഴിഞ്ഞു. പരാതിയിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള മഠത്തിൽ നിരവധി തവണ ബിഷപ്പ് വന്നുപോയതിന്റെ തെളിവുകൾ, ഡ്രൈവറുടെ മൊഴി, പോലീസിൽ പരാതി സമർപ്പിക്കുന്നതിന് മുമ്പ് സഭയിലെ മേലധികാരികൾക്ക് നൽകിയ പരാതികൾ, വത്തിക്കാൻ നോമിനിക്ക് നൽകിയ പരാതി, സഹപ്രവർത്തകരുടെ മൊഴികൾ, ഫോൺ സംഭാഷണങ്ങൾ ഇങ്ങനെ നിരവധി തെളിവുകൾ പുറത്തുവന്നിട്ടും പോലീസ് ഉദാസീനത പുലർത്തുന്നത് സർക്കാർ തലത്തിലുള്ള ഇടപെടലുകളെ തുടർന്നാണ് എന്ന് കരുതേണ്ടിവരും.

പരാതിക്കാരിയെ പിന്തിരിപ്പിക്കാൻ നടക്കുന്ന നീക്കങ്ങളും പരാതിക്കാരിക്കെതിരെ നൽകിയിട്ടുള്ള കേസുകളും പ്രതിയുടെ സ്വാധീനത്തിന്റെ തെളിവാണ്. പരാതിക്കാരിയായ കന്യാസ്ത്രീക്ക് സ്ഥലവും സമ്പത്തും സ്ഥാനമാനങ്ങളും വാഗ്ദാനം ചെയ്തതിന്റെ പേരിലാണ് മറ്റൊരു വൈദികനെതിരെ കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. പ്രതിക്കുവേണ്ടിയാണ് വൈദികൻ ഈ നീക്കം നടത്തിയിരിക്കുന്നത് എന്നത് കേസ് ഒതുക്കിതീർക്കാൻ പ്രതി മുൻകൈയെടുത്ത് നടത്തുന്ന നീക്കങ്ങളെയാണ് സൂചിപ്പിക്കുന്നത്. സമൂഹം അഭിമുഖീകരിക്കുന്ന ഗുരുതരമായ ധാർമ്മിക സദാചാര തകർച്ചയുടെ ആഴവും പരപ്പും ഒരാവർത്തികൂടി തെളിയിക്കുന്നു ഇത്തരം സംഭവങ്ങൾ. സമൂഹത്തിന്റെ തകർച്ചയെ പ്രതിരോധിക്കാനോ മനുഷ്യന് ഉയർന്ന മൂല്യബോധം പകർന്നുനൽകാനോ സാധിക്കാത്തവിധം ദുർബ്ബലമായ നീതിബോധമാണ് സംഘടിത മത സാമുദായിക പ്രസ്ഥാനങ്ങളും മേലദ്ധ്യക്ഷൻമാരും വച്ചുപുലർത്തുന്നത്. കേരളത്തിൽ ഇത് ഒറ്റപ്പെട്ട സംഭവവുമല്ല. പ്രായപൂർത്തിയാകാത്ത പെൺകുട്ടിക്കുനേരെ നടന്ന അതിക്രമം, കുമ്പസാര രഹസ്യത്തിന്റെ മറവിൽ നടന്ന കൂട്ടബലാത്സംഗം തുടങ്ങി ഏറ്റവും നെറിവുകെട്ട പ്രവർത്തനങ്ങൾ നടത്തുന്നവർ ആദ്ധ്യാത്മികതയെക്കുറിച്ചാണ് പ്രഭാഷണം നടത്തുന്നത് എന്നത് അപഹാസ്യമാണ്. മനുഷ്യന്റെ അന്ധമായ വിശ്വാസങ്ങളെയും അറിവില്ലായ്മയെയും മുതലെടുത്താണ് നിർദ്ദയമായി ഈ ചൂഷണം ഇക്കൂട്ടർ നടത്തുന്നത്. ഉയർന്ന ചിന്തയിലേയ്ക്ക് മനുഷ്യനെ നയിക്കാൻ സാധിക്കാത്തവിധം ദ്രവിച്ചതും ഉള്ളുപൊള്ളയായതുമായി മതങ്ങൾ മാറിയിരിക്കുന്നു. പ്രതി എത്ര ഉന്നതനാണെങ്കിലും നിയമത്തിന് അതീതരല്ല. നിയമപരമായി നടപടി എടുക്കാൻ കാണിക്കുന്ന അലംഭാവവും ഉദാസീനതയും സർക്കാർ അവസാനിപ്പിക്കണം. വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് പോലീസും സർക്കാരും ഉണർന്ന് പ്രവർത്തിക്കണം●




# സാമ്രാജ്യത്വ – മുതലാളിത്തത്തിനുള്ളിലെ തീവ്രപ്രതിസന്ധിയുടെയും വൈരുദ്ധ്യത്തിന്റെയും പ്രതിഫലനം

**ഏതാനും ദശകങ്ങൾക്കുമുമ്പ് മാത്രമാണ്, താരിഫ് മതിലുകളില്ലാതെ ലോകകമ്പോളത്തിൽ ഉടനീളം സ്വതന്ത്രവ്യാപാരത്തിനായി, യുഎസ് നേതൃത്വത്തിലുള്ള സാമ്രാജ്യത്വ-മുതലാളിത്തം ആവേശത്തോടെ പെരുമ്പറ മുഴക്കിയത്. അതിലൂടെ, ആഗോളവൽക്കരണത്തെ ഉപയോഗപ്പെടുത്തി പുതിയ കമ്പോളങ്ങൾ ഉദാരമായി തുറന്നുകൊണ്ട്, പുരോഗതിയിലും മൈത്രിയിലും പുലരുന്ന ഒരു ലോകം സൃഷ്ടിക്കുമെന്നാണ് അവർ പറഞ്ഞിരുന്നത്. ലോകം ചുങ്കരഹിതമായിരുന്നോ, ആഗോളവൽക്കരണം സാധാരണക്കാരന് പുരോഗതി കൊണ്ടുവന്നോ, എന്നീ ചോദ്യങ്ങൾ നിലനിൽക്കുന്നുണ്ട്. പക്ഷേ തീർച്ചയായും പെരുമ്പറകൾ നിശ്ശബ്ദമായിരിക്കുന്നു. വികസിത മുതലാളിത്ത രാജ്യങ്ങളിലെ ജനങ്ങൾക്കുപോലും ആഗോളവൽക്കരണമെന്നത്, തൊഴിലില്ലായ്മ, അസമത്വം തുടങ്ങിയവയുടെ പര്യായമായ, പേടിപ്പിക്കുന്ന ഒരു പദമായി മാറിക്കഴിഞ്ഞു.**

മറ്റു പലരെയുംപോലെ, ഫ്രെഞ്ച് തൊഴിലാളികളും അടുത്തിടെ സ്വകാര്യവൽക്കരണത്തെ നരകത്തോട് ഉപമിക്കുകയുണ്ടായി. ഈ പശ്ചാത്തലത്തിൽ, കഴിഞ്ഞ കുറച്ചു മാസങ്ങളായി ഇതേ സാമ്രാജ്യത്വരാജ്യങ്ങൾ നേരേ പുറംതിരിയുകയും, വെകിളി പിടിച്ച് പരസ്പരം ചുങ്കവും എതിർചുങ്കവും അടിച്ചേൽപ്പിക്കുകയുമാണ്. മുഖ്യസാമ്രാജ്യത്വശക്തിയായ അമേരിക്ക തങ്ങളുടെതന്നെ പ്രവൃത്തിയെ വിശേഷിപ്പിച്ചതുപോലെ, അവർ സാമ്പത്തികദേശീയവാദത്തിനായി മുറവിളി കൂട്ടുന്നു. ഒപ്പം, മറ്റുള്ളവരെ ഞെരിച്ച് സമ്മർദ്ദത്തിലാക്കുകയും പരസ്യമായി ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു.

**ചുങ്കയുദ്ധങ്ങൾ തുടങ്ങുന്നു**

എന്താണ് കൃത്യമായും വാണിജ്യയുദ്ധം, അല്ലെങ്കിൽ ചുങ്കയുദ്ധം? ഏതെങ്കിലും രാജ്യം, വിദേശത്തു നിന്നുള്ള ചരക്കുകളുടെയും സേവനങ്ങളുടെയും കുത്തൊഴുക്കിൽ നിന്നും തങ്ങളുടെ ആഭ്യന്തരവ്യവസായത്തെ സംരക്ഷിക്കുവാനായി, ഇറക്കുമതിക്കുമേൽ ചുങ്കം അഥവാ താരിഫുകൾ എന്നു വിളിക്കുന്ന നികുതി ഏർപ്പെടുത്തുന്നു. അപ്പോൾ, സമാനമായ വാണിജ്യസംരക്ഷണവാദമുയർത്തി വിദേശരാജ്യങ്ങളും തിരിച്ചടിക്കുമ്പോൾ വാണിജ്യയുദ്ധം അഥവാ ചുങ്കയുദ്ധം രൂപം കൊള്ളുന്നു. ഇതിന് തീവ്രതയേറുമ്പോൾ അവസാനമത് അന്താരാഷ്ട്ര വ്യാപാരത്തെതന്നെ കുറയ്ക്കുന്നു. ഈ സ്വയംസംഹാര പ്രവൃത്തിയുടെ ഏറ്റവും പുതിയ പതിപ്പായി, യുഎസ് തങ്ങളുടെ സഖ്യശക്തികളായ യൂറോപ്യൻ യൂണിയൻ, കാനഡ, മെക്സിക്കോ എന്നീ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന ഉരുക്കിന് 25 ശതമാനവും അലൂമിനിയത്തിന് 10 ശതമാനവും നികുതി 2018 മെയ് 31 അർധരാത്രി മുതൽ ഏർപ്പെടുത്തി. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ "ആദ്യം അമേരിക്ക" (America First) എന്ന മുദ്രാവാക്യത്തിന് അനുബന്ധമാണ് ഈ നടപടികൾ. ഇതിനു മുന്നേ ഈ വർഷമാദ്യം, ചൈനയിലും ദക്ഷിണകൊറിയയിലുംനിന്നുള്ള അലക്കുയന്ത്രങ്ങൾ, സൗരോർജ്ജപാനലുകൾ തുടങ്ങിയവയുടെ ഇറക്കുമതിക്കും ട്രംപ് ചുങ്കം അടിച്ചേൽപ്പിച്ചിരുന്നു. ഇപ്പോൾ, യൂറോപ്യൻ യൂണിയനിലും കാനഡയിലും മെക്സിക്കോയിലുംനിന്ന് ഇറക്കുമതി ചെയ്യുന്ന കാറുകൾക്ക് 25% നികുതി ഏർപ്പെടുത്തുന്നതിനെപറ്റിയും അമേരിക്ക പറയുന്നു. മറ്റ് രാജ്യങ്ങൾ അമേരിക്കൻ ഉത്പന്നങ്ങൾ സ്വീകരിക്കുന്നതിലും ഏറെയാണ് അവരിൽനിന്നും അമേരിക്ക ഇറക്കുമതി ചെയ്യുന്നതത്രേ. ഇതുമൂലം വളരെ വലുതായ വ്യാപാരകമ്മിയാണ് അമേരിക്ക സഹിക്കേണ്ടി വരുന്നത്. അനന്തരം അത് അമേരിക്കൻ ജനതക്കും വളരെയധികം ബുദ്ധിമുട്ടുകൾ വർഷങ്ങളായി നൽകുന്നു. ഇത് ചൂണ്ടിക്കാട്ടിയാണ്, അമേരിക്ക തങ്ങളുടെ നടപടികളെ ന്യായീകരിക്കുന്നത്. പക്ഷേ, ഈ പറയുന്ന കമ്മി ഉണ്ടായിട്ടും, അമേരിക്കൻ കുത്തകകൾക്ക് ഭീമമായ നികുതിയിളവുകൾ നൽകുന്നതിൽ ട്രംപ് വീഴ്ച വരുത്തിയിട്ടില്ല. മറ്റ് ചില വാദങ്ങളും ഉന്നയിക്കപ്പെടുന്നു. ഉത്തര അമേരിക്കൻ സ്വതന്ത്രവ്യാപാര ഉടമ്പടിയിൽ(NAFTA) സൗജന്യങ്ങൾ നൽകാൻ നിർബന്ധിതമാക്കുന്നതിന് മെക്സിക്കോയ്ക്കുമേൽ സമ്മർദ്ദം ചെലുത്താനാണ്, മെക്സിക്കൻ കാറുകൾക്കുള്ള ചുങ്കം ലക്ഷ്യം വെക്കുന്നതത്രേ. അമേരിക്കൻ പ്രസിഡന്റ് പദത്തിലോറാൻ ട്രംപ് ഉപയോഗിച്ച മറ്റൊരു പ്രിയമുദ്രാവാക്യമായിരുന്നു, 'അനധികൃത കുടിയേറ്റക്കാർ മൂലമാണ് അമേരിക്കക്കാർക്ക് ജോലികൾ നഷ്ടപ്പെടുന്നത്', എന്നുള്ളതും ഇവിടെ ഓർമിക്കേണ്ടതാണ്. അതിൽ മെക്സിക്കോയെ ഉന്നം വെച്ചിരുന്നു. മാത്രവുമല്ല, ഏറെനാളായി പറഞ്ഞുകൊണ്ടിരുന്നതുപോലെ, 60 ശതകോടി ഡോളറിന്റെ മൂല്യമുള്ള ചൈനീസ് ഉൽപ്പന്നങ്ങൾക്കെതിരേ ശിക്ഷാനടപടികൾ ആരംഭിക്കുന്നതിനും ട്രംപ് നീക്കം നടത്തുകയുണ്ടായി. ജൂലൈ 6ന്, 34 ശതകോടി ഡോളറിന്റെ ചൈനീസ് യന്ത്രസാമഗ്രികളടക്കമുള്ള ഉത്പന്നങ്ങൾക്ക് ട്രംപ് നികുതി ഏർപ്പെടുത്തുകയും, അനവധി ശതകോടി ഡോളർ മൂല്യമുള്ള ചൈനീസ് ഉത്പന്നങ്ങൾക്കുമേൽ കൂടുതൽ കടുത്ത നടപടികൾ കൈക്കൊള്ളുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. ഉടനടി തിരിച്ചടിക്കുമെന്ന് ചൈനയും മുന്നറിയിപ്പ് നൽകി. മൂന്നു ദശകം നീണ്ട തങ്ങളുടെ സോഷ്യലിസ്റ്റ് പശ്ചാത്തലം കാരണം ഉത്പാദനച്ചെലവ് കുറവാണെന്നതിനാൽ, സമാന ഗുണനിലവാരവർക്കത്തിൽ ചൈനീസ് ഉത്പന്നങ്ങൾക്ക് വില കുറവായിരിക്കും എന്നതാണ് വസ്തുത. അതുകൊണ്ടു തന്നെ അമേരിക്കൻ കമ്പോളത്തിൽ ഇറക്കുമതി ചെയ്ത ചൈനീസ് ഉത്പന്നങ്ങൾ വന്ന് നിറയുന്നു. തത്ഫലമായി, ചൈനയുമായുള്ള അമേരിക്കയുടെ വ്യാപാരക്കമ്മി ഏകദേശം 375 ശതകോടി ഡോളറായി ഉയർന്നിരിക്കുകയാണ്. ഇത്, അവരുടെ മൊത്തം വ്യാപാരക്കമ്മിയുടെ 66% വരും. കൂടാതെ, മൽസരത്തിൽ മേധാവിത്വം പിടിച്ചെടുക്കുക എന്ന നീതിയുക്തമല്ലാത്ത ലക്ഷ്യത്തോടെ, സർക്കാർ നിർദേശത്തിൽ ഭീമമായ സബ്സിഡികൾ നൽകിക്കൊണ്ടുള്ള വ്യവസായനയത്തിന്റെ സവിശേഷസ്വഭാവം പുലർത്തുന്നു എന്നതാണ് ചൈനയിൽ ആരോപിക്കപ്പെടുന്ന ഒരു കുറ്റം. ഇന്റർനെറ്റ് ചാരവൃത്തി നടത്തി, മറ്റ് രാജ്യങ്ങളിൽനിന്നും, വിശേഷിച്ചും യുഎസ്എയിൽനിന്ന്, ബൗദ്ധികസ്വത്ത് മോഷ്ടിക്കുന്നതടക്കം ചെയ്യുന്നു എന്നതാണ് ചൈനക്കെതിരേ അമേരിക്ക മുന്നോട്ടുവെക്കുന്ന കുറ്റപത്രത്തിലെ മൂന്നാമത്തെ ആരോപണം. മതിയായ സാമ്പത്തിക കരുത്തും ആധിപത്യാഭിലാഷങ്ങളും കൈവന്ന ഒരു സമ്പൂർണ്ണ മുതലാളിത്ത രാജ്യമാണ് ഇപ്പോൾ ചൈനയെന്നത് നമ്മൾ വിട്ടുപോകരുത്. ആഗോളമുതലാളിത്ത കമ്പോളത്തിലെ കടുപ്പമേറിയ എതിരാളിയാണ് ഇന്നവർ. മറ്റേതൊരു സാമ്രാജ്യത്വ-മുതലാളിത്ത രാജ്യത്തെയും പോലെതന്നെ അവരും പല നിയമങ്ങളും ധാരണകളും തെറ്റിച്ച് കാര്യങ്ങൾ നേടാം. സാമ്രാജ്യത്വത്തിന്റെ എല്ലാ ദുഷ്ചെയ്തികളും അനുഷ്ഠിക്കാം. അല്ലെങ്കിൽത്തന്നെ ഏതൊരു സാമ്രാജ്യത്വ-മുതലാളിത്ത രാജ്യമാണ് അങ്ങനെയൊക്കെ ചെയ്യാത്തത്? കേംബ്രിഡ്ജ് അനലിറ്റിക്കയും ഫേസ്ബുക്കും പോലെയുള്ള കമ്പനികൾ ലോകമൊട്ടാകെനിന്നും വിവരം ചോർത്തുന്ന വാർത്ത കേട്ട് നമ്മൾ ഞെട്ടിയിട്ട് മൂന്നു മാസങ്ങൾ പിന്നിടുന്നതേയുള്ളു. യുഎസ് കോർപ്പറേറ്റ് ഭീമൻ ഫേസ്ബുക്കിന്റെ മേധാവി സുക്കർബർഗ് ഇതിന്റെ പേരിൽ പരസ്യമായി മാപ്പു ചോദിക്കേണ്ടി വന്നു. ഇപ്പോൾ അതേ യുഎസ് ആണ്, മോഷണത്തിന്റെ പേരിൽ മറ്റുള്ളവരെ കുറ്റപ്പെടുത്താനായി ഒച്ചയെടുക്കുന്നത്. കൊള്ളാം!

ഇതിനോട് ചേർന്നുതന്നെയാണ്, ലോകത്തെ ഏറ്റവും വികസിതമായ ഏഴു സാമ്രാജ്യത്വരാജങ്ങളുടെ കൂട്ടായ്മയായ ജി-7, 44-ാം സമ്മേളനത്തിനായി കൂടിയത്. കാനഡയിലെ ക്യൂബക്കിൽ 2018 ജൂൺ 8, 9 തീയതികളിൽ കൂടിയ സമ്മേളനത്തിൽ, യുഎസ്എ, യുകെ, ജർമനി, ഫ്രാൻസ്, കാനഡ, ജപ്പാൻ, ഇറ്റലി എന്നീ അംഗരാജ്യങ്ങൾ പങ്കെടുത്തു. ലോകത്തെ ഏറ്റവും വലിയ സാമ്രാജ്യത്വശക്തികൾക്കിടയിലെ പരസ്പരവൈരുദ്ധ്യങ്ങളും, മുതലാളിത്തപ്രതിസന്ധി മറികടക്കാനുള്ള തന്ത്രങ്ങളിൽ മുൻനിരമുതലാളിത്ത രാജ്യങ്ങൾക്കിടയിലുള്ള തീക്ഷ്ണമായ അനൈക്യവും, തുറന്നു കാട്ടാൻ അധികം സമയം വേണ്ടിവന്നില്ല. തങ്ങൾ പ്രഖ്യാപിച്ച ചുങ്കനടപടികളിൽ ഉറച്ചുനിൽക്കുന്നുവെന്നും, മറ്റു രാജ്യങ്ങൾ അമേരിക്കൻ ഉത്പന്നങ്ങൾക്കുമേൽ ചുമത്തിയിട്ടുള്ള നികുതികൾ വെട്ടിക്കുറക്കുകയോ നിർത്തലാക്കുകയോ ചെയ്തില്ലെങ്കിൽ കടുത്ത നടപടികൾ നേരിടേണ്ടിവരും എന്നുമൊക്കെ പോർവിളി മുഴക്കിക്കൊണ്ടാണ് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വന്നത്. "അവർ വെല്ലുവിളിച്ചാൽ അത് ഒരു ബുദ്ധിമോശം കാണിക്കുകയായിരിക്കും" എന്നാണ് അദ്ദേഹം ഭീഷണി ഉയർത്തിയത്. "എല്ലാവരും കൊള്ളയടിക്കുന്ന പണപ്പെട്ടി പോലെയാണ് ഞങ്ങൾ. അത് അവസാനിക്കുന്നു," അദ്ദേഹം കൂട്ടിച്ചേർത്തു. യുഎസ്എയുടെ തന്നെ സൃഷ്ടിയായ നോർത്ത് അറ്റ്ലാന്റിക് ട്രീറ്റി ഓർഗനൈസേഷനെ(നാറ്റോ) ഗർവോടെ പുച്ഛിച്ചുതള്ളിക്കൊണ്ട്, അത് ഉത്തര അമേരിക്കൻ സ്വതന്ത്രവ്യാപാര കരാർ പോലെ ചീത്തയാണെന്നാണ് ട്രംപ് പറഞ്ഞത്. നാറ്റോയുടെ ഏകദേശം മുഴുവൻ ചെലവും യുഎസ് വഹിക്കുന്നത്, കച്ചവടത്തിൽ തങ്ങളെ വലിച്ചു കീറുന്ന രാജ്യങ്ങളെ സംരക്ഷിക്കുന്നതിൽ സഹായിക്കാനാണെന്ന് പറഞ്ഞാണ് ട്രംപ് വിഷം ചീറ്റിയത്. സൈനികച്ചെലവിനെ കച്ചവട ഉടമ്പടികളുമായി ബന്ധിപ്പിക്കുവാനും, അമേരിക്കയുടെ ദേശീയ സുരക്ഷയ്ക്കും തൊഴിലാളികളുടെ ജോലികൾ സംരക്ഷിക്കാനും നികുതികൾ അത്യാവശ്യമാണെന്ന് വാദിക്കാനും തീരുമാനിച്ചുറച്ചാണ് ട്രംപ് ജി-7 ഉച്ചകോടിക്ക് എത്തിയതെന്നാണ് വ്യക്തമാകുന്നത്.

ജി-ഏഴിലെ അമേരിക്കയുടെ ഉറച്ച അനുയായികളിൽനിന്നുപോലും അവർ ഒറ്റപ്പെട്ടു എന്നത് പ്രതികരണങ്ങളിൽനിന്നും വ്യക്തമാവുകയാണ്. ആര് ആരെ വലിച്ചുകീറി എന്ന ചോദ്യത്തിനുമുന്നിലേക്കാണ് ജർമനിയുടെ ചാൻസലർ ഏഞ്ചലാ മെർക്കൽ, ട്രംപിനെ വലിച്ചിട്ടത്. തങ്ങളെ വീണ്ടും വീണ്ടും കൊള്ളയടിക്കുന്നത് ഇനി അനുവദിക്കാനാകില്ലെന്നും, അങ്ങനെ വന്നാൽ തങ്ങളും തിരിച്ചടിക്കുമെന്നും അവർ പറഞ്ഞു. കോപപ്രകടനങ്ങളോ ഉത്തരവാദിത്തമില്ലാത്ത പ്രസ്താവങ്ങളോ കൊണ്ടല്ല അന്താരാഷ്ട്ര സഹകരണം നിർണ്ണയിക്കേണ്ടതെന്നായിരുന്നു ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോണിന്റെ കടുത്ത പ്രതികരണം. 'വളരെ സത്യസന്ധമായ ചില ചർച്ചകൾ' നടന്ന ബുദ്ധിമുട്ടേറിയ ഒരു ഉച്ചകോടിക്ക്, വൈദഗ്ദ്ധ്യത്തോടെ ആധ്യക്ഷം വഹിച്ച കാനഡയുടെ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോക്ക് പ്രത്യേക അഭിനന്ദനം അറിയിച്ച യുകെ പ്രധാനമന്ത്രി തെരേസ മേയ്, സംയുക്തപ്രസ്താവനയിൽ തങ്ങൾ നൽകിയിട്ടുള്ള ഉറപ്പുകൾ പാലിക്കുമെന്ന് വാഗ്ദാനം ചെയ്തു. ട്രംപിന്റെ നടപടിയെത്തുടർന്ന് സംജാതമായ വ്യാപാര സ്ഥിതിവിശേഷം വീണ്ടും സമതുലിതമാക്കാൻ പ്രതിക്രിയാനയങ്ങൾ വേണ്ടിവരുമെന്ന് യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ജീൻ ക്ലോഡ് ജങ്കർ സൂചിപ്പിച്ചു. ആതിഥേയനായിരുന്ന കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ ആകട്ടെ, ഉച്ചകോടിക്കുശേഷം നടത്തിയ പത്രസമ്മേളനത്തിൽ, ഉരുക്കിനും അലൂമിനിയത്തിനുംമേൽ യുഎസ് ചുമത്തിയ ചുങ്കത്തോടുള്ള തന്റെ എതിർപ്പ് വീണ്ടും ആവർത്തിച്ചു. ജൂലൈ 1 മുതൽ തിരിച്ചടിച്ചുകൊണ്ടുള്ള നീക്കങ്ങളുമായി മുന്നോട്ടു പോകുമെന്നും അദ്ദേഹം ഉറപ്പു നൽകി. പരസ്യമായ തിരസ്കാരം നേരിട്ട ട്രംപ്, യുഎസ് പ്രതിനിധിയോട് സംയുക്ത പ്രസ്താവനയിൽ ഒപ്പുവെക്കരുത് എന്ന് നിർദേശിച്ചതായാണ് വിവരം. ജി-7 അങ്ങനെ ജി-6+1 ആയി മാറി.

അത് കേവലം വാക്കുകൾ കൊണ്ടുള്ള യുദ്ധം ആയിരുന്നില്ല. യുഎസ് അതിനോടകം തന്നെ നടപടികളെടുത്തുതുടങ്ങിയിരുന്നു. ജി-6+1 ഉച്ചകോടി മറ്റുള്ളവരുടെ ഭാഗത്തു നിന്നുള്ള നടപടികൾക്കും തിരികൊളുത്തി. 13 ശതകോടി ഡോളറിന്റെ യുഎസ് ഉത്പന്നങ്ങൾക്ക് കാനഡ നികുതി ചുമത്തി. കാർ ഇറക്കുമതി ചുങ്കത്തിന്മേൽ 300 ശതകോടി ഡോളറിന്റെ തിരിച്ചടിയാണ് യുഎസിന് യൂറോപ്യൻ യൂണിയൻ നൽകിയിരിക്കുന്ന മുന്നറിയിപ്പ്. കഴിഞ്ഞ വർഷം നടത്തിയ 19 ശതകോടി ഡോളറിന്റെ അമേരിക്കൻ കാർഷികോത്പന്ന ഇറക്കുമതി വെട്ടിച്ചുരുക്കുമെന്ന് മെക്സിക്കോ ഭീഷണി മുഴക്കിയത്, അമേരിക്കൻ കർഷകർക്ക് ഉത്കണ്ഠയും നിരാശയുമാണ് സമ്മാനിച്ചത്. 128 ഉത്പന്നങ്ങളുടെ 3 ശതകോടി ഡോളറിന്റെ യുഎസ് ഇറക്കുമതിക്കുമേൽ തിരിച്ചടിച്ചുങ്കം ഏർപ്പെടുത്താനുള്ള പദ്ധതി മാർച്ച് 23 ന് ചൈനയും പ്രഖ്യാപിച്ചു.

യുഎസ് സാമ്രാജ്യത്വത്തിന്റെ ശ്വാസം മുട്ടിക്കലും മറ്റു രാജ്യങ്ങളുടെ തിരിച്ചടിയും കുറയുന്നതിനു പകരം തുടരുകയാണ് ഉണ്ടായത്. ഇറാനിൽ നിന്നുള്ള എണ്ണ ഇറക്കുമതി കുറയ്ക്കുക അല്ലെങ്കിൽ ഉപരോധം ഏർപ്പെടുത്തും എന്ന ഭീഷണി, ഇന്ത്യയും ചൈനയുമടക്കമുള്ള എല്ലാ രാജ്യങ്ങളോടും, ഇറാനോട് ഇപ്പോൾ ശത്രുത പുലർത്തുന്ന യുഎസ് ജൂൺ 25ന് നടത്തി. എണ്ണയുത്പാദക രാജ്യങ്ങളോട് (ഒപെക്) ട്രംപ് പുലർത്തുന്ന സമീപനം, ഒപെക് രാജ്യങ്ങളോടും റഷ്യയുമായും ഒരു എണ്ണയുദ്ധത്തിലേക്കു തന്നെ നയിച്ചേക്കാമെന്ന ഭീതി, 'ബിസിനസ് ആൻഡ് ഫിനാൻസ്' മാസിക (2018

(ശേഷം 11-ാം പേജിൽ)

# ആഗോളവൽക്കരണം പ്രതിസന്ധി രൂക്ഷമാക്കുന്നു

(10-ാം പേജിൽ നിന്ന്)

ജൂലൈ 4) ഉയർത്തിയിരുന്നു. ഇരുരാജ്യങ്ങളുടെയും സൈന്യങ്ങൾക്ക് സുഗമമായി ഒരുമിച്ച് പ്രവർത്തിക്കുവാൻവേണ്ടി റഷ്യൻ യുദ്ധോപകരണങ്ങളിലുള്ള ആശ്രിതത്വം കുറയ്ക്കണമെന്നും, റഷ്യയിൽ നിന്നും മിസൈൽ പ്രതിരോധ സംവിധാനം വാങ്ങുന്നത് നിർത്തണമെന്നും ഇന്ത്യയോടും യുഎസ് ആവശ്യപ്പെടുകയുണ്ടായി. അമേരിക്കയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന 29 ഉത്പന്നങ്ങൾക്ക് കസ്റ്റംസ് ഡ്യൂട്ടി വർദ്ധിപ്പിച്ചുകൊണ്ട്, ചുങ്കം വർദ്ധിപ്പിച്ച യുഎസിനെതിരേ ഇന്ത്യയും തിരിച്ചടിച്ചു. ദാവോസിൽ നടന്ന ലോകസാമ്പത്തിക ഫോറത്തിന്റെ വാർഷികസമ്മേളനത്തിൽ, അമേരിക്ക നടപ്പാക്കുന്ന സംരക്ഷണവാദത്തെ, ചൈനയോടൊപ്പംചേർന്ന് ഇന്ത്യ വിമർശിക്കുകയും ആഗോളവൽക്കരണത്തിനായി വാദിക്കുകയും ചെയ്തു. യുഎസാകട്ടെ, ചൈനയെപ്പോലെ ഇന്ത്യയും തങ്ങളുടെ കയറ്റുമതിവ്യവസായങ്ങൾക്ക് അന്യായമായ സബ്സിഡികൾ നൽകുകയാണെന്ന് കുറ്റപ്പെടുത്തുകയും ചെയ്തു.

ഇതിനു സമാന്തരമായി, വളർന്നു വരുന്ന സാങ്കേതികവിദ്യാവ്യവസായത്തിന്റെ മേഖലയിൽ, സാങ്കേതികമായി പരസ്പരബന്ധിതമായ ലോകം എന്ന സങ്കൽപ്പം തന്നെ തകർച്ചയിലേക്കു ചായുകയാണ്. പകരം സാങ്കേതികവിദ്യാസംരക്ഷണവാദവും വേരുറപ്പിക്കുന്നു. ഇവിടെ മേൽക്കോയ്മക്കായി വിവിധ സാമ്രാജ്യത്വ-മുതലാളിത്തരാജ്യങ്ങൾ തമ്മിൽ മത്സരിക്കുന്നു. ചിലരീ കമ്പോളത്തെ നിയന്ത്രിക്കുവാൻ തങ്ങളുടേതായ വഴികൾ സൃഷ്ടിക്കുന്നു. ചൈനയാണ് ഈ മേഖലയിൽ ഇരതേടിയിറങ്ങിയിരിക്കുന്ന ഒരു കൂട്ടർ. ഗൂഗിളും ഫേസ്ബുക്കും പോലെയുള്ള വിദേശകമ്പനികളെ ചൈനീസ് സർക്കാർ നിരോധിച്ചിരിക്കുന്നു. ഇതുവഴി, ചൈനീസ് പ്രതിയോഗികളുമായി ലയിക്കാൻ മറ്റ് കമ്പനികൾക്കുമേൽ അവർ സമ്മർദം ചെലുത്തുന്നു. അങ്ങനെ, സ്വന്തം ബ്രാൻഡുകളും നിയമങ്ങളും സംസ്കാരവുമായി, കർശനനിരീക്ഷണത്തിനു കീഴിലുള്ള ഒരു ബദൽ ഇന്റർനെറ്റ് സംവിധാനം രൂപപ്പെടുത്തി, അതിലൂടെ ഇന്റർനെറ്റിൽ മാത്രമല്ല, ലോകസാങ്കേതികവിദ്യാവ്യവസായത്തിൽതന്നെ അധീശത്വം നേടാനാണവർ ശ്രമിക്കുന്നത്. ഫേസ്ബുക്ക് പോലെയുള്ള യുഎസ് കോർപറേറ്റ് ഭീമന്മാരെയും ചൈനീസ് ഉദ്യമങ്ങളെയും ലക്ഷ്യം വെച്ചുകൊണ്ടുള്ള പുതിയ വിവരസംരക്ഷണനിയമങ്ങൾ യൂറോപ്യൻ യൂണിയനും നടപ്പാക്കിയിരിക്കുന്നു. യൂറോപ്യൻ സ്ഥാപനങ്ങൾക്ക് കാലുറപ്പിക്കാനായി ഒരു പുതിയ ഡിജിറ്റൽ കമ്പോളത്തെക്കുറിച്ചും അവർ ആലോചിക്കുന്നു. ചില അറബ് രാജ്യങ്ങളും വാട്സാപ്പ് പോലെയുള്ള വിദേശസേവനങ്ങളെ നിരോധിച്ചിട്ടുണ്ട്. വിദേശസേവനങ്ങളെ നിരീക്ഷിക്കാനും നിയന്ത്രിക്കാനും ഉള്ള വഴികളാണ് റഷ്യയും ബ്രസീലും മറ്റ് പല രാജ്യങ്ങളും തേടുന്നതും. സാങ്കേതികവിദ്യയുടെ 'ആഗോളവല' അങ്ങനെ അപകടത്തിലായിരിക്കുന്നു.

രാജ്യങ്ങൾക്കതീതമായി, അച്ചടിമാധ്യമങ്ങളിലെ വലിയൊരു വിഭാഗം താരിഫ് യുദ്ധത്തിനെതിരെയുള്ള പോരാട്ടത്തിലാണ്. ദ് ന്യൂയോർക്ക് ടൈംസ് ജൂൺ 17ന് പ്രമുഖ സാമ്പത്തികശാസ്ത്രജ്ഞൻ പോൾ ക്രൂഗ്മാന്റെ ലേഖനം പ്രസിദ്ധീകരിക്കുകയുണ്ടായി. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും പ്രധാന വാണിജ്യയുദ്ധം 1930-ൽ സ്മൂട്ട്-ഹോളി ചുങ്കനിയമം തിരികൊളുത്തിയതാണെന്നാണ് ഇതിൽ അദ്ദേഹം ചൂണ്ടിക്കാട്ടുന്നത്. ഇതിലൂടെ അന്താരാഷ്ട്രവ്യാപാരം 60% കുറയുകയും, മഹാസാമ്പത്തികമാന്ദ്യത്തിന്റെ ദുരിതം കൂടുതൽ വഷളാക്കുകയും ദീർഘിപ്പിക്കുകയും ചെയ്തു എന്നത് തർക്കമില്ലാത്ത കാര്യമാണ്. നാസികളുടെ ഉദയത്തിനും അത് സംഭാവന ചെയ്തു. അദ്ദേഹത്തിന്റെ വിലയിരുത്തൽ പ്രകാരം, ഈ പുതിയ യുഎസ് ചുങ്കങ്ങളും അതിനോടുള്ള പ്രതികരണങ്ങളും, അന്താരാഷ്ട്ര വ്യാപാരത്തിന്റെ 70 ശതമാനവും കുറയ്ക്കാം. റിപ്പബ്ലിക്കൻ സെനറ്റർ ബെഞ്ചമിൻ എറിക് സസ്സേ ഒരു വെബ്സൈറ്റിൽ(terribletariffs.com) അഭിപ്രായപ്പെട്ടത് ഒരു വാണിജ്യയുദ്ധവും വിജയിച്ചിട്ടില്ലെന്നാണ്. റിപ്പബ്ലിക്കൻ പാർട്ടിയുടെ 107 ജനപ്രതിനിധികൾചേർന്ന് ഒപ്പിട്ട കത്തിൽ പ്രതിജ്ഞ ചെയ്യുന്നത്, പ്രസിഡന്റ് ട്രംപിന്റെ വാണിജ്യയുദ്ധവും ഭയാനകമായ നികുതികളും വേണ്ട എന്നും അമേരിക്കൻ സമ്പദ്‌വ്യവസ്ഥയെ സംരക്ഷിക്കുമെന്നുമാണ്. യുകെയിൽ നിന്നുള്ള 'ദ ഗാർഡിയൻ' 2018 ഏപ്രിലിൽ റിപ്പോർട്ട് ചെയ്തത്, കമ്പോളങ്ങൾ മുൻകരുതലെടുക്കുകയാണ് എന്നാണ്. ചുങ്കങ്ങൾ മൂലം കുറഞ്ഞ നിക്ഷേപം, കുറവ് തൊഴിൽ, കുറഞ്ഞ കൂലി എന്ന് ജനറൽ മോട്ടോർസ് രേഖപ്പെടുത്തിയ ഭീതി ഉദ്ധരിച്ചുകൊണ്ട് (ജൂലൈ 3), 'ദി എക്കണോമിസ്റ്റ്' വാരികയും അമേരിക്കൻ കമ്പനികളെ കുറിച്ചുള്ള ഉത്കണ്ഠ രേഖപ്പെടുത്തുന്നു. വിലകുറഞ്ഞ ലോഹങ്ങൾ ഇറക്കുമതി ചെയ്ത് ഉപയോഗിക്കുന്ന കമ്പനികൾ നഷ്ടത്തിലാകുകയും അടച്ചുപൂട്ടൽ ഭീഷണി നേരിടുകയും ചെയ്യുന്നുവെന്നും, അവർ തൊഴിലാളികളെ പിരിച്ചുവിട്ടു തുടങ്ങിയെന്നും 'വർക്കേഴ്സ് വേൾഡ്' കൂട്ടിച്ചേർക്കുന്നു. യൂറോപ്യൻ യൂണിയനിൽ നിന്നുള്ള തിരിച്ചടിചുങ്കം ഒഴിവാക്കുന്നതിനായി തങ്ങളുടെ ഉത്പാദനത്തിന്റെ ഏറിയ പങ്കും മെക്സിക്കോയിലേക്ക് മാറ്റുകയാണെന്ന് പ്രമുഖ മോട്ടോർ സൈക്കിൾ നിർമാതാക്കളായ ഹാർലി ഡേവിഡ്സൺ പ്രഖ്യാപിച്ചു. ട്രംപിന്റെ അവകാശവാദങ്ങൾക്ക് വിരുദ്ധമായി, സാധാരണക്കാരനെ, പ്രധാനമായും പെൻഷൻ പറ്റിയവരെയും സ്ഥിരവരുമാനക്കാരെയും കഠിനമായി ബാധിച്ചുകൊണ്ട് വില വർദ്ധിക്കുകയാണ് എന്നും 'വർക്കേഴ്സ് വേൾഡ്' പൊതുവിൽ നിരീക്ഷിക്കുന്നു.

### മുതലാളിത്തത്തിന്റെ തീവ്രകമ്പോള പ്രതിസന്ധിയിലാണ് വേരുകൾ

സ്വാഭാവികമായും ഇവിടെ ഉയരുന്ന ചോദ്യം, സാമ്രാജ്യത്വ-മുതലാളിത്തലോകത്തിന് എന്തു പറ്റിയെന്നതാണ്. മുതലാളിത്തപ്രതിസന്ധിയെ മറികടക്കാനുള്ള മാർഗമായി ലോകമെമ്പാടും നിർദേശിച്ച് മുന്നോട്ട് നീക്കിയ ആഗോളവൽക്കരണ-ഉദാരവൽക്കരണ-സ്വകാര്യവൽക്കരണത്തിന്റെ ആവേശപ്രചാരണം എവിടെ, എന്തുകൊണ്ട് പോയിമറഞ്ഞു? ഇപ്പോഴത്തെ സംഭവപരമ്പര വെളിപ്പെടുത്തുന്നത്, സാമ്രാജ്യത്വ-മുതലാളിത്തത്തിന് ഇതിന് ഉത്തരമില്ലെന്നാണ്. ഒരിക്കൽ ആഗോളവൽക്കരണത്തിന്റെ കടുത്ത വക്താവായിരുന്ന യുഎസ് സാമ്രാജ്യത്വം ഇന്ന് ചുങ്കങ്ങൾ ഏർപ്പെടുത്തുന്നതിനെപ്പറ്റി പറയുമ്പോൾ മറ്റുള്ളവർ അതിനെ എതിർക്കുന്നു. മറുവശത്ത്, അന്യായമായ പ്രതിബന്ധങ്ങൾ ഏർപ്പെടുത്തിയവർ എന്ന പഴി കേൾക്കുമ്പോഴും, ഇന്ത്യയെയും ചൈനയെയും പോലെയുള്ള രാജ്യങ്ങൾ ആഗോളവൽക്കരണത്തിനായി ശബ്ദമുയർത്തുന്നു. ചെറുതും വലുതുമായ സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങളുടെ ഇരട്ടമുഖമുള്ള ഇത്തരം നിഗൂഢതന്ത്രങ്ങൾ മനസ്സിലാക്കുന്നതിനായി നാം അംഗീകരിക്കേണ്ട ചില വസ്തുതകളുണ്ട്. എല്ലാ സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങളും ഒരേ പൊതുവേദിയിലാണ് നിലകൊള്ളുന്നത്. ആഭ്യന്തരമായും ആഗോളതലത്തിലും ഭയങ്കരമായ കമ്പോളപ്രതിസന്ധിയാണ് അവരെ ഉറ്റുനോക്കുന്നത്. അതേ സമയം തന്നെ, മഹാസാമ്പത്തികമാന്ദ്യത്തിലെ തങ്ങളുടെ ഭീകരപ്രതിസന്ധിയിൽ നിന്നും കരകയറുവാനും, കമ്പോളം തട്ടിയെടുത്ത് മറ്റുള്ളവർക്കുമേൽ അധീശത്വം സ്ഥാപിക്കുവാനുമായി രണ്ട് ലോകയുദ്ധങ്ങളാണ് ഈ സാമ്രാജ്യത്വ-മുതലാളിത്തശക്തികൾ നടത്തിയിട്ടുള്ളത്. എന്നാൽ അവരെ തീർത്തും നിരാശരാക്കിക്കൊണ്ട്, രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞപ്പോൾ ലോകമുതലാളിത്തത്തിന്റെ പിടിയിൽനിന്നും രക്ഷപ്പെട്ട് ലോകത്തിന്റെ മൂന്നിലൊന്ന് സോഷ്യലിസ്റ്റ് ചേരി രൂപീകരിക്കുകയാണ് ഉണ്ടായത്. സാമ്രാജ്യത്വത്തിന്റെ ലോകകമ്പോളം ദയനീയമായി ഞെരുക്കപ്പെട്ടു, പ്രതിസന്ധി ഇരട്ടിയായി.

ഈ പശ്ചാത്തലത്തിൽ, കൂടുതൽ വിശദാംശങ്ങളിലേക്ക് കടക്കാതെ തന്നെ, മുതലാളിത്തത്തിൽ അനിവാര്യമായും എങ്ങനെ കമ്പോളപ്രതിസന്ധി സൃഷ്ടിക്കപ്പെടുന്നു എന്നത് കുറച്ച് വാക്കുകളിൽ പറയുന്നത് ഉചിതമായിരിക്കും. തൊഴിൽശക്തിയെ സമ്പത്തിന്റെയും മൂല്യത്തിന്റെയും സ്രഷ്ടാക്കളായി കാണുന്ന ക്ലാസിക്കൽ സാമ്പത്തികശാസ്ത്രത്തിൽനിന്നും മുന്നോട്ടുപോയി, മുതലാളിത്തത്തിൽ തൊഴിൽശക്തി അനിവാര്യമായും മിച്ചമൂല്യം സൃഷ്ടിക്കുന്നു എന്ന് മാർക്സ് കാട്ടിത്തന്നു. സ്വത്തിന്റെ ഒരു രൂപമായ തന്റെ മൂലധനം ഉപയോഗിക്കുമ്പോൾ ഒരു മുതലാളി തൊഴിലാളിയുടെ അധ്വാനശക്തിയുടെ ഒരു നിശ്ചിത അളവ് വാങ്ങുന്നു. പക്ഷേ കുറഞ്ഞ അളവ് സമയത്തിനുള്ള കൂലി മാത്രമാണ് നൽകുക. അതായത്, 8 മണിക്കൂർ അധ്വാനശക്തി വാങ്ങുമ്പോൾ, തൊഴിലാളിക്ക് തട്ടിമുട്ടി ജീവിക്കാൻ ഉതകുന്നത് എന്ന പരിഗണനയിൽ, 4 മണിക്കൂറിനുള്ള കൂലി മാത്രമാണ് നൽകുക. അവശേഷിക്കുന്ന 4 മണിക്കൂർ അധ്വാനമിച്ചത്തെ സൂചിപ്പിക്കുന്നു. ഇതാണ് തൊഴിലാളിക്ക് കൈമാറാത്ത മിച്ചമൂല്യത്തെ ഉത്പാദിപ്പിക്കുന്നത്. ഈ മിച്ചമൂല്യം മുതലാളിയുടെ മൂലധനത്തിലേക്കാണ് ചേർക്കപ്പെടുന്നത്. ഇത് പല കാര്യങ്ങളും ധ്വനിപ്പിക്കുന്നു. ഒന്നാമതായി, മുതലാളിയല്ല, തൊഴിലാളികളാണ് തങ്ങളുടെ തൊഴിൽശക്തിയുപയോഗിച്ച് മൂലധനം സൃഷ്ടിക്കുന്നത്. രണ്ട്, അധ്വാനമിച്ചവും അത് സൃഷ്ടിക്കുന്ന മൂല്യവും അപഹരിച്ച് തങ്ങളുടെ ലാഭത്തിലേയ്ക്കും മൂലധനത്തിലേയ്ക്കും മുതൽകൂട്ടുന്നത് മുതലാളിമാരാണ്. മൂന്നാമതായി, മുതലാളിത്തകമ്പോളത്തിൽ എണ്ണംകൊണ്ട് ഉൽപ്പന്നങ്ങളുടെ ഏറ്റവും വലിയ ഉപഭോക്താക്കളായ തൊഴിലാളികൾക്ക് അങ്ങനെ അർഹമായ കൂലി നിഷേധിക്കപ്പെടുകയാണ്. ഇതാണ് മുതലാളിത്തചൂഷണം. നാല്, തൊഴിലാളികൾക്ക് അർഹമായതിലും കുറഞ്ഞ കൂലി മാത്രം നൽകുന്നു എന്നത് കൊണ്ട്, അവർക്ക് ആവശ്യമുള്ളതോ, വാങ്ങാൻ ആഗ്രഹമുള്ളതോ ആയ എല്ലാ സാധനങ്ങളും വാങ്ങാൻ സാധിക്കുന്നില്ല. കഷ്ടിച്ച് കഴിഞ്ഞുകൂടാനുള്ള വഴി മാത്രമേ അവർക്ക് ഉണ്ടാവുകയുള്ളൂ. അതുകൊണ്ടുതന്നെ അത് കമ്പോളത്തിൽ പ്രതിസന്ധി സൃഷ്ടിക്കുന്നു. വാങ്ങാൻ മതിയായ ക്രയശേഷിയുള്ള ഉപഭോക്താക്കളില്ലാതെ ഉൽപ്പന്നങ്ങൾ വിൽക്കാനാകാതെ കുന്നുകൂടുന്നു. ആവശ്യത്തിന് ഉൽപ്പന്നങ്ങളുണ്ടായിട്ടും കമ്പോളം ചുരുങ്ങുന്നു. ആളുകൾക്ക് അവ ആവശ്യമുണ്ട്, പക്ഷേ വാങ്ങാൻ സാധിക്കുന്നില്ല. ഇതാണ്, മുതലാളിത്തത്തിന് ഒഴിവാക്കാൻ സാധിക്കാത്ത കമ്പോളപ്രതിസന്ധി. ഇതാണ്, തൊഴിലാളിവർഗത്തിന്റെ മഹാന്മാരായ നേതാക്കൾ, മാർക്സും ഏംഗൽസും, 170 വർഷങ്ങൾക്കു മുമ്പ് - അതായത് രണ്ടു ലോകയുദ്ധങ്ങളും പൊട്ടിപ്പുറപ്പെടുന്നതിന് ഏതാനും ദശകങ്ങൾക്കു മുമ്പു തന്നെ, പ്രസിദ്ധീകരിച്ച തങ്ങളുടെ ഐതിഹാസികകൃതിയായ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ, 'അമിതോൽപ്പാദനത്തിന്റെ മഹാമാരി' എന്ന് അടയാളപ്പെടുത്തിയത്. പ്രതിസന്ധി വർദ്ധിക്കുന്തോറും പ്രതിസന്ധിഗ്രസ്തമായ കമ്പോളത്തിൽനിന്നും ഊറ്റിയെടുക്കാവുന്ന പരമാവധി ലാഭത്തിനായി മുതലാളിമാർ ആർത്തി കാണിക്കുന്നു. അതിനായി അവർ തൊഴിലാളികളെ കൂടുതൽ ചൂഷണം ചെയ്യുന്നു. ഈ നിർദയചൂഷണം ജനങ്ങളുടെ ക്രയശേഷിയെ കൂടുതൽ കൊള്ളയടിക്കുന്നു; വിൽക്കാനാകാത്ത കൂടുതൽ ഉൽപ്പന്നങ്ങൾ കൊണ്ട് കമ്പോളം നിറയുന്നു; വ്യവസായം സ്തംഭിക്കുന്നു; കൂടുതൽ രൂക്ഷമായ കമ്പോളപ്രതിസന്ധി വേരുപിടിക്കുന്നു. ചെറിയൊരു വിഭാഗം തൊഴിലാളികൾക്ക് താരതമ്യേന ഭീമമായ കൂലി നൽകി തങ്ങളുടെ നുകത്തിൻകീഴിൽ അവരെ നിലനിർത്താൻ മുതലാളി ശ്രമിക്കുമെങ്കിലും, മുതലാളിമാരുടെ ലാഭാർത്തിയെ തൃപ്തിപ്പെടുത്താൻ കുതിച്ചുയരുന്ന വിലകൾക്കുമുന്നിൽ അതും പെട്ടെന്നു തന്നെ അപര്യാപ്തമായി മാറും. അവശേഷിക്കുന്ന തൊഴിലാളികൾക്കാകട്ടെ, അവരുടെ നിലനിൽപ്പിനാവശ്യമായ കൂലി പോലും നൽകാതെ, മുതലാളിമാർ കൽപ്പിക്കുന്ന വ്യവസ്ഥകൾ അനുസരിച്ചുമാത്രം ജോലി ചെയ്യാൻ നിർബന്ധിതരാകുന്നു, അല്ലെങ്കിൽ പുറത്താക്കപ്പെടുന്നു. ഞെരുങ്ങുന്ന ക്രയശേഷി തൊഴിലാളികൾക്കുമേൽ കനത്ത ആഘാതമായി പതിക്കുമ്പോൾ കമ്പോളപ്രതിസന്ധിക്ക് ആഴമേറുന്നു, അമിതോൽപ്പാദനം വിപുലമാകുന്നു, ലയനം എന്ന മുഖംമൂടിയണിഞ്ഞ് പല ചെറിയ വ്യവസായങ്ങളെയും വമ്പന്മാർ വിഴുങ്ങുന്നു, മറ്റുള്ളവ തൊഴിലാളികളെ പിരിച്ചുവിടുന്നു അല്ലെങ്കിൽ അടച്ചുപൂട്ടുന്നു. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇവയിലേതെങ്കിലുമോ, എല്ലാം കൂടിയോ അർത്ഥമാക്കുന്നത് ജോലിയുടേയും വരുമാനത്തിന്റേയും ക്രയശേഷിയുടേയും നഷ്ടമാണ്. കമ്പോളപ്രതിസന്ധി വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽതന്നെ രണ്ട് ആചാര്യന്മാരും പ്രസ്താവിക്കുന്നു: "പിന്നെങ്ങനെയാണ് ഈ പ്രതിസന്ധികളിൽനിന്നും മുതലാളിത്തം കരകയറുക? ഒരു വശത്ത്, ഉൽപ്പാദനശക്തികളുടെ ഗണ്യമായ വിഭാഗത്തിന്റെ നിർബന്ധിതമായ നശീകരണത്തിലൂടെ; മറുവശത്ത്, പുതിയ കമ്പോളങ്ങൾ വെട്ടിപ്പിടിക്കുന്നതിലൂടെയും പഴയവയെ കൂടുതലായും പരിപൂർണമായും ചൂഷണം ചെയ്യുന്നതിലൂടെയും. അതായത്, കൂടുതൽ വിശാലവും വിനാശകരവുമായ പ്രതിസന്ധികൾക്ക് വഴിയൊരുക്കിയും, പ്രതിസന്ധികളെ പ്രതിരോധിക്കാനുള്ള മാർഗങ്ങളെ ക്ഷയിപ്പിച്ചും". എത്രയോ പ്രവചനപരമായിരുന്നു ആ വാക്കുകൾ! തങ്ങളുടെ പ്രതിസന്ധികളിൽനിന്നും കരകയറുവാനായി ഒന്നിനു പിറകേ ഒന്നായി ലോകയുദ്ധങ്ങളിലൂടെ, ഉൽപ്പാദകശക്തികളുടെ ഗണ്യമായ ഭാഗത്തെ നശിപ്പിച്ചും പുതിയ കമ്പോളങ്ങൾ വെട്ടിപ്പിടിച്ചും സാമ്രാജ്യത്വശക്തികൾ നടത്തിയ ശ്രമങ്ങൾ, കൂടുതൽ വിപുലവും വിനാശകരവുമായ പ്രതിസന്ധികൾക്കു മാത്രമാണ് വഴിയൊരുക്കിയത്. ഇന്ന് ട്രംപ് തള്ളിപ്പറയുന്ന നാറ്റോ പോലെയുള്ള സൈനികസഖ്യങ്ങൾ രൂപീകരിച്ച്, അന്ന് പുതുതായി ഉയർന്നുവന്നുകൊണ്ടിരുന്ന സോവിയറ്റ് റഷ്യയെ സകലവഴിയും ഉപയോഗിച്ച് വളഞ്ഞുനിർത്താൻ ശ്രമിച്ചു. പുതുതായി ഉയർന്നുവന്ന, പഴയ കോളനികളായിരുന്ന നവസ്വതന്ത്രരാജ്യങ്ങളിൽ നവകൊളോണിയൽ ചൂഷണം നടത്തി. ഒന്നല്ലെങ്കിൽ മറ്റൊരു സംഘടനയോ കൂട്ടുകെട്ടോ ഉണ്ടാക്കി സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങൾക്കിടയിലെ പരസ്പരവൈരുദ്ധ്യങ്ങളെ കുറയ്ക്കാൻ ശ്രമിച്ചു. എന്നിട്ടും, യുഎസ് സാമ്രാജ്യത്വം നേതൃത്വം നൽകിയ സാമ്രാജ്യത്വ-മുതലാളിത്തലോകത്തിന്, രണ്ട് ലോകയുദ്ധങ്ങൾക്ക് ജന്മം കൊടുത്ത രണ്ട് തീവ്രപൊതുകുഴപ്പങ്ങൾക്കുശേഷം വന്ന തീവ്രപൊതുകുഴപ്പത്തിന്റെ മൂന്നാം ഘട്ടം വഷളാകുന്നത്

(ശേഷം 12-ാം പേജിൽ)

**വികസിത രാജ്യങ്ങളിലാകട്ടെ, താരതമ്യേന ദുർബലരായ രാജ്യങ്ങളിലാകട്ടെ, ലോകത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ആഗോളവൽക്കരണമെന്നത് സാമ്രാജ്യത്വ ഭരണകൂടങ്ങൾക്ക് തങ്ങളുടെ മുതലാളിത്തചൂഷണം കിരാതമായി നടപ്പാക്കാനുള്ള ഒരു വഞ്ചനാപൂർണമായ മുദ്രാവാക്യമല്ലാതെ മറ്റൊന്നുമല്ല എന്ന് തിരിച്ചറിയാൻ അധികം സമയം വേണ്ടിവന്നില്ല. ഇതിന്റെ ഫലമായി, രോഷവും വെറുപ്പും ചെറുത്തുനിൽപ്പും ലോകമെമ്പാടും ഉയർന്നുവരുന്നു.**

# ലോക മുതലാളിത്ത സമ്പദ്ഘടന സ്തംഭനവും മാന്ദ്യവും നേരിടുന്നു

(11-ാം പേജിൽ നിന്ന്)

തടയാൻ സാധിച്ചില്ല. യുദ്ധങ്ങളിൽ വലിയ പരുക്കേൽക്കാതിരുന്ന യുഎസ് സാമ്രാജ്യത്വം, യുകെ, ഫ്രാൻസ്, ജർമനി തുടങ്ങിയ പഴയ സാമ്രാജ്യത്വശക്തികളെ മൂലക്കിരുത്തി, യൂറോപ്പിനുമേൽ തങ്ങളുടെ സ്വാധീനശക്തി വ്യാപിപ്പിച്ചു. കാലക്രമേണ, യുദ്ധം തകർത്ത തങ്ങളുടെ സമ്പദ്‌വ്യവസ്ഥകളുടെ ദൃഢത വീണ്ടെടുത്ത ഈ യൂറോപ്യൻ രാജ്യങ്ങൾ, തങ്ങളുടെ സ്ഥാനം വീണ്ടെടുക്കുന്നതിനായി യൂറോപ്യൻ സാമ്പത്തിക കൂട്ടായ്മയ്ക്കും തുടർന്ന് യൂറോപ്യൻ യൂണിയനും രൂപം നൽകി. ഇത്, മുതലാളിത്തലോകത്തിൽ യുഎസ് സാമ്രാജ്യത്വവും യൂറോപ്യൻ സാമ്രാജ്യത്വവും തമ്മിൽ പുതുവൈരുദ്ധ്യങ്ങൾക്ക് ജന്മം നൽകി. ലോകകമ്പോളത്തിന്റെ ഒരു ഭാഗം തങ്ങളുടെ നിയന്ത്രണത്തിൽ നിലനിർത്തുകയെന്ന താൽപ്പര്യസംരക്ഷണാർത്ഥം വിവിധ സാമ്രാജ്യത്വശക്തികൾ സൃഷ്ടിച്ച വിവിധ സൈനിക-സാമ്പത്തിക കൂട്ടായ്മകളുടെ വിധിയും മറ്റൊന്നായിരുന്നില്ല.

പക്ഷേ, രാവിലെ ഒരു കമ്പോളപ്രതിസന്ധി പരിഹരിക്കാൻ അവർ എത്രത്തോളം കിണഞ്ഞു പരിശ്രമിച്ചുവോ വൈകുന്നേരം പുതിയൊരു പ്രതിസന്ധിയിൽ അത്രത്തോളം സ്വയം കുടുങ്ങിക്കിടക്കുന്നതാണ് അവർ കാണുന്നത്.

**കമ്പോളപ്രതിസന്ധി പരിഹരിക്കുമെന്ന് വീമ്പിളക്കിയ ആഗോളവൽക്കരണം പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കുന്നു**

ആഴമേറിക്കൊണ്ടിരിക്കുന്ന കമ്പോളപ്രതിസന്ധിയിൽനിന്നും രക്ഷതേടിയുള്ള തീവ്രശ്രമത്തിൽ, സോഷ്യലിസ്റ്റ് ചേരിയില്ലാത്ത ലോകത്തിലെ ഒരു ആഗോളകമ്പോളത്തെക്കുറിച്ച് അവർ സ്വപ്നം കണ്ടുതുടങ്ങി. അങ്ങനെ ലോകമൊട്ടാകെ സ്വതന്ത്രവ്യാപാരവുമായി ആഗോളവൽക്കരണം വന്നു. താരിഫ് പ്രതിബന്ധങ്ങൾ കുറച്ചു, അല്ലെങ്കിൽ പൂർണമായും ഇല്ലാതാക്കി. സാമ്രാജ്യത്വം പരിപാലിച്ച് നിരീക്ഷിക്കുന്ന അന്താരാഷ്ട്ര നാണയനിധി തങ്ങളുടെ അടിസ്ഥാനവശങ്ങൾ നിർവചിച്ചപ്പോൾ, 1990ൽ ആരംഭിച്ച ആഗോളവൽക്കരണം ഒരു പ്രമാണമായി ഉറച്ചു മുന്നോട്ടുവെച്ചു. ഒരുകൂട്ടം മറ്റു നടപടികളും അതോടൊപ്പം ഉണ്ടായിരുന്നു. 1947 ലെ ജനറൽ എഗ്രിമെന്റ് ഓൺ താരിഫ്സ് ആൻഡ് ട്രേഡ്(GATT) പുനരുജ്ജീവിപ്പിച്ച് ലോക വ്യാപാര സംഘടനക്ക് (WTO) 1995 ജനുവരി 1ന് തുടക്കം കുറിച്ചു. പ്രത്യക്ഷത്തിൽ, ചരക്കുകളുടെ ആഗോളവ്യാപാരത്തിന് ഒരു നിയമ ഉടമ്പടിക്കായിരുന്നു എങ്കിലും, യഥാർത്ഥത്തിൽ ആഗോളകമ്പോളത്തിലെ സാമ്രാജ്യത്വകൊള്ളയ്ക്ക് നിയമസാധുത ഉരുത്തിരിയുന്നതിനും ഉറപ്പാക്കുന്നതിനുമായിരുന്നു ഇത്. ഇതോടൊപ്പം, സേവനങ്ങളിലുള്ള വാണിജ്യത്തിനായുള്ള പൊതു ഉടമ്പടി(GATS) സേവനമേഖലകളിലെ ആഗോളവ്യാപാരം ലോകമുതലാളിത്ത കമ്പോളത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്നു.

അതായത്, തീക്ഷ്ണമായ കമ്പോളപ്രതിസന്ധിയെ മറികടക്കുന്നതിനായി, മനുഷ്യപ്രവർത്തനത്തിന്റെയും ഉൽപ്പാദനത്തിന്റെയും സകലമാനവശങ്ങളും ആഗോളവൽക്കരണത്തിന്റെ ചിറകിനടിയിൽ കൊണ്ടുവന്നു. തടസ്സങ്ങളില്ലാത്ത സാമ്രാജ്യത്വ-മുതലാളിത്ത ചൂഷണം ഉറപ്പാക്കുവാനായി വിവിധ സംഘടനകൾ രൂപം കൊണ്ടു: ഭൂഗോളത്തിനുമേലുള്ള തങ്ങളുടെ പിടി നിലനിർത്താൻ പ്രധാന സാമ്രാജ്യത്വശക്തികളുടെ ജി-7; യൂറോപ്യൻ യൂണിയൻ അടക്കം 20 രാജ്യങ്ങൾക്ക് സാമ്പത്തിക സുസ്ഥിരത പ്രോൽസാഹിപ്പിക്കുന്ന നയങ്ങൾ ചർച്ച ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ള, സർക്കാരുകളുടേയും കേന്ദ്രബാങ്ക് ഗവർണർമാരുടേയും അന്താരാഷ്ട്രവേദിയായ ജി-20. ഈ നടപടികളിലൂടെയൊക്കെ സാമ്രാജ്യത്വശക്തികൾ തെളിയിക്കാൻ ശ്രമിച്ചത് അവർ പ്രതിസന്ധിയെ മറികടക്കുന്നു എന്നതാണ്.

**മുതലാളിത്തലോകത്തിന്റെ തകർച്ച, യൂറോപ്യൻ യൂണിയൻ ഒരു പരാജയപ്പെട്ട പരീക്ഷണം എന്ന് തെളിയിക്കപ്പെടുന്നു**

പക്ഷേ, യഥാർത്ഥത്തിൽ എന്തു സംഭവിച്ചു? സാമ്രാജ്യത്വത്തിന്റെ ലോകം ചാഞ്ചാടി. ജി-7ലെ ഭിന്നത അതിനെ ജി-6+1 ആക്കി; ജി-20 താറുമാറായിക്കിടക്കുന്നു. ലോകവ്യാപാരസംഘടനയുടെ ചട്ടങ്ങൾ പുതുക്കിയെഴുതാൻ ഇന്ത്യൻ കുത്തകകൾ ആവശ്യപ്പെടുന്നു. യുഎസ് സാമ്രാജ്യത്വത്തിന് പ്രതിരോധം തീർത്ത് യൂറോപ്യൻ സാമ്രാജ്യത്വ-മുതലാളിത്തം രൂപം കൊടുത്ത, യൂറോപ്യൻ യൂണിയൻ, ഉള്ളിൽ നിന്നു തന്നെയുള്ള വൈരുദ്ധ്യങ്ങളാൽ തകർച്ചയുടെ വക്കിലെത്തിയിരിക്കുന്ന ഒരു പരാജയപ്പെട്ട പരീക്ഷണമായിരിക്കുന്നു. നമ്മുടെ പാർട്ടി വളരെ മുമ്പേ തന്നെ നിർണ്ണയിച്ചതുപോലെ ഒറ്റ യൂറോപ്യൻ അസ്തിത്വം എന്നത് ഒരിക്കലും നടപ്പിൽ വരാത്ത ഒരു സ്വപ്നമാണ്. തുടക്കത്തിലെ ആത്മവിശ്വാസത്തിന്റെ കാലം കഴിഞ്ഞ് ഒരു ദശകമോ മറ്റോ പിന്നിടുമ്പോഴേക്കും യൂറോപ്യൻ രാജ്യങ്ങൾ വീണ്ടും കടുത്ത മാന്ദ്യത്തിന്റെ പിടിയിലായി. ഭീമമായ ബജറ്റ് കമ്മി, കമ്മി നികത്താൻ കമ്പോളത്തിൽ നിന്നു കടമെടുത്തു വർദ്ധിച്ച പൊതുകടം, അതിവേഗം പെരുകുന്ന തൊഴിലില്ലായ്മ. ഈ പ്രതിസന്ധിയിൽ നിന്ന് ഏതുവിധേനയും പുറത്തുകടക്കാനായി ജനങ്ങൾക്കുമേൽ ചെലവുചുരുക്കൽ നടപടികൾ അടിച്ചേൽപ്പിക്കുകയും, അതേസമയംതന്നെ മുതലാളിമാരെ രക്ഷിക്കുവാനായി ജനത്തിന്റെ പണം ഒഴുക്കുകയും ചെയ്യുന്നു. പൊരുത്തപ്പെട്ടു പോകാൻ കഴിയാത്ത രാഷ്ട്രീയപ്രതിസന്ധിയിലേക്കാണ് ഇത് നയിക്കുന്നത്. കമ്പോളപ്രതിസന്ധി ദുർബലരാക്കിയ അംഗരാജ്യങ്ങൾ ഇന്ന് പുറത്തുപോകുന്നതിനെക്കുറിച്ചാണ് ആലോചിക്കുന്നത്. ഗ്രെക്സിറ്റ് (ഗ്രീസിന്റെ പുറത്തുപോകൽ), ബ്രെക്സിറ്റ് (ബ്രിട്ടന്റെ പുറത്തുപോകൽ) എന്നിങ്ങനെ ചിലർ തീരുമാനമെടുത്തും കഴിഞ്ഞു. ഗ്രീസ്, പോർച്ചുഗൽ, അയർലന്റ്, സ്പെയിൻ, തുടങ്ങി ഭീമന്മാരായ ഇറ്റലിയും യുകെയും വരെ കുലുങ്ങിവിറച്ചിരിക്കുന്നു. യൂണിയനിൽ അടിയുറച്ചു നിൽക്കുന്നവർക്കിടയിലാകട്ടെ, ജർമനി പോലെ കൂടുതൽ ശക്തരായവരും ദുർബലരും തമ്മിലുള്ള വൈരുദ്ധ്യവും, ശക്തരായവർ തമ്മിൽത്തമ്മിൽ യൂണിയന്റെ നിയന്ത്രണം നേടാനുള്ള വൈരുദ്ധ്യവും മൂർച്ഛിക്കുന്നു. ഇതിൽനിന്നും നേട്ടം കൊയ്യുവാനും അനൈക്യത്തിന്റെ വിത്തുവിതയ്ക്കുവാനും യൂറോപ്യൻ യൂണിയൻ തലസ്ഥാനമായ ബ്രസൽസിലേക്ക് സ്ഥാനപതിയായി ഒരു യൂറോപ്യൻ ഐക്യവിരുദ്ധനെയാണ് അമേരിക്ക നിയമിച്ചിരിക്കുന്നതും.

**ആഗോളവൽക്കരണവും ജനങ്ങളും**

വികസിതവും ശക്തവുമെന്ന് പറയപ്പെടുന്ന രാജ്യങ്ങളിലാകട്ടെ, താരതമ്യേന ദുർബലരായ രാജ്യങ്ങളിലാകട്ടെ, ലോകത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ആഗോളവൽക്കരണമെന്നത് സാമ്രാജ്യത്വ ഭരണകൂടങ്ങൾക്ക് തങ്ങളുടെ മുതലാളിത്ത ചൂഷണം കിരാതമായി നടപ്പാക്കാനുള്ള ഒരു വഞ്ചനാപൂർണമായ മുദ്രാവാക്യമല്ലാതെ മറ്റൊന്നുമല്ല എന്ന് തിരിച്ചറിയാൻ അധികം സമയം വേണ്ടി വന്നില്ല. ഇതിന്റെ ഫലമായി, രോഷവും വെറുപ്പും ചെറുത്തുനിൽപ്പും ലോകമെമ്പാടും ഉയർന്നുവരുന്നു. അമേരിക്കയിൽത്തന്നെ 1 ശതമാനത്തിനു മേൽ 99 ശതമാനത്തിന്റേതെന്ന് വിശേഷിപ്പിച്ചുകൊണ്ട് നടത്തിയ വാൾസ്ട്രീറ്റ് പിടിച്ചടക്കൽ സമരം, എണ്ണസമ്പന്നമായ മധ്യപൂർവേഷ്യയിലെ അറബ് വസന്തമുന്നേറ്റങ്ങൾ, പണിമുടക്കുകളടക്കം യൂറോപ്പിൽ നടക്കുന്ന വമ്പൻ ജനകീയപ്രതിഷേധങ്ങൾ, ഇവയൊക്കെയും ഇതിന്റെ പ്രതിഫലനമാണ്. ഉദാഹരണത്തിന്, 2018 മാർച്ചിൽ, പൊതുസേവനങ്ങളുടെ സ്വകാര്യവൽക്കരണത്തിനെതിരേ രണ്ട് ലക്ഷം പൊതുമേഖലാ തൊഴിലാളികളാണ് ഫ്രാൻസിൽ സമരത്തിനിറങ്ങിയത്.

ഈ വെളിച്ചത്തിൽ വേണം ഇപ്പോഴത്തെ വാണിജ്യയുദ്ധത്തിന്റെ പോർവിളിയെ നമ്മൾ വിലയിരുത്തേണ്ടത്. ഇതൊരു പിഴച്ച പ്രസിഡന്റിന്റെ മുറവിളിയല്ല. മറിച്ച്, യുഎസ് സാമ്രാജ്യത്വഭരണകൂടത്തിന്റെ മൊത്തത്തിലുള്ള താത്പര്യത്തിന്റെ സമ്മർദം, ട്രംപ് തന്റേതായ രീതിയിൽ പ്രതിഫലിപ്പിക്കുകയാണ്. മറ്റ് സാമ്രാജ്യത്വരാജ്യങ്ങളുടെയും അവരുടെ പരസ്പര സഖ്യങ്ങളുടേയും ഭിന്നിപ്പുകളുടേയും, വികസിത പാശ്ചാത്യരാജ്യങ്ങളുടേയും, ഇന്ത്യയേയും ചൈനയേയും പോലെയുള്ള രാജ്യങ്ങളുടെയും ഒക്കെ പ്രതികരണങ്ങളും ഇതേ വെളിച്ചത്തിൽതന്നെ നാം കാണണം. ഇതിലോരോ രാജ്യവും ഭീഷണമായ കമ്പോളപ്രതിസന്ധിയും സാമ്പത്തികമാന്ദ്യവും തൊഴിലില്ലായ്മയും വ്യാപാരക്കമ്മിയും അടക്കമുള്ള കുഴപ്പങ്ങളിൽ മുങ്ങിയിരിക്കുകയാണ്. നിർദയമായ മുതലാളിത്തചൂഷണത്തിൽനിന്നും ഉരുത്തിരിയുന്ന ഒരു പ്രതിസന്ധിയിൽ നിന്നും കരകയറുമ്പോഴേക്കും മറ്റൊരു പ്രതിസന്ധി തീക്ഷ്ണമാവുകയാണ്. അവരുടെ ആഗോളവൽക്കരണ പരീക്ഷണം വ്യക്തമായും പരാജയപ്പെട്ടിരിക്കുന്നു. അതിന്റെ ഫലമായി അവരുടെ കമ്പോളപ്രതിസന്ധി കൂടുതൽ അഗാധമായിരിക്കുന്നു.

**മാറ്റം കൊണ്ടുവരാൻ ഉദ്ദേശിച്ചുള്ള മുതലാളിത്ത പരീക്ഷണങ്ങളിൽനിന്നും ജനങ്ങൾക്കൊന്നും പ്രതീക്ഷിക്കാനില്ല**

സ്വതന്ത്ര്യവ്യാപാരവും ആഗോളവൽക്കരണവും അതുപോലെതന്നെ സംരക്ഷണവാദവും, കമ്പോളപ്രതിസന്ധിയിൽനിന്നും കരകയറാൻ ഭരണമുതലാളിവർഗം കണ്ടെത്തുന്ന തന്ത്രങ്ങളാണെന്നത് നമ്മൾ വിട്ടുപോകരുത്. ഒരിക്കൽ ആഗോളവൽക്കരണത്തിന്റെ ആരാധകരായിരുന്ന യുഎസ് യഥാർത്ഥത്തിൽ ഒരു സ്വതന്ത്ര്യവ്യാപാര രാജ്യമായിരുന്നോ? ഒരിക്കലുമല്ല. സ്വതന്ത്ര്യവ്യാപാരത്തെക്കുറിച്ച് വളരെയേറെ പ്രസംഗിക്കുമ്പോൾത്തന്നെ, തങ്ങളുടെ സാമ്പത്തികമേഖലയിൽ വാണിജ്യപ്രതിബന്ധങ്ങളുടേതായ ഒരു സംരക്ഷണതലം അമേരിക്കൻ സർക്കാർ എപ്പോഴും നിലനിർത്തിയിരുന്നു. സ്വതന്ത്ര്യവ്യാപാരത്തെ അനുകൂലിച്ച റിപ്പബ്ലിക്കൻ പ്രസിഡന്റ് റൊണാൾഡ് റീഗൻ അമേരിക്കയിലേക്കുള്ള വാഹനകയറ്റുമതി ഏകപക്ഷീയമായി വെട്ടിച്ചുരുക്കാൻ ജപ്പാന്റെ മേൽ സമ്മർദം ചെലുത്തിയിരുന്നു. മറ്റൊരു സ്വതന്ത്ര്യവ്യാപാര അനുകൂലിയായ പ്രസിഡന്റ് ജോർജ് ഡബ്ല്യു ബുഷ്, വിദേശത്തു നിന്നുള്ള ഉരുക്കിനുമേൽ ചുങ്കം ഏർപ്പെടുത്തി. ഇക്കഴിഞ്ഞ പ്രസിഡന്റ് തെരഞ്ഞെടുപ്പിലെ പ്രധാന മത്സരാർത്ഥികളായ ഹിലരി ക്ലിന്റണും ഡൊണാൾഡ് ട്രംപും, വ്യാപാരവിഷയത്തിൽ ചില ചില്ലറ അഭിപ്രായവ്യത്യാസങ്ങൾ ഒഴിച്ചുനിർത്തിയാൽ, ബഹുരാഷ്ട്ര വാണിജ്യകരാറുകളോടുള്ള അമേരിക്കൻ പിന്തുണയെ ചോദ്യം ചെയ്യുകയും, ആഗോളവൽക്കരണത്തെ സംബന്ധിച്ച തൊഴിലാളി കേന്ദ്രീകൃത-ജനപക്ഷ വാചാടോപം നടത്തുകയും ചെയ്തു. ആകെത്തുകയിൽ, വർഷങ്ങളായി നിലനിൽക്കുന്ന ആഗോളവൽക്കരണം മൂലം, ഒരിക്കൽ അതിശക്തമായിരുന്ന യുഎസ് മുതലാളിത്ത സമ്പദ്‌വ്യവസ്ഥ ഇന്ന് എല്ലാത്തരത്തിലുമുള്ള പ്രതിബന്ധങ്ങളും അധഃപതനവും സ്തംഭനവും മാന്ദ്യവും നേരിടുകയാണ്.

ഇപ്പോഴത്തെ സംരക്ഷണവാദം ഒരു എതിർബലപ്രയോഗമാണ്. യുഎസ് സാമ്രാജ്യത്വത്തിന്റെ മൊത്തമായ താത്പര്യങ്ങൾ സംരക്ഷിക്കുവാനായി ഭരണവർഗത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയായാണ് ട്രംപ് പ്രസിഡന്റ് പദമേറുന്നത്. കമ്പോളപ്രതിസന്ധിയെ മറികടന്ന്, അതുവഴി ജനരോഷത്തിൽ നിന്നും മുതലാളിത്തസാമ്പത്തികഘടനയെ സംരക്ഷിക്കുവാൻ അദ്ദേഹം ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നു. അധികാരത്തിലേക്കുള്ള ഈ യാത്രയിൽ, അമേരിക്കൻ മുതലാളിത്തത്തിനും അതിന്റെ കോർപറേറ്റ് പ്രഭുക്കൾക്കും എതിരെ ജനങ്ങൾക്കുള്ള രോഷവും വെറുപ്പും തന്നെയാണ് ട്രംപ് ഉപയോഗപ്പെടുത്തിയത്. ഇവരെല്ലാം വഴിയൊരുക്കിയത്, തീക്ഷ്ണവും അയവില്ലാത്തതുമായ സാമ്പത്തികമാന്ദ്യം, ഉയരുന്ന തൊഴിലില്ലായ്മ, ദാരിദ്ര്യം, കിടപ്പാടമില്ലായ്മ, തുടങ്ങിയവയ്ക്കാണ്. ഇതിനുപുറമേയാണ്, സാംസ്കാരികവും ധാർമികവുമായ അധഃപതനം. പലപ്പോഴും നിഷ്കളങ്കരായ ജനങ്ങളെ മനോരോഗികളായ ചില വ്യക്തികൾ നിസ്സാരമായി കൊന്നുതള്ളുന്നതിലും, കറുത്ത വർഗക്കാർക്കെതിരേ നടക്കുന്ന ക്രൂരമായ പോലീസ് തേർവാഴ്ചയിലുമെല്ലാം ഇത് ദൃശ്യമാകുന്നു. 'ആദ്യം അമേരിക്ക', 'കുടിയേറ്റം അവസാനിപ്പിക്കുക', തുടങ്ങി ആളുകളുടെ വികാരത്തെ ഇളക്കുന്ന മുദ്രാവാക്യം ഉയർത്തിയാണ് ട്രംപ് ജനങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റാൻ ശ്രമിച്ചത്. ഈ കളി വളരെ വ്യക്തമാണ്. ആദ്യത്തേതിൽ, അമേരിക്കൻ ജനതയെ പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നത് തന്റെ ദൗത്യമാണെന്ന തെറ്റിദ്ധാരണയിൽ ജനങ്ങളെ ഉന്മത്തരാക്കാൻ ട്രംപ് ശ്രമിക്കുന്നു. രണ്ടാമത്തേതിൽ പ്രതിസന്ധിയുടെ കാരണം കുടിയേറ്റത്തിലേക്കും കുടിയേറ്റക്കാരുടെ തള്ളിക്കയറ്റത്തിലേക്കും കെട്ടിവെക്കാൻ അദ്ദേഹം ശ്രമിക്കുന്നു. ഇപ്പോൾ അധികാരത്തിലെത്തിയപ്പോൾ വർധിക്കുന്ന ജനങ്ങളുടെ പ്രതിഷേധത്തെ തണുപ്പിക്കുവാൻ ഇതേ മുദ്രാവാക്യങ്ങൾ തന്നെയാണ് അദ്ദേഹം ഉപയോഗിക്കുന്നതും. മറുവശത്ത്, പ്രതിസന്ധിഗ്രസ്തമായ ലോകമുതലാളിത്തത്തിന്റെ നേതൃശക്തികളിൽ ഒരാളെന്ന നിലയിൽ, യുഎസ് സാമ്രാജ്യത്വം ആഭ്യന്തരമായും ആഗോളതലത്തിലും സർവസംഹാരിയായ കമ്പോളപ്രതിസന്ധിയിൽ അതിവേഗം ആണ്ടുമുങ്ങിപ്പോവുകയാണ്. ഇതിനിടയിൽ, ഭരണമുതലാളിവർഗത്തിന്റെയും കുത്തകകളുടേയും അവരുടെ കോർപ്പറേറ്റ് കുടുംബങ്ങളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കാനുള്ള നടപടികൾ മാത്രം കൈക്കൊള്ളുമ്പോഴും, ജനരോഷം അൽപ്പം പോലും കുറയുന്നില്ലയെന്നതും ട്രംപ് ഭരണകൂടം കാണുന്നുണ്ട്. അപ്പോൾ അവർ പുതിയ അടവുകൾ കൈക്കൊള്ളുകയാണ്. ജനങ്ങൾക്കുമുന്നിലും, തന്റെ യജമാനനായ ഭരണമുതലാളിവർഗത്തിനു മുന്നിലും, യുഎസ് സമ്പദ്ഘടനക്ക് ഏറ്റവും സഹായിയായ, വാക്കുപാലിക്കുന്ന ഏക വ്യക്തി എന്നുള്ള പ്രതിച്ഛായ പുനർനിർമിക്കുക എന്ന ദുഷ്കരമായ ദൗത്യമാണ് യുഎസ് പ്രസിഡന്റിനുള്ളത്.

തന്റെ ഉപഭോക്താക്കളെ പിടിച്ചുനിർത്താൻ, മനംമയക്കുന്നതും എന്നാൽ അയഥാർത്ഥവുമായ അവകാശവാദങ്ങൾ കമ്പോളത്തിൽ സന്ദർഭോചിതമായി പ്രയോഗിക്കുന്ന ഒന്നാന്തരം കച്ചവടക്കാരനെപ്പോലെ, രാജ്യത്തിനകത്തും പുറത്തും ഗുരുതരമായ അനന്തരഫലങ്ങൾ ഉണ്ടാക്കുന്ന നടപടികളെടുക്കാൻ ശ്രമിക്കുകയാണ് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. അമേരിക്കയുടെ എല്ലാ പ്രധാന കച്ചവടപങ്കാളികളെയും ബാധിക്കുന്ന തരത്തിൽ വളരെയധികം വസ്തുക്കൾക്ക് ചുങ്കം ചുമത്തുകയും, ഫലത്തിൽ ഒരു വാണിജ്യയുദ്ധം തന്നെ പ്രഖ്യാപിക്കുകയും ചെയ്യുന്നത്, ട്രംപ് ഭരണകൂടം ലോകത്തിനുമുന്നിൽ അവതരിപ്പിക്കുന്ന ഏറ്റവും പുതിയ പ്രവചനാതീത നടപടികളിലൊന്നാണ്. ഈ നികുതികൾ കൂട്ടിയാലോ കുറച്ചാലോ അത് അമേരിക്കയിലെ സാധാരണക്കാരന്റെ ജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ പോകുന്നില്ല. മറിച്ച്, തങ്ങളുടെ ഓർഡറുകളും, അവശ്യസാധനങ്ങൾ ഇറക്കുമതി ചെയ്യാനുള്ള അവസരവും നഷ്ടമാകുമോയെന്ന ഭയത്തിലാണ് ഇപ്പോൾത്തന്നെ അമേരിക്കൻ കർഷകർ. പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്ന താരിഫുകളില്ലാത്ത അയൽ രാജ്യങ്ങളിലേക്ക് മാറുന്നതിനെക്കുറിച്ച് പല കമ്പനികളും ആലോചിക്കുന്നു.

വിദഗ്ദ്ധർ ഇതിനോടകം അഭിപ്രായപ്പെട്ടതുപോലെ, ദീർഘകാലാടിസ്ഥാനത്തിൽ വാണിജ്യയുദ്ധങ്ങൾ പ്രതിസന്ധികളെ രൂക്ഷമാക്കുകയേയുള്ളൂ. ഏറ്റവും മനുഷ്യത്വരഹിതമായ രീതിയിൽ നിഷ്കളങ്കരായ കുട്ടികളെ അവരുടെ മാതാപിതാക്കളുടെയടുത്തുനിന്നും വേർപിരിക്കുന്നതല്ലാതെ, കുടിയേറ്റപ്രശ്നം ഇതുകൊണ്ടൊന്നും പരിഹരിക്കപ്പെട്ടില്ല. തങ്ങൾക്ക് തുച്ഛവേതനത്തിന് അധ്വാനശക്തി ലഭിക്കാനായി ഒരിക്കൽ കുടിയേറ്റം പ്രോൽസാഹിപ്പിച്ചത് അ

(ശേഷം 13-ാം പേജിൽ)

സൈദ്ധാന്തിക പാഠങ്ങൾ

# വിപ്ലവപ്പാർട്ടി പ്രവർത്തകരുടെ പ്രവർത്തന ശൈലി

**(കഴിഞ്ഞ ലക്കം തുടർച്ച)**

നമ്മുടെ പാർട്ടിയിലെ പല നല്ല സഖാക്കളിലും കാണുന്ന ഒരു ദൗർബ്ബല്യമുണ്ട്. മറ്റ് പാർട്ടിക്കാരുമായി ചർച്ച നടത്തുമ്പോൾ അവരുടെ പ്രകോപനത്തിനിരയായി വിഷയത്തിൽനിന്ന് വ്യതിചലിക്കും. മറ്റു ചിലർ പാണ്ഡിത്യം പ്രകടിപ്പിക്കാനുള്ള വ്യഗ്രതയിലും ഇങ്ങനെ ചെയ്യും. വേണ്ടത്ര രാഷ്ട്രീയ പക്വത ആർജ്ജിക്കാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. അവർ ചർച്ചകളുടെ ഉദ്ദേശ്യം മറക്കുന്നു. എന്നാൽ, ആരെത്ര ശ്രമിച്ചാലും പക്വതയും കാര്യശേഷിയുമുള്ള ഒരാളെ വിഷയത്തിൽനിന്ന് വഴിതെറ്റിക്കാനാവില്ല. മറിച്ച്, പ്രതിയോഗികൾ വ്യതിചലിച്ചാലും അവർ കരുതലോടെ പ്രധാന വിഷയത്തിലേക്ക് ചർച്ചകളെ തിരിച്ചുകൊണ്ടുവരും. വിഷയം മാറ്റുന്നവരെ എങ്ങനെ പിടിച്ചുനിർത്തണമെന്ന് അവർക്കറിയാം. മിടുക്കനായ ഒരു മുക്കുവനിൽനിന്ന് ഒരു മത്സ്യത്തിന് രക്ഷപ്പെടാനാവുമോ? നിങ്ങളുടെ പക്കൽനിന്ന് അത് രക്ഷപ്പെടും, കാരണം നിങ്ങൾക്ക് മീൻപിടുത്തം വശമില്ല. അതുപോലെ ഈ ശേഷി കൈവരിക്കാൻ പാർട്ടിപ്രവർത്തകർക്ക് പരിശീലനം ആവശ്യമുണ്ട്. അക്കാദമിക പഠനത്തിലൂടെ മാത്രം അത് സാധിക്കുമോ? ഇല്ല, സാധിക്കില്ല.

മാർക്സിസത്തെപ്പറ്റിയുള്ള സൈദ്ധാന്തിക ക്ലാസ്സുകളിൽ പങ്കെടുക്കുകയെന്നത് വളരെ അത്യാവശ്യമാണ്. അവയുടെ പഠനവും വൈദഗ്ദ്ധ്യപൂർവ്വമുള്ള കൈകാര്യം ചെയ്യലും ഒഴിവാക്കിക്കൊണ്ട് ഒരാൾക്ക് പ്രവർത്തിക്കാനാവില്ല. പക്ഷെ ഈ ജ്ഞാനം പ്രയോഗത്തിലുള്ള അനുഭവവുമായി കോർത്തിണക്കപ്പെടുന്നില്ലെങ്കിൽ അയാളുടെ ജ്ഞാനത്തിന് മൂർച്ചയുണ്ടാവില്ല. മുതിർന്ന പല പാർട്ടി പ്രവർത്തകരും, അനുഭവങ്ങളിലൂടെ അനവധി കാര്യങ്ങൾ മനസ്സിലാക്കിയിട്ടുള്ള പ്രായോഗിക വൈദഗ്ദ്ധ്യമുള്ള പാർട്ടി പ്രവർത്തകരും, ക്ലാസ്സിക്കൽ മാർക്സിസം പഠിക്കുകയും അതിന്റെ ഉള്ളടക്കവും പ്രകടിത രൂപങ്ങളുമായി പരിചയപ്പെടുകയും ചെയ്യേണ്ടതിന്റെ അനിവാര്യത മനസ്സിലാക്കുന്നില്ല എന്നു കാണാം. പ്രധാന കാര്യങ്ങൾ ഗ്രഹിച്ചിട്ടുണ്ട് എന്നതിനാൽ ഇക്കാര്യങ്ങളുടെയൊന്നും ആവശ്യമില്ലെന്നാണ് അവരുടെ വിചാരം. അല്ല, അത് ശരിയല്ല. ഇവ അറിയേണ്ടത് അത്യന്താപേക്ഷിതമാണ്. കാരണം, ഒരാളുടെ ചിന്തകളെയും പ്രവർത്തനശൈലിയെയും പ്രവർത്തിക്കാനുള്ള ശേഷിയെയും ബഹുമുഖമാക്കുകയും മൂർച്ചയുള്ളതാക്കുകയും ചെയ്യണമെങ്കിൽ, എല്ലാ വിധത്തിലും ഒരാൾ സജ്ജമാകണമെങ്കിൽ, എല്ലാ തലങ്ങളിലും പ്രവർത്തിക്കുന്നതിന് പര്യാപ്തമായ അളവിൽ സ്വയം വളർത്തണമെങ്കിൽ, ഇവയെല്ലാം പഠിക്കേണ്ടത് വളരെ ആവശ്യമാണ്. ഓരോ സഖാവും സ്വയം വളർന്നുവരേണ്ടതുണ്ട്. നമുക്ക് ലഭിക്കുന്ന സമയവും അവസരവും നാം പ്രയോജനപ്പെടുത്തണം. ഒരുഭാഗത്ത്, നാം നമ്മുടെ പഠനം തുടരണം, പരസ്പരമുള്ള ചർച്ചകൾ നടക്കണം, നമ്മുടെയിടയിൽ സൗഹാർദ്ദപരമായ വാദപ്രതിവാദങ്ങളും അഭിപ്രായക്കൈമാറ്റങ്ങളും ഉണ്ടാകണം. അങ്ങനെ നമ്മുടെ ചിന്തയിൽ കൂടുതൽ വ്യക്തത വരുത്തണം. അതോടൊപ്പം, വിജയിച്ചാലും ഇല്ലെങ്കിലും, ജനങ്ങളുടെ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകാൻ നാം ശ്രമിക്കണം, അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകണം--ശേഷി കൈവരിക്കുന്നത് ഇപ്രകാരമെല്ലാമാണ്. നിരന്തരമായ സഹവാസം, നിരന്തരമായ ചർച്ചകൾ, നിരന്തരമായ പ്രവർത്തനം--ഇതായിരിക്കണം നമ്മുടെ നിലനിൽപ്പിന്റെ രീതി. ചർച്ചകൾ ഉദ്ദേശ്യപൂർണ്ണമായിരിക്കണമെന്നത് നാം ഓർത്തിരിക്കണം. തുടക്കം എങ്ങനെയായാലും അവസാനം അത് രാഷ്ട്രീയത്തിലെത്തണം. ചിട്ടയായ പരിശീലനമില്ലാതെ യാതൊന്നിലും പ്രാവീണ്യം നേടാനാവില്ല. അതിനാൽ സഖാക്കളെ ഇത് പഠിപ്പിക്കണം; പഠിക്കാനുള്ള അവസരം അവർക്ക് നൽകണം. വ്യക്തിപരമായ മുൻകൈ വർദ്ധിപ്പിക്കുക എന്നത് വളരെ പ്രധാനമാണ്. ഇക്കാര്യത്തിൽ, വ്യക്തിപരമായ പരിശ്രമത്തിന് ഒരു പങ്കുണ്ടെന്നതുപോലെ തന്നെ, മെച്ചപ്പെട്ട കമ്മിറ്റി പ്രവർത്തനത്തിലൂടെയും നേതൃത്വത്തിന്റെ പ്രവർത്തനശൈലി മെച്ചപ്പെടുത്തിക്കൊണ്ടും കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള പരിശ്രമങ്ങളുമുണ്ടാകണം. കമ്മിറ്റി പ്രവർത്തനം മെച്ചപ്പെടുത്തണമെന്ന് പറയുമ്പോൾ, മീറ്റിംഗുകളിൽ സഖാക്കൾക്ക് വിശദമായ ചർച്ചകളിൽ ഏർപ്പെടാനുള്ള അവസരമുണ്ടാകണമെന്നാണ് ഞാൻ അർത്ഥമാക്കുന്നത്. ഈ ചർച്ചകൾ അലോസരമുണ്ടാക്കുന്നതായാലും പ്രയോജനരഹിതമായാലും ആവർത്തനമായാലും വാദങ്ങളുടെയും എതിർവാദങ്ങളുടെയും രീതിയിൽ അവ വീണ്ടും അവതരിപ്പിക്കപ്പെട്ടാലും അതിനുള്ള അവസരം നൽകണം. നാം പരമാവധി ക്ഷമ കാട്ടണം. കമ്മിറ്റികളുടെ കൂട്ടായ പ്രവർത്തനത്തിന് അത് ആവശ്യമാണ്. അപ്രസക്തമായ ചർച്ചകളാണ് നടത്തുന്നത്, മറ്റുള്ളവരെ പ്രകോപിപ്പിക്കുകയാണ്, അഥവാ ആവശ്യത്തിലേറെ സമയം എടുക്കുകയാണ് എന്ന് തിരിച്ചറിയുന്നപക്ഷം, അത് നിയന്ത്രിക്കേണ്ടതുണ്ട്. പക്ഷെ, നിയന്ത്രിക്കാനുള്ള പ്രക്രിയയിൽ ചർച്ചകൾ നിർത്തിവയ്ക്കരുത്. ഒരു തീരുമാനം എടുക്കേണ്ടതുണ്ടെങ്കിൽ അതായത്, ആവശ്യത്തിലേറെ ചർച്ചകൾ നടന്നു, ഇനിയും അത് തുടരുന്നത് ഏറ്റെടുത്ത പ്രവർത്തനങ്ങൾക്ക് തടസ്സമാണ് എന്ന സ്ഥിതിവന്നാൽ, ഇടപെടാം. പക്ഷെ, ചർച്ചയുടെ അന്തസ്സത്ത കെടുത്തുന്ന തരത്തിലാവരുത് ഇടപെടൽ. അവർ ഗൗരവപൂർവ്വം ചിന്തിക്കുകയാണ്, എന്തൊക്കെയോ സംസാരിക്കാൻ ശ്രമിക്കുകയാണ്, പരിശോധിക്കുകയാണ്, ചർച്ച ചെയ്യുകയാണ് -- നിയന്ത്രിക്കാനുള്ള വ്യഗ്രതയിൽ അവരുടെ ഈ അഭിനിവേശത്തെ ഞാൻ നിരുത്സാഹപ്പെടുത്തരുത്. അതേസമയംതന്നെ, ചർച്ചയിൽ അഭിരമിക്കുന്ന പ്രവണതയെപ്പറ്റി നാം ബോധമുള്ളവരാവണം. തർക്കിക്കാൻവേണ്ടി തർക്കിക്കുക, സ്വയം പുകഴ്ത്തുക, ചർച്ചകൾ വെറുതേ നീട്ടിക്കൊണ്ടുപോകാൻ ശ്രമിക്കുക,--ഈ പ്രവണതകളിൽനിന്ന് നാം അവരെ മോചിപ്പിക്കണം. ശരിയായ തീരുമാനത്തിലെത്താൻ നമുക്ക് ചർച്ചകൾ ആവശ്യമാണ്, പക്ഷെ എങ്ങനെയാണ് കാര്യമാത്രപ്രസക്തമായും വ്യക്തമായും സംസാരിക്കുന്നതെന്ന് നാം അവരെ പഠിപ്പിക്കണം. സാധ്യമായിടത്തോളം വ്യക്തതയോടെ, സംക്ഷിപ്തമായി, പ്രധാന വിഷയം കൊണ്ടുവരിക എന്നതാണ് ഒരു രീതി. വാദ-പ്രതിവാദങ്ങളിൽ കെട്ടുപിണഞ്ഞ് എവിടെയുമെത്താതെ പോകുന്നതാണ് മറ്റൊരു രീതി. ഉണ്ടായിരുന്ന വ്യക്തതപോലും ബഹളത്തിൽ തകരാറിലാവും. നല്ലതല്ലാത്ത ഈ പ്രവണത ഒഴിവാക്കാൻ നാം സഖാക്കൾക്ക് മാർഗ്ഗനിർദ്ദേശം നൽകണം. പക്ഷെ അതിനർത്ഥം, ചർച്ചകളും വാദപ്രതിവാദങ്ങളും നടത്താനുള്ള അവരുടെ വ്യഗ്രതയെ നശിപ്പിക്കണമെന്നല്ല. മോശമായ പ്രവണതകൾ നാം ചൂണ്ടിക്കാട്ടണം, അതേസമയം തന്നെ, അവർ ചർച്ചകളിൽ സ്വയമേവ മുഴുകുന്നതിനെ പ്രോത്സാഹിപ്പിക്കുകയും വേണം. ഇത് പ്രയാസമുള്ള ഒരു കാര്യമാണ്. ഇതെങ്ങനെ നിറവേറ്റണമെന്ന് നേതാക്കൾ പഠിക്കണം. വിമർശിക്കുക, വഴക്കുപറയുക അങ്ങനെ സംസാരിക്കാനുള്ള അവരുടെ അഭിനിവേശവും ആഗ്രഹവും അപ്രത്യക്ഷമാകുക, അവർ തുറന്നു സംസാരിക്കാൻ വിമുഖരാകുക--അങ്ങനെയൊരു അവസ്ഥ ഉണ്ടാകരുത്. മറിച്ച്, ഭാവിയിൽ ചർച്ചകളിൽ പങ്കെടുക്കാനുള്ള അവരുടെ അഭിനിവേശത്തെ വർദ്ധിപ്പിക്കുന്ന തരത്തിലാവണം അവരെ നയിക്കേണ്ടത്. അവരുടെ സംസാരശൈലിയിൽ ഉദ്ദേശ്യപൂർണ്ണമല്ലാത്ത വാദങ്ങളുയർത്തി ചർച്ചകൾ നീട്ടിക്കൊണ്ടുപോകാനുള്ള പ്രവണത നിലനിൽക്കുന്നത് എവിടെ എങ്ങനെയാണെന്ന് തിരിച്ചറിയാൻ കഴിയുന്ന തരത്തിൽ അവർ നയിക്കപ്പെടണം. ഇവ്വിധത്തിൽ കേഡർമാരെ സാധ്യമാകുന്നത്ര സഹായിക്കണം. ഇവിടെ, കൂട്ടായ പ്രവർത്തനശൈലി അടിമുടി മാറ്റേണ്ടത് അനുപേക്ഷണീയമാണ്.

കഴിഞ്ഞ ക്ലാസ്സിൽ ഒരു കാര്യം ഞാൻ ചൂണ്ടിക്കാട്ടിയിരുന്നു. നമ്മുടെ കേഡർമാർ ഏറ്റവും ബോധമുള്ളവരും, അച്ചടക്കമുള്ളവരും, നമ്മുടെ പാർട്ടി നന്നായി പരിശീലിപ്പിക്കപ്പെട്ട ഒരു വിപ്ലവപ്പാർട്ടിയും ആണെന്ന് മറ്റുള്ളവർ പറയാറുണ്ട്--ഇത്തരം സംഭാഷണങ്ങൾ നമ്മുടെ സഖാക്കളുടെയിടയിൽ അതിരുകവിഞ്ഞ സംതൃപ്തിയാണ് ഉളവാക്കുന്നത്. നമ്മുടെ ദൗർബ്ബല്യങ്ങൾ നമ്മൾ തിരിച്ചറിയണം. കാര്യങ്ങൾ വ്യക്തമാക്കാനുള്ള ശ്രമത്തിൽ നേതൃത്വത്തിലുള്ള സഖാക്കൾപോലും വിഷയങ്ങളെ കൂട്ടിക്കുഴയ്ക്കുന്നു. കൃത്യതയോടെ വ്യക്തതയോടെ ആശയക്കുഴപ്പങ്ങൾ ഒഴിവാക്കി വെളിച്ചം പകർന്നുകൊണ്ട് നാം സംസാരിക്കണം. ജനങ്ങൾ നമ്മുടെ അടുത്തേയ്ക്ക് ആകർഷിക്കപ്പെടാൻ പ്രേരിപ്പിക്കുന്ന വിധത്തിൽ നാം വാദങ്ങൾ അവതരിപ്പിക്കണം. സ്വന്തം അറിവിനെപ്പറ്റി ഊറ്റംകൊള്ളുന്ന ചില സഖാക്കളുണ്ട്. മറുവശത്ത്, വളരെ മുതിർന്ന ചില സഖാക്കളുണ്ട്. എങ്ങനെയാണ് സംസാരിക്കേണ്ടത്, എപ്രകാരമാണ് ഒരു വിഷയം അവതരിപ്പിക്കേണ്ടത്, മറ്റുള്ളവർക്ക് പറയാനുള്ളതെല്ലാം കേട്ടതിനുശേഷം ഒരു വിഷയം എങ്ങനെയാണ് അവതരിപ്പിക്കേണ്ടത് --അതൊന്നും അവർ പഠിച്ചിട്ടല്ല.

ജനങ്ങൾക്കിടയിലുള്ള ആശയക്കുഴപ്പം അകറ്റാനായി തെറ്റായ രാഷ്ട്രീയത്തെയും മറ്റുള്ളവരുടെ അവസരവാദപരമായ രാഷ്ട്രീയത്തെയും തുറന്നുകാട്ടി നമ്മുടെ ശരിയായ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുക എന്നതാണ് ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ കടമ; പക്ഷെ, ഈ ഉദ്ദേശ്യം നിറവേറ്റുന്ന തരത്തിലാണോ നാം നമ്മുടെ പാർട്ടി പ്രസിദ്ധീകരണങ്ങൾ കൈകാര്യംചെയ്യുന്നത്? നിശ്ചയദാർഢ്യത്തോടെ അത് നടക്കുന്നില്ല എന്നാണ് ഞാൻ കരുതുന്നത്. എന്താണ് കാരണം? രാഷ്ട്രീയമായ മുൻകൈയുടെ അഭാവം ഇവിടെയുമുണ്ട് എന്നതാണ് കാരണം. പ്രചാരണമെന്നത് മഹത്തായ ഒരു കലയാണ്. തികഞ്ഞ ഒരു വിപ്ലവകാരിയാവാതെ, ചിന്തയിൽ സ്ഥിരസ്വഭാവത്തിലുള്ള വിപ്ലവകരമായ ലക്ഷ്യബോധം ആർജ്ജിക്കാതെ ഒരാൾക്ക് നല്ല പ്രചാരകനാവാൻ കഴിയില്ല. കാരണം, അങ്ങനെയാവാതെ ആ സഖാവിന് എന്താണ് പറയേണ്ടതെന്നോ അത്, എപ്പോൾ, എങ്ങനെ വേ

(ശേഷം 14-ാം പേജിൽ)

# വ്യാപാര യുദ്ധം

(12-ാം പേജിൽ നിന്ന്)

മേരിക്കൻ സാമ്രാജ്യത്വമാണ് എന്നത് അമേരിക്കൻ ജനത മറന്നുപോകരുത്. ഇന്ന് അസഹനീയമായ തൊഴിലില്ലായ്മ മൂലം, അമേരിക്കൻ ജനത വ്യവസ്ഥിതിക്കെതിരേ തിരിയാൻ നിർബന്ധിതരാകുമ്പോൾ, അതേ സാമ്രാജ്യത്വം, കുടിയേറ്റമാണ് തൊഴിലില്ലായ്മയ്ക്ക് കാരണം എന്ന വ്യാജപ്രചരണം നടത്തി, മനുഷ്യത്വരഹിതമായ, അയവില്ലാത്ത കുടിയേറ്റവിരുദ്ധനയങ്ങൾക്കായി ശബ്ദമുയർത്തുന്നു.

മുതലാളിത്തം അനിവാര്യമായും കമ്പോളപ്രതിസന്ധിക്ക് ജന്മം നൽകുന്നു. മറുകരയില്ലാത്ത ഈ കമ്പോളപ്രതിസന്ധിയിൽ, ജനങ്ങളുടെ ക്രയശേഷി നിരന്തരം കുറയുന്നു, അമിതോൽപ്പാദനത്തിന്റെ മഹാമാരി വേരുറപ്പിക്കുന്നു. ഇത് വ്യവസായ മുരടിപ്പിലേക്കും, സാമ്പത്തികമാന്ദ്യത്തിലേക്കും നയിച്ച്, ആളുകളെ പാപ്പരാക്കി കമ്പോളപ്രതിസന്ധിയുടെ ആഴം വർദ്ധിപ്പിക്കുന്നു. കമ്പോളപ്രതിസന്ധിയെ മറികടക്കാനായി രണ്ടു ലോകയുദ്ധങ്ങളാണ് മുതലാളിത്തം നടത്തിയത്. എന്നിട്ടും അത് ഇരട്ടിയായി. സമ്പദ്ഘടനക്ക് കൃത്രിമമായ ഉണർവുനൽകാനായി അത് സൈനിക-വ്യവസായ സങ്കരത്തെ വളർത്തി. അവിടെ കുത്തകകളും ആയുധവ്യാപാരികളും ഉൽപ്പാദിപ്പിച്ച ആയുധങ്ങൾ, രാജ്യങ്ങൾ ജനങ്ങളുടെ പണമെടുത്ത് വാങ്ങി ഈ വ്യവസായത്തെയും ആയുധ ഉൽപ്പാദകരുടെ ലാഭത്തേയും മുന്നോട്ടു നയിച്ചു. പിന്നീട് അത് യുദ്ധഭീതി വളർത്തി, ചിലപ്പോൾ പ്രാദേശികയുദ്ധങ്ങളും സംഘടിപ്പിച്ച് ആയുധങ്ങൾ ഉപയോഗപ്പെടുത്തുകയും, സൈനിക-വ്യവസായ സങ്കരത്തെ നിലനിർത്താൻ, ആയുധങ്ങൾ വീണ്ടും നിറയ്ക്കുവാനുള്ള അവസരം ഉണ്ടാക്കുകയും ചെയ്തു. അങ്ങനെ, ജനാധിപത്യത്തിന്റെ കാവലാളെന്ന് സ്വയം നടിക്കുന്ന അമേരിക്ക, അസംഖ്യം നിർദോഷികളായ ജനങ്ങളെ കുരുതികൊടുത്തുകൊണ്ടുപോലും തങ്ങളുടെ പ്രതിസന്ധിഗ്രസ്തമായ സമ്പദ്‌വ്യവസ്ഥയ്ക്ക് ജീവൻ നിലനിർത്താൻ എത്രയോ യുദ്ധങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കി. ഇന്ന് കൂടുതൽ ഭയാനകമായ പ്രതിസന്ധിയിൽ അവർ നാറ്റോയുടെ ചെലവിനെക്കുറിച്ച് ആവർത്തിക്കുന്നു, പക്ഷേ മറ്റ് കൂട്ടുകെട്ടുകൾ പരീക്ഷിക്കുന്നു. പ്രതിസന്ധി മറികടക്കാൻ മുതലാളിത്തം നിർദേശിച്ച ആഗോളവൽക്കരണം തിരിച്ചടിച്ചു. ഇപ്പോളത്, അപകടകാരിയായ സംരക്ഷണവാദം പരീക്ഷിക്കുന്നു. ഇത് സാമ്രാജ്യത്വവാദികളും സോഷ്യലിസ്റ്റുകളും തമ്മിലുള്ള ശീതയുദ്ധമല്ല. സോഷ്യലിസ്റ്റ് ചേരിയില്ലാത്ത ലോകത്ത് കമ്പോളത്തിനായുള്ള സാമ്രാജ്യത്വ ആർത്തികൊണ്ടു തന്നെ അത് ആവശ്യത്തിന് ചുട്ടുപഴുത്തിരിക്കുന്നു. റഷ്യയും ചൈനയുമൊക്കെ ഇന്ന് സാമ്രാജ്യത്വത്തിന്റെ എല്ലാ തിന്മകളും പേറുന്നു. മുതലാളിത്തത്തെ തകർത്തെറിയുകയല്ലാതെ, അതിന്റെ ചട്ടക്കൂടിനകത്ത് നിന്നുകൊണ്ട് ഈ പ്രതിസന്ധിക്ക് ശമനം കാണാനാകില്ലെന്നത് സംശയലേശമന്യേ തെളിഞ്ഞിരിക്കുന്നു. ഇതാണ് ഇന്ന് മനുഷ്യരാശിക്കുമുന്നിലുള്ള ചരിത്രപരമായ ദൗത്യം. ഒരു വിപ്ലവത്തിലൂടെ ഈ വ്യവസ്ഥിതിയെ വേരോടെ പറിച്ചെറിയാതെ ഈ ദൗത്യം പരിപൂർണമാകില്ല. ഇതേ ചൂഷണസംവിധാനത്തിന്റെ സംരക്ഷണത്തിലുള്ള, ചൂഷണത്തിലും വഞ്ചനയിലും മുങ്ങിക്കുളിക്കുന്ന ഭരണയന്ത്രത്തിനു കീഴിലെ തെരഞ്ഞെടുപ്പുകളിലൂടെ സ്ഥിതിക്കു മാറ്റമുണ്ടാകില്ല. സുദീർഘമായ തയ്യാറെടുപ്പാണ് വിപ്ലവം ആവശ്യപ്പെടുന്നത്. അതിനിടയിൽ ബഹുജനപ്രക്ഷോഭങ്ങൾ സംഘടിപ്പിച്ച് ഘട്ടംഘട്ടമായി വളർത്തിയെടുക്കേണ്ടതുണ്ട്. അതിലൂടെ ഒരു യഥാർത്ഥ വിപ്ലവനേതൃത്വം ഉയർന്നുവരികയും, അന്തിമവിപ്ലവപോരാട്ടത്തിന് അവർക്ക് പ്രേരകമാവുകയും ചെയ്യും. സാമ്രാജ്യത്വ ചുങ്കയുദ്ധത്തിനെതിരായ ജനകീയപ്രക്ഷോഭം ഇത്തരം ബഹുജനപ്രക്ഷോഭങ്ങളുടെ ഭാഗമാണ്.

ഇപ്പോഴത്തെ വാണിജ്യ, അഥവാ ചുങ്കയുദ്ധവും, അപരിഹാര്യമായ കമ്പോളപ്രതിസന്ധി കേന്ദ്രമാക്കി സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങൾക്കിടയിലെ വൈരുദ്ധ്യങ്ങളിലും കലഹങ്ങളിലും നിന്ന് ഉയർന്നുവന്നിട്ടുള്ളതാണ്. ഈ രാജ്യങ്ങളിലെ കുത്തകകൾക്ക് പരമാവധി ലാഭം കൈക്കലാക്കുന്നതിന് സഹായിക്കാൻ മാത്രം ലക്ഷ്യമിടുന്നതാണ് അത്. ഈ രാജ്യങ്ങളിലെ മുതലാളിമാരാൽതന്നെ ചൂഷണം ചെയ്യപ്പെട്ട് തൊലിയുരിക്കപ്പെടുന്ന അവിടങ്ങളിലെ സാധാരണജനങ്ങളുടെ താൽപ്പര്യങ്ങളുമായി അതിന് യാതൊരു ബന്ധവുമില്ല. ജനങ്ങൾ അതിൽനിന്നും യാതൊന്നും തന്നെ നേടുന്നുമില്ല. സാമ്പത്തികദേശീയവാദം എന്നൊക്കെയുള്ള മേലങ്കിയണിഞ്ഞുവരുന്ന സങ്കുചിതദേശീയതയുടെ മുദ്രാവാക്യങ്ങൾ കേട്ട് അവർ വഴിതെറ്റിപ്പോകരുത്. പകരം, ഇത്തരം ജനവിരുദ്ധ പദ്ധതികളും, വാണിജ്യയുദ്ധങ്ങളും അവസാനിപ്പിക്കണമെന്ന മുദ്രാവാക്യമാണ് അവർ ഉയർത്തേണ്ടത്. ഇത്തരം ഹീനമായ പരിശ്രമങ്ങൾ നിർത്താനാണ് അവർ തങ്ങളുടെ സർക്കാരുകൾക്കുമേൽ സമ്മർദം ചെലുത്തേണ്ടത്. ലോകവ്യാപാരം ന്യായാനുസൃതമായി, പരസ്പരപ്രേരകമായ തരത്തിൽ നടത്തണമെന്നാണ് അവർ ആവശ്യമുയർത്തേണ്ടത്. ഇപ്പോഴത്തെ താരിഫ് യുദ്ധം അതിന്റെ പാതയിൽ അവശേഷിപ്പിക്കുന്ന പാഠം ഇതാണ് ●

സൈദ്ധാന്തിക പാഠങ്ങൾ

# സൈദ്ധാന്തികജ്ഞാനം പ്രായോഗിക അനുഭവവുമായി കോർത്തിണക്കണം

*(13-ാം പേജിൽ നിന്ന്)*

ണമെന്നോ നിശ്ചയമുണ്ടാവില്ല. നാം സത്യത്തെ വളച്ചൊടിക്കാൻ പാടില്ല, പക്ഷെ അത് ഏത് രീതിയിൽ അവതരിപ്പിക്കണമെന്നത് വളരെ പ്രധാനമാണ്. വിപ്ലവകാരികൾ ഉദ്ദേശ്യത്തോടുകൂടിയല്ലാതെ യാതൊന്നും പറയില്ല, എല്ലാ കാര്യങ്ങളും എവിടെയും ഏതു സമയത്തും പറഞ്ഞുനടക്കുകയുമില്ല. ഒരു നിശ്ചിതസമയത്ത് ഒരു കാര്യം പറയുന്നത് അടിസ്ഥാന രാഷ്ട്രീയം അഥവാ പ്രധാന വിഷയം വിശദീകരിക്കുന്നതിന് പ്രയാസമുണ്ടാക്കുന്നതാണെങ്കിൽ നാം അത് പറയില്ല. ആവശ്യകതയാണെങ്കിൽ, മറ്റൊരു സമയത്ത് പറയും. എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചതെന്ന് ആരെങ്കിലും ചോദിച്ചാൽ ഉറപ്പായും നാം അത് പറയും, പക്ഷെ ഒരു പ്രത്യേക രീതിയിലും പ്രത്യേക സമയത്തും മാത്രം. ഒരു വിഷയം വ്യക്തമായി വിശദീകരിക്കുകയാണ് നമ്മുടെ ലക്ഷ്യമെങ്കിൽ, ആ വിഷയം വെളിവാക്കാനും കൂടുതൽ വ്യാഖ്യാനിക്കാനും മറ്റുള്ളവരുടെ ധാരണ കൂടുതൽ വ്യക്തമാക്കാനും കഴിയുന്ന താരതമ്യേന എളുപ്പമുള്ള കാര്യങ്ങൾ മാത്രമേ നാം മുന്നോട്ടുവയ്ക്കൂ. ആ വിഷയം എനിക്ക് വ്യക്തമല്ലെങ്കിൽ, ചിതറിയതും പരസ്പരബന്ധമില്ലാത്തതുമായ അനവധി കാര്യങ്ങൾ എഴുന്നെള്ളിക്കുന്ന എന്റെ പ്രവണത മൂലം, ഞാൻ വിശദീകരിക്കാനാഗ്രഹിക്കുന്ന പ്രധാന വിഷയം ഇരുണ്ടുപോകും. ആരെങ്കിലും ഇപ്രകാരം പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതിനർത്ഥം വിപ്ലവരാഷ്ട്രീയത്തിന്റെ അന്തഃസത്ത ആ സഖാവ് സ്വാംശീകരിച്ചിട്ടില്ല എന്നാണ്. ഈ പ്രശ്നം നേതൃതലത്തിൽപ്പോലും നിലനിൽക്കുന്നുണ്ട്. സാധാരണ സഖാക്കളെക്കുറിച്ച് ഇവിടെ പരാമർശിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. നേതാക്കൾ നടത്തുന്ന ചർച്ചകൾക്ക് ഒരു നിശ്ചിതമായ ഉദ്ദേശ്യമുണ്ട്; ഒരു റിപ്പോർട്ട് അവതരിപ്പിക്കുന്നതിന് രാഷ്ട്രീയമായ ഒരു ശൈലിയുണ്ട്. വിപ്ലവത്തെ പ്രതിനിധീകരിക്കുന്നവർ, എന്ത് സംസാരിക്കണമെന്നും എപ്പോൾ എങ്ങനെ സംസാരിക്കണമെന്നും അറിഞ്ഞിരിക്കണം. ഏറ്റവും ഫലപ്രദവും കൃത്യവും ആകുന്ന രീതിയിൽ സംസാരിക്കുന്നവർ മുഖ്യമായ രാഷ്ട്രീയ സമരത്തെ മുന്നോട്ടു നയിക്കാൻ സഹായിക്കും. ആശയക്കുഴപ്പങ്ങൾ ദൂരീകരിക്കുമ്പോൾ ജനങ്ങളുടെ ആത്മവിശ്വാസം നേടിയെടുക്കാനുള്ള സമരത്തെ ഹനിക്കുന്ന ശൈലിയിൽ അവർക്ക് സംസാരിക്കാനാവില്ല. ചില വസ്തുതകൾ ഉദ്ദേശ്യരഹിതമായി അവതരിപ്പിക്കുകയാണെങ്കിൽ സത്യം വ്യക്തമാക്കുന്നതിന് അത് തടസ്സമാകും...

വീഴ്ചകൾ സംഭവിക്കുന്നിടത്ത് വിമർശനങ്ങളുണ്ടാകും, പക്ഷെ അത് കുറ്റപ്പെടുത്താനാവരുത്, മറിച്ച് അവരെ സഹായിക്കാനാവണം. എനിക്കുനേരെ ഉരുന്ന വിമർശനങ്ങളുടെ മുന്നിൽ ഞാൻ എങ്ങനെയും എന്റെ അവസ്ഥയെ പ്രതിരോധിക്കാൻ വേണ്ടി സംസാരിക്കരുത്. ചില കാര്യങ്ങൾ ചെയ്യുന്നതിൽ എനിക്ക് വീഴ്ച സംഭവിച്ചു. പക്ഷെ അതിന്റെ പേരിൽ ഞാൻ മറ്റുള്ളവരെ കുറ്റപ്പെടുത്തരുത്. ഒരു വിപ്ലവകാരിയെ സംബന്ധിച്ചിടത്തോളം അത് അസംബന്ധമാണ്, അച്ചടക്കത്തിന് എതിരാവും എന്നതുമാത്രമല്ല. ആരെങ്കിലും എന്നെ കുറ്റപ്പെടുത്തിയാൽ, തൽക്ഷണം അവരെ തിരിച്ച് കുറ്റപ്പെടുത്തരുത്. അതിൽ സത്യമുണ്ടെങ്കിലും ആ സന്ദർത്തിൽ അങ്ങനെ ചെയ്യരുത്. പിന്നീട് അവൈയക്തികമായ രീതിയിൽ അത് ചെയ്യണം. ഞാൻ വിമർശനവിധേയമാകുമ്പോൾ അതിനെ പ്രതിരോധിക്കാനുള്ള ഒരു വാദമെന്ന നിലയിൽ ഞാൻ തിരിച്ച് കുറ്റപ്പെടുത്തുന്ന സ്വഭാവം ഒരു വിപ്ലവകാരി പുലർത്തേണ്ടുന്ന നൈതികതയ്ക്ക് വിരുദ്ധമാണ്. നല്ല ഒരുവിപ്ലവ പ്രവർത്തകന്റെ വളർച്ചയ്ക്ക് ഇക്കാര്യങ്ങൾ വളരെ പ്രധാനമാണ്.

സ്വന്തം പ്രവർത്തനശൈലിയും കൂട്ടായ പ്രവർത്തന ശൈലിയും മെച്ചപ്പെടുന്നുണ്ടോ എന്ന കാര്യത്തിൽ ഓരോ സഖാവും അതീവ ശ്രദ്ധാലുവാകണം. മെച്ചപ്പെട്ടു എന്നുപറഞ്ഞാൽ ഒരർത്ഥത്തിൽ അത് ആ സഖാവിൽ ഒരു ഗതിവേഗവും വികാരവും നൽകിയിട്ടുണ്ട് എന്നാണ്. നാം നമ്മുടെ പ്രവർത്തനശൈലി ലക്ഷ്യബോധത്തോടെ മെച്ചപ്പെടുത്തണം. നാമോരോരുത്തരുടെയും ഗതിവേഗം അത് വർദ്ധിപ്പിക്കണം, അത് നമ്മുടെ കാര്യക്ഷമതയും രാഷ്ട്രീയമായ മുൻകൈയും ഉയർത്തണം, നമ്മുടെ രാഷ്ട്രീയാവബോധം വളർത്തണം, നമ്മുടെ ജനകീയ ബന്ധങ്ങളും പാർട്ടി പ്രസിദ്ധീകരണങ്ങളുടെ വിൽപ്പനയും വർദ്ധിപ്പിക്കണം, നമ്മുടെ ബഹുജനസംഘടനകളെ കൂടുതൽ വിപുലീകരിക്കാൻ കാരണമാകണം. പാർട്ടി പ്രസിദ്ധീകരണങ്ങൾ നമ്മുടെ സന്തതസഹചാരിയാവണം. ആരെങ്കിലുമായി ചർച്ച ചെയ്യുമ്പോൾ ഏത് കൃതിയാണ് അദ്ദേഹത്തിന് നൽകേണ്ടതെന്ന് തിരിച്ചറിയാനും എത്രയുംവേഗം അത് നൽകാനും കഴിയണം...

പക്ഷെ, സഖാക്കൾതന്നെ ഏത് ലേഖനം ഏത് ലക്കത്തിൽ വന്നുവെന്ന് ഓർത്തുവയ്ക്കാറില്ല, കാരണം അവർ വായിക്കാറില്ല. പകുതിയിലേറെ സഖാക്കൾ അവരുടെ കോപ്പി ശ്രദ്ധാപൂർവ്വം വായിക്കുന്നില്ല. ജനങ്ങൾക്കിടയിൽ വളരെ സജീവമായി പ്രവർത്തിക്കുന്ന ചില സഖാക്കൾപോലും പത്രങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുന്നില്ല, അവർക്കിടയിൽ ചർച്ചചെയ്യുന്നുമില്ല. അപ്പോൾ, ഒരു പ്രധാനപ്പെട്ട ലേഖനം പാർട്ടിയുടെ ഏത് പ്രസിദ്ധീകരണത്തിൽ ഏത് ലക്കത്തിൽ വന്നുവെന്ന് അവർക്കെങ്ങനെ ഓർക്കാൻ കഴിയും? അതുകൊണ്ട്, സഖാക്കൾ പ്രസിദ്ധീകരണങ്ങൾ വായിക്കുന്നുണ്ടോ, അവ സൂക്ഷ്മമായി പഠിക്കുന്നുണ്ടോ, അവർക്കിടയിൽ ചർച്ചചെയ്യുന്നുണ്ടോ എന്നൊക്കെ നേതാക്കൾ ഉറപ്പുവരുത്തണം. യൂണിറ്റുകൾക്ക് സ്ഥിരമായി സർക്കുലറുകൾ നൽകിയാൽമാത്രം പോരാ. നേതാക്കൾ തമ്മിൽ പൊതുവായ ചർച്ചകൾ നടക്കുകയും സഖാക്കളുമായി നേരമ്പോക്കുകൾ പറയുകയും ചെയ്യുമ്പോഴെല്ലാം ആ സംസാരത്തിനിടയിൽ ഇത്തരം കാര്യങ്ങൾ അന്വേഷിക്കണം. സമരങ്ങളെക്കുറിച്ചുള്ള സംഭാഷണങ്ങളും ചർച്ചകളും നടക്കുമ്പോഴും സഖാക്കൾ പാർട്ടി പത്രം വായിച്ചുവോ, ഒരു പ്രത്യേക ലേഖനം ശരിയായി മനസ്സിലാക്കിയോ, അവർ പാർട്ടി പ്രസിദ്ധീകരണം വിൽക്കുന്നുണ്ടോ, വിൽപ്പനയുടെ എണ്ണം വർദ്ധിക്കുന്നുണ്ടോ, വിറ്റുവരവ് കൃത്യമായി അടയ്ക്കുന്നുണ്ടോ എന്നൊക്കെ അന്വേഷിക്കണം. ഇത് തുടർച്ചയായ ഒരു പ്രക്രിയയാണ്. എല്ലാ പ്രവർത്തനങ്ങൾക്കിടയിലും നേതാക്കൾ ഇത് ഓർത്തിരിക്കണം. ട്രേഡ്‌യൂണിയൻ രംഗത്ത് ഒരു സമരം നടന്നുകൊണ്ടിരിക്കുമ്പോഴും, വിദ്യാർത്ഥി-യുവജന മുന്നണിയിൽ ചില പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ നടക്കുമ്പോഴും, നമ്മുടെ സഖാക്കൾ ആക്രമിക്കപ്പെടുമ്പോൾപോലും ഇത്തരം കാര്യങ്ങൾക്ക് വീഴ്ചയുണ്ടാകരുത്. വ്യത്യസ്ത വിഷയങ്ങളെപ്പറ്റി സഖാക്കളുമായി സംസാരിക്കുമ്പോഴും ഇക്കാര്യങ്ങൾ അന്വേഷിച്ചറിയണം. ഞാനിതിനെ ഒരു നേതാവിന്റെ രാഷ്ട്രീയമായ പെരുമാറ്റം, രാഷ്ട്രീയമായ നിലനിൽപ്പിന്റെ രീതി എന്നുവിളിക്കും. അല്ലാത്തപക്ഷം ഒരു നേതാവിന്റെ പ്രവർത്തനശൈലി ദൈനംദിന ബ്യൂറോക്രാറ്റിക് രീതിയായി മാറും. സ്ഥിരമായി ഓഫീസിൽ വരുന്നു, സർക്കുലറുകൾ പുറപ്പെടുവിക്കുന്നു, എല്ലാക്കാര്യങ്ങളിലും നിർദ്ദേശങ്ങൾ നൽകുന്നു, ഇയാൾക്ക് അല്ലെങ്കിൽ അയാൾക്ക് കുറിപ്പുകൾ നൽകുന്നു, ചില കത്തുകൾ വായിക്കുന്നു, മറ്റുള്ളവർക്ക് മറുപടി നൽകുന്നു -- ഇവ രാഷ്ട്രീയ പ്രവർത്തനമാണോ? ഒരു ഗുമസ്തനുപോലും ഇക്കാര്യങ്ങൾ ചെയ്യാനാവും. ഒരു നേതാവിന്റെ പ്രവർത്തനം ഇതല്ല. ഈ സാങ്കേതിക പ്രവർത്തനങ്ങളെല്ലാം നേതാക്കൾക്ക് ചെയ്യേണ്ടതായിട്ടുണ്ട്, അവയെല്ലാം ഒഴിയാബാധകളാണ്. ഇവ ചെയ്യാതെ നിവൃത്തിയില്ല എന്നതാണ് കാരണം. എന്നിട്ടും വളരെയേറെ സമയമാണ് അതിന് ചെലവിടേണ്ടിവരിക. കൂടുതൽ സമയം ലഭിച്ചിരുന്നുവെങ്കിൽ കേഡർമാരെ രാഷ്ട്രീയമായി കുറേക്കൂടി സജ്ജരാക്കാൻവേണ്ടി അത് വിനിയോഗിക്കാമായിരുന്നു.

അവരെ സജ്ജരാക്കാൻ ഒരൊറ്റ രീതി മാത്രമേയുള്ളോ? മീറ്റിംഗുകളും വ്യക്തിഗത സംഭാഷണങ്ങളും മാത്രമാണോ ആ രീതികൾ. അനൗപചാരിക സംഭാഷണങ്ങളിലൂടെയും നമുക്കവരെ വളർത്താൻ കഴിയണം. നാം അനൗപചാരിക സംഭാഷണങ്ങൾ നടത്തുമ്പോൾ തീർച്ചയായും രാഷ്ട്രീയമായ പദങ്ങൾ ഒഴിവാക്കും. അനൗപചാരിക സംഭാഷണങ്ങൾ, നർമ്മസല്ലാപങ്ങൾ ആയിരുന്നാലും അതിലൂടെ കേഡർമാർ പരിശീലനം നേടുകയാണ്, അവരുടെ മനോഘടന മാറുകയാണ്. അത് സ്വമേധയാ വന്നുചേരില്ല, നിങ്ങൾ അത് മനസ്സിലാക്കണം. അതിനുള്ള മുഖ്യഉപാധി എന്താണ്? വിപ്ലവം എന്റെ രക്തത്തിൽ അലിഞ്ഞുചേർന്നിട്ടുണ്ട്, മറ്റെല്ലാ കാര്യങ്ങളും ഒരു ലോഹക്കൂട്ട് പോലെ അതുമായി കൂടിക്കലർന്നിരിക്കുന്നു. പ്രായോഗികമായി മറ്റൊന്നും അവശേഷിക്കുന്നില്ല. അങ്ങനെ എന്തെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ അതിന് വിപ്ലവകരമായ അവബോധത്തെയോ വിപ്ലവപ്രവർത്തനത്തിനുള്ള മുൻകൈയെയോ വ്യതിചലിപ്പിക്കാനുള്ള ശക്തി ഉണ്ടാവില്ല, അതല്ലെങ്കിൽ, എപ്പോഴെങ്കിലും അല്പം ശക്തിയോടെ അത് തലപൊക്കാൻ ശ്രമിക്കുകയാണെങ്കിൽ വിപ്ലവകരമായ ശക്തി അതിനെ എതിർക്കും, അതിനെ തല ഉയർത്താൻ അനുവദിക്കില്ല. ഇപ്രകാരമാണ് നേതാക്കളും കേഡർമാരും സ്വയം തയ്യാറെടുക്കേണ്ടത്. അതുകൊണ്ട്, ഇന്ന് നമ്മുടെ മുദ്രാവാക്യം ഇതാവണം: സാഹചര്യത്തിനിണങ്ങുംപടി പ്രവർത്തനശൈലി മെച്ചപ്പെടുത്താൻ സ്വയം തയ്യാറാവുക, രാഷ്ട്രീയമായ അവബോധവും മുൻകൈയും വളർത്തുക, സ്ഥിരമായി പാർട്ടി പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും വായിക്കുക, പ്രസിദ്ധീകരണങ്ങളുടെ വിതരണം വർദ്ധിപ്പിക്കുക, ജനങ്ങൾക്കിടയിലേക്ക് പോവുക, സംഘടന വളർത്തുകയും ജനകീയ സമരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക . നിലവിൽ പ്രധാന ദൗത്യങ്ങൾ ഇവയാണ്.

നാമിപ്പോൾ അനുഭവിക്കുന്ന അടിസ്ഥാന ദൗർബ്ബല്യങ്ങൾ ഒഴിവാക്കാനാവുമെങ്കിൽ, നമുക്കിപ്പോൾത്തന്നെയുള്ള മുഴുവൻ ശക്തിയും വിനിയോഗിക്കാൻ തടസ്സമാകുന്ന ആ ദൗർബ്ബല്യങ്ങൾ ഒഴിവാക്കാനാവുമെങ്കിൽ, ഈ സാഹചര്യത്തെ പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയും. അതുപോലെ, ഇത്രയും വിപുലമായ ഒരു രാജ്യത്തിന്റെ പശ്ചാത്തലത്തിൽ, ആവശ്യമായി വരുന്ന വിഭവങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നാം വളരെ പിന്നിലാണ്. അവ്വിധത്തിലുള്ള ശക്തി സമാഹരിക്കുകയെന്നത് കുറച്ചുകാലത്തേക്കെങ്കിലും പ്രയാസകരമാണ്. മറുഭാഗത്ത്, ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവങ്ങളും പൊരുതാനുള്ള ജനങ്ങളുടെ ഇച്ഛാശക്തി പ്രകടമാവുന്ന രീതിയും നമ്മുടെ പാർട്ടിയോടുള്ള ജനങ്ങളുടെ വർദ്ധിച്ചുവരുന്ന താൽപ്പര്യവും പരിഗണിക്കുമ്പോൾ, ഇത്തരമൊരു സാഹചര്യത്തിൽ എല്ലാ സഖാക്കളും അവരുടെ രാഷ്ട്രീയ അവബോധവും നമ്മുടെ പരിമിതമായ ശക്തി ഉപയോഗപ്പെടുത്തി ഉചിതമായി പ്രവർത്തിക്കാനുള്ള കഴിവും വർദ്ധിപ്പിക്കുകയാണെങ്കിൽ, ചർച്ചകളും വാദപ്രതിവാദങ്ങളും നടത്താനുള്ള കലയിൽ പ്രാവീണ്യം നേടുകയാണെങ്കിൽ, പാർട്ടി പ്രസിദ്ധീകരണങ്ങളുടെ വിതരണം വർദ്ധിപ്പിക്കുകയാണെങ്കിൽ, നമ്മുടെ മുന്നേറ്റത്തിന്റെ വേഗത വൻതോതിൽ വർദ്ധിക്കും. ശത്രു മുതലാളിത്തമാണെന്ന് ജനങ്ങളോട് നാം വിശദീകരിക്കണം, അതിനെ അധികാരത്തിൽനിന്ന് നിഷ്കാസനംചെയ്യണം; ഗ്രാമങ്ങളിലെയും വ്യവസായങ്ങളിലെയും തൊഴിലാളിവർഗ്ഗം അർദ്ധതൊഴിലാളി വിഭാഗങ്ങളുമായി ചേർന്ന് മുതലാളിത്തത്തെ അട്ടിമറിക്കണം. വിപ്ലവം ഉറപ്പായും നടക്കുമെന്നത്, ജനങ്ങൾക്കിടയിൽനിന്ന് കപട മാർക്സിസ്റ്റുകളെ ഒറ്റപ്പെടുത്തുന്നതിൽ വിജയം വരിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു. പാർട്ടിയുടെയും പരിതഃസ്ഥിതിയുടെയും രാഷ്ട്രീയം സഖാക്കൾ ശരിയായി മനസ്സിലാക്കിയിട്ടുണ്ടെന്ന് നേതാക്കൾ ഉറപ്പുവരുത്തണം, അതുപ്രകാരം ജനങ്ങളോട് വിശദീകരിക്കാനും ശരിയായ വെളിച്ചം പകരാനും അവർക്ക് കഴിയണം. മുതലാളിത്തത്തിനെതിരെയും തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെ പങ്കിനെപ്പറ്റിയും വെറുതേ പ്രസംഗിക്കുന്നതും കോൺഗ്രസ്സ് പാർട്ടിയുടെ ദുഷ്ചെയ്തികളുടെ ഒരു ലിസ്റ്റ് അവതരിപ്പിക്കുന്നതും -- ഇതാണോ ഒരു പൂർണ്ണതയുള്ള രാഷ്ട്രീയപ്രസംഗം? അല്ല, മുതലാളിത്തത്തെ അധികാരഭ്രഷ്ടമാക്കേണ്ടതിന്റെ ആവശ്യകത എന്തുകൊണ്ടാണെന്ന് മറ്റെല്ലാ പ്രശ്നങ്ങളെയും അതിനോട് ബന്ധപ്പെടുത്തിക്കൊണ്ട് ചൂണ്ടിക്കാണിക്കണം, വിപ്ലവം നയിക്കേണ്ടത് തൊഴിലാളിവർഗ്ഗമാണെന്നും അവരുടെ സഖ്യശക്തികൾ ആരൊക്കെയാണെന്നും എങ്ങനെയാണ് സമരം നടത്തേണ്ടതെന്നും വ്യക്തമായി വിശദീകരിക്കണം. തൊഴിലാളിവർഗ്ഗം എപ്പോഴാണ് വിജയം കൈവരിക്കുക? അത് സാദ്ധ്യമാവുന്നത് യഥാർത്ഥ വിപ്ലവപാതയിലൂടെ മുന്നേറാൻ കഴിയുമ്പോഴാണ്, കപട വിപ്ലവകാരികളെപ്പറ്റിയുള്ള വ്യാമോഹങ്ങളിൽനിന്ന് വിടുതൽ നേടാൻ കഴിയുമ്പോഴാണ്, യോജിച്ച പ്രക്ഷോഭണങ്ങളിൽ കപട വിപ്ലവകാരികളോടൊപ്പം പ്രവർത്തിച്ച് അവരെ തുറന്നുകാട്ടുകയും പരാജയപ്പെടുത്തുകയും ചെയ്യുമ്പോഴാണ്. അവരെ തുറന്നുകാട്ടുന്നതുവരെ, ജനങ്ങളിൽനിന്ന് അവർ ഒറ്റപ്പെടുന്നതുവരെ, അവരെപ്പറ്റിയുള്ള ജനങ്ങളുടെ വ്യാമോഹങ്ങളും പ്രതീക്ഷകളും നിലനിൽക്കുന്നതുവരെ അവരെ യോജിച്ച പ്രക്ഷോഭണങ്ങളിലേയ്ക്ക് കൊണ്ടുവരേണ്ടതുണ്ട്. യോജിച്ച സമരങ്ങളിൽ അവർ മുഖ്യശക്തിയായിരിക്കുന്ന കാലത്തോളം, വിപ്ലവ മുന്നേറ്റത്തിന് അവർ മുഖ്യതടസ്സവുമായിരിക്കും -- അനുപേക്ഷണീയമായ ഈ വിഷയം ശരിയായി തിരിച്ചറിയുകയും എല്ലാ ചർച്ചകളിലും ഇത് ഫലപ്രദമായി അവതരിപ്പിക്കുകയും ചെയ്യുന്നതിനെയാണ് രാഷ്ട്രീയ ധാരണ അഥവാ രാഷ്ട്രീയ പ്രസംഗം എന്നർത്ഥമാക്കുന്നത്.

എല്ലാ നേതാക്കളും കേഡർമാരും, അവരുടെ ദൈനംദിന പ്രവർത്തനങ്ങളിലും എഴുത്തിലും ചർച്ചകളിലും പ്രസംഗങ്ങളിലും ശരിയായ രാഷ്ട്രീയ കാഴ്ചപ്പാടും വർഗ്ഗബോധവും പ്രകടിപ്പിക്കാനുള്ള പ്രാപ്തി നേടുന്നതിനുവേണ്ടി, അവരുടെ നിലവാരം പര്യാപ്തമായ തോതിലേക്ക് ഉടനടി വളർത്തണം. അപ്പോൾ നിലവിലുള്ള നമ്മുടെ ശക്തി ബലപ്പെടുത്താനും വേഗത പലമടങ്ങ് വർദ്ധിപ്പിക്കാനും സാധിക്കും. തൽഫലമായി, ഇപ്പോൾ അസാദ്ധ്യമായി തോന്നുന്നത് സാദ്ധ്യമായി മാറും. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ജനങ്ങൾക്കിടയിൽ പാർട്ടിയെപ്പറ്റി വർദ്ധിച്ചുവരുന്ന താൽപ്പര്യത്തെയും പ്രക്ഷോഭണത്തിനനുകൂലമായിക്കൊണ്ടിരിക്കുന്ന അവരുടെ മനോഭാവത്തെയും ശരിയായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ അത് സാധ്യമാകും. അതായത്, സാഹചര്യത്തെ ഫലപ്രദമായി കൈകാര്യം ചെയ്യാനും ഉപയോഗപ്പെടുത്താനും കഴിയുന്ന തരത്തിലുള്ള ശേഷി ആർജ്ജിക്കുന്നതോടെസൈദ്ധാന്തികമായി മാത്രമല്ല പ്രായോഗികമായും ജനങ്ങളെ നയിക്കാൻ കഴിയും. വിപ്ലവകരമായ വസ്തുനിഷ്ഠ സാഹചര്യം ഇതിനോടകം സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഇൻഡ്യയിൽ ഫലപ്രദമായ ഒരു വിപ്ലവമുന്നേറ്റം പടുത്തുയർത്താൻ അപ്പോൾ കഴിയും.

ഈ പരിതഃസ്ഥിതിയിൽ, ആവർത്തനവിരസമായ ശൈലിക്കെതിരെ നാം പോരാടേണ്ടതുണ്ട്, എന്തെങ്കിലും ഒരു പ്രവൃത്തി ചെയ്യേണ്ടതായ ആവശ്യകതയുണ്ടാവുമ്പോൾ അതിന് ഒഴിവുകഴിവുകൾ പറയുന്ന പ്രവണതയ്ക്കെതിരെ പോരാടേണ്ടതുണ്ട്. യഥാർത്ഥത്തിലുള്ള ഒരു പ്രയാസമുണ്ടാവുമ്പോൾ, തീർച്ചയായും നാം ക്ഷമാപൂർവ്വം അതിന് ചെവികൊടുക്കണം. ഒരു യഥാർത്ഥ പ്രശ്നം മൂലമുള്ള പ്രയാസത്തിന്റെ പേരിലാണ് ഒഴികഴിവുകളെങ്കിൽ അത് നാം പരിഗണിക്കണം. എന്നാൽ, പ്രശ്നമെന്ന പേരിൽ ആശയക്കുഴപ്പങ്ങളുണ്ടാക്കുന്ന, പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്ന തെറ്റായ വാദങ്ങളാണ് ഉയരുന്നതെങ്കിൽ, അവയ്ക്കെതിരെ നാം പോരാടണം. രാഷ്ട്രീയ ചർച്ചകളെ നാം പ്രോത്സാഹിപ്പിക്കണം, പക്ഷെ ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ ചർച്ചകളല്ല. പാർട്ടിയുടെ അ

*(ശേഷം 15-ാം പേജിൽ)*

**സൈദ്ധാന്തിക പാഠങ്ങൾ**

# വ്യക്തിപരമായ മുൻകൈയും കൂട്ടായപ്രവർത്തനവും അനിവാര്യം

*(13-ാം പേജിൽ നിന്ന്)*

ടിസ്ഥാന രാഷ്ട്രീയത്തെ അധികരിച്ചുള്ള രാഷ്ട്രീയ ചർച്ചകളെ നാം പ്രോത്സാഹിപ്പിക്കണം. സൈദ്ധാന്തിക പിൻബലമില്ലാത്ത, കേവലമായ അനുഭവങ്ങളെ മാത്രം ആധാരമാക്കിയുള്ള ചർച്ചകളെ നാം പ്രോത്സാഹിപ്പിക്കരുത്; പാണ്ഡിത്യപ്രകടനത്തെ നാം നിരുത്സാഹപ്പെടുത്തണം.

...എഡിറ്റോറിയൽ ബോർഡിൽ പ്രവർത്തിക്കുന്ന സഖാക്കളും, വിവിധ വാർത്തകൾ പാർട്ടി നേതൃത്വത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്ന സഖാക്കളും... അവരുടെ വായനാശൈലി മെച്ചപ്പെടുത്തേണ്ടതുണ്ട്... ചില വാർത്തകളോ വിവരങ്ങളോ അവരുടെ ശ്രദ്ധയിൽപ്പെട്ടാൽ, അക്കാലയളവിൽ അത് പ്രസക്തമല്ലെങ്കിലും പിൽക്കാലത്ത് ഒരു റഫറൻസ് എന്ന നിലയിൽ അത് വേണ്ടിവന്നേക്കുമെന്ന് തോന്നുന്ന പക്ഷം, അത് തീയതി സഹിതം രേഖപ്പെടുത്തി, ആവശ്യമായി വരുന്ന സന്ദർഭത്തിൽ ഉപയോഗപ്പെടുത്താൻ കഴിയുംവിധം, സൂക്ഷിച്ചുവയ്ക്കണം. എഡിറ്റോറിയൽ ബോർഡിലെ അംഗങ്ങളും മറ്റ് സഖാക്കളും ഈ രീതിയിലല്ല വായിക്കുന്നത്. അതിനാൽ അവർ സുസജ്ജരല്ല. വാദമുഖങ്ങളുടെ ഒരു കൂമ്പാരവും രാഷ്ട്രീയമായ വിശകലനവും അടങ്ങുന്ന ലേഖനം മതിയാവില്ല. അവയെ സാധൂകരിക്കുന്ന മൂർത്തമായ വിവരങ്ങളും ആവശ്യമുണ്ട്. പക്ഷെ ആ സാമഗ്രികൾ നമ്മുടെ പക്കലില്ലായെങ്കിൽ, അവ അന്വേഷിച്ച് കണ്ടെത്തേണ്ടതായി വരും; അതുമൂലം ലേഖനം തയ്യാറാക്കുന്നത് വൈകും. അതല്ലായെങ്കിൽ ആ പത്രം കണ്ടെത്താതെ ഓർമ്മയിൽനിന്ന് ഉദ്ധരിക്കേണ്ടതായി വരും. അതായത്, ഈ രംഗത്തും പ്രവർത്തനശൈലി മെച്ചപ്പെടുത്തേണ്ടതുണ്ട്.

...ഇൻഡ്യയിൽ ശരിയായ പാതയിലൂടെ ജനാധിപത്യ പ്രക്ഷോഭങ്ങൾ നയിക്കുക എന്നത് നമ്മുടെ പാർട്ടി എസ്‌യുസിഐയെ ശക്തമാക്കുക എന്നതുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ നമ്മുടെ സഖാക്കൾക്ക് ഒരു സന്ദേഹവും ഉണ്ടാവരുത്. നാം കൂടുതൽ കരുത്താർജ്ജിക്കാനുള്ള സാധ്യതയെപ്പറ്റി ശത്രുക്കൾ ജാഗരൂകരാണ്. നമ്മുടെ മുന്നിൽ അവർ അനവധി തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്... പക്ഷെ പല സഖാക്കളും അത് അറിയുന്നില്ല. വർത്തമാനകാല സാഹചര്യത്തെ പ്രയോജനപ്പെടുത്താൻ കഴിയുംവിധം നാം കേഡർമാരെ സുസജ്ജരാക്കണം. അതിന് ഞാനിവിടെ പ്രതിപാദിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ നിരവധി ചർച്ചകളിലൂടെ സഖാക്കളിലേക്കെത്തിക്കണം. പ്രധാനപ്പെട്ട രാഷ്ട്രീയ കാര്യങ്ങൾ സഖാക്കളുമായി ചർച്ച ചെയ്യുന്ന ശീലം നേതാക്കൾക്ക് ഉണ്ടായിരിക്കണം. അവർക്ക് ചിന്താക്കുഴപ്പങ്ങൾ ഇല്ലാതാക്കാനും ആശയവ്യക്തത വരുത്താനും അവരുടെ ഉത്സാഹത്തെ ഉത്തേജിപ്പിക്കാനും അത് സഹായിക്കും. നേതാക്കൾക്കറിവുള്ള പ്രധാനപ്പെട്ട വിവരങ്ങൾ സഖാക്കൾക്ക് പകരണം. ക്ലാസ്സുകളിലൂടെ മാത്രമല്ല, അനൗപചാരിക സംഭാഷണങ്ങളും അഭിപ്രായക്കൈമാറ്റങ്ങളും പോലുള്ള ഇതര മാർഗ്ഗങ്ങളിലൂടെയും അത് നടക്കണം. ഇത് ചെയ്യുകയെന്നത് വളരെ അത്യാവശ്യമാണ്, പക്ഷെ നേതാക്കൾ പലപ്പോഴും അത് ചെയ്യുന്നില്ല. കേന്ദ്ര ഗവണ്മെന്റ്, സംസ്ഥാന ഗവണ്മെന്റ്, പോലീസ്, ഇന്റലിജൻസ് തുടങ്ങിയവയ്ക്ക് നമ്മളോടുള്ളത്ര ശ്രദ്ധ മറ്റ് പ്രതിപക്ഷ പാർട്ടികളോടില്ല എന്നതാണ് യാഥാർത്ഥ്യം. നമ്മോടും മറ്റ് പ്രതിപക്ഷപ്പാർട്ടികളോടും അവ പുലർത്തുന്ന ശത്രുതയുടെ സ്വഭാവത്തിൽ ഒരു വ്യത്യാസമുണ്ട്. അധികാര സംവിധാനങ്ങളെ നിലയ്ക്ക് നിർത്തിക്കൊണ്ട് ജനകീയ പ്രക്ഷോഭങ്ങൾ നടത്തുന്നവർക്ക് ഒരു രാഷ്ട്രീയ കാഴ്ചപ്പാടുണ്ടാകും. അവർക്ക് ഇത് അനായാസം വേർതിരിച്ചറിയാനാകും. മറ്റ് പാർട്ടികളും സമരം ചെയ്യുന്നു; പക്ഷെ ഉന്നത കേന്ദ്രങ്ങളോട്, ബൂർഷ്വാ വർഗ്ഗത്തിന്റെ ഉയർന്ന വിഭാഗത്തോട് അവർ വച്ചുപുലർത്തുന്ന മനോഭാവവും സമീപനവും നമ്മുടേതിൽനിന്നും അടിമുടി വ്യത്യസ്തമാണ്. നമ്മുടെ സമരങ്ങളിൽ വർഗ്ഗശത്രുതയുടെ പ്രതിഫലനമുണ്ട്. എസ്‌യുസിഐ ഒരു ചെറിയ പ്രസ്ഥാനമാണെന്ന് കേന്ദ്ര ഗവണ്മെന്റ് കാണുന്നുണ്ട്; പക്ഷെ, ഒരു വിപ്ലവപ്പാർട്ടിയെ അത് ഇന്ന് എത്രതന്നെ ചെറുതായിരുന്നാലും അവഗണിക്കാൻ പാടില്ല എന്ന ചരിത്രപാഠം അവർക്കറിയാം. അറിയപ്പെടുന്ന നേതാക്കന്മാരില്ലാത്ത ഒരു പാർട്ടി, യാതൊരുവിധ പബ്ലിസിറ്റിയുമില്ല, പ്രവർത്തകരുടെ എണ്ണം വളരെക്കുറവ് എന്നൊക്കെയാണ് അവർ പരിഹസിക്കുന്നത്; ആ പാർട്ടിയുടെ മുന്നോട്ടുള്ള ഓരോ ചുവടുവയ്പ്പിലും അനവധിയായ തടസ്സങ്ങൾ സൃഷ്ടിക്കുന്നത്, പക്ഷെ ഇന്ന് ജനങ്ങൾക്കിടയിൽ മാന്യമായ ഒരു സ്ഥാനം ആ പാർട്ടി സൃഷ്ടിച്ചിട്ടുണ്ട്; പാർട്ടിയോടും പാർട്ടി നേതൃത്വത്തോടും ഒരു ആകർഷണം ജനങ്ങളിൽ വളർന്നുവന്നിട്ടുണ്ട് -- ഈ സത്യം അവർക്ക് നിഷേധിക്കാനേ കഴിയില്ല. പത്രമാധ്യമങ്ങൾ ഏറെക്കുറെ പൂർണ്ണമായും തമസ്കരിച്ചിട്ടും, പാർട്ടിയുടെ കാഴ്ചപ്പാടുകളും വിശകലനങ്ങളും പരക്കുന്നത് തടയാനാവുന്നില്ല, പത്രങ്ങളുടെ പ്രചാരമില്ലാതെതന്നെ ഈ പാർട്ടി ജനങ്ങളിലേക്കെത്തുന്നു.

അതുകൊണ്ട്, ഒന്നുമില്ലാത്ത അവസ്ഥയിൽനിന്ന് ഇത്രത്തോളം എസ്‌യുസിഐ എത്തിയിരിക്കുന്ന സാഹചര്യത്തിൽ ഈ പാർട്ടിയെ ഇനി അവഗണിക്കാനാവില്ലെന്ന് അവർ മനസ്സിലാക്കുന്നു. ഈ പാർട്ടി ഇനിയും വളരാൻ പാടില്ല. മുളയിലേ നുള്ളുക എന്നതാണ് ബൂർഷ്വാ വർഗ്ഗത്തിന്റെയും ഗവണ്മെന്റിന്റെയും മനോഭാവം. മുതലാളിത്തത്തിന് യഥാർത്ഥ ഭീഷണി ഉയർത്തുന്നത് സിപിഐ(എം), നക്സലൈറ്റുകൾ എന്നിവയല്ല, മറിച്ച് എസ്‌യുസിഐ ആണെന്ന് അവർ മനസ്സിലാക്കുന്നു. ആ രണ്ട് പാർട്ടികളെയും നമുക്ക് നമ്മുടേതായ രീതിയിൽ മെരുക്കാനാകും, പക്ഷെ എസ്.യു.സി.ഐ പിന്തുടരുന്ന തന്ത്രപരമായ നിലപാട് നമുക്ക് മനസ്സിലാക്കാനേ പറ്റുന്നില്ല. അവരെ തീവ്രവാദികളായി മുദ്രകുത്താനാവില്ല, കാരണം അവരിപ്പോഴും ജനാധിപത്യ പ്രക്ഷോഭണങ്ങളിൽ പങ്കെടുക്കുന്നു. ജനാധിപത്യ സമരങ്ങളിലാവട്ടെ മറ്റ് പാർട്ടികളുടെ രീതികൾ നാം കാണുന്നുണ്ട്, അവർ തീപ്പൊരി പ്രസംഗങ്ങളും വീറും വാശിയും കാഴ്ചവയ്ക്കുന്നുണ്ടെങ്കിൽത്തന്നെയും അവരെ നമുക്ക് അറിയാം, നമ്മുടെ ഇഷ്ടത്തിനൊത്ത ജനാധിപത്യവാദികളാണവർ. പക്ഷെ, എസ്‌യുസിഐയെ നമുക്ക് പിടികിട്ടുന്നില്ല. അവർ മറ്റുള്ളവരെപ്പോലുള്ള ജനാധിപത്യവാദികളല്ല, അവർ വ്യത്യസ്തരാണ്. അവരുടെ സംസാരം വ്യത്യസ്തമാണ്, അവരുടെ ശൈലി വ്യത്യസ്തമാണ്, അവരുടെ ജീവിതശൈലി വ്യത്യസ്തമാണ്, അവരുടെ നേതാക്കളുടെയും പ്രവർത്തകരുടെയും വാക്കുകളും പ്രവൃത്തികളും മറ്റുള്ളവരുടേതിൽനിന്നും വ്യത്യസ്തമാണ് , ബൂർഷ്വാസി ചിന്തിക്കുന്നത് ഇപ്രകാരമാണ്. അതുകൊണ്ട് അവർ ആവശ്യപ്പെടുന്നു: നിങ്ങൾ ഒന്നുകിൽ ഞങ്ങളോടൊപ്പം നിൽക്കുക, മറ്റ് പാർട്ടികളിലെ നേതാക്കളെപ്പോലെയാവുക, പണമുണ്ടാക്കുക, വീട് വയ്ക്കുക, അവരെപ്പോലെ പ്രസംഗിക്കുക -- അത് ഗവണ്മെന്റിനോ മുതലാളിമാർക്കോ എതിരായാലും പ്രശ്നമില്ല -- പക്ഷെ ഞങ്ങൾ ആഗ്രഹിക്കുന്നതുപോലെ ആകണം, അങ്ങനെയല്ലായെങ്കിൽ നിങ്ങളെ ഞങ്ങൾക്ക് വിശ്വസിക്കാനാവില്ല. നിങ്ങൾ വ്യത്യസ്ത സ്വഭാവക്കാരാണ് . അതുകൊണ്ട് ശത്രുക്കൾക്ക് നമ്മെപ്പറ്റി അങ്ങേയറ്റത്തെ ആശങ്കയുണ്ട്; പോലീസിന്റെ മനോഭാവം തന്നെ വ്യത്യസ്തമാണ്. കോൺഗ്രസ്സും സിപിഐ(എം)ഉം തമ്മിലുള്ള പരസ്പര വിരോധം വ്യത്യസ്തമാണ്. തെരഞ്ഞെടുപ്പ് പോരാട്ടത്തിൽ സിപിഐ(എം) ആണ് കോൺഗ്രസ്സിന്റെ പ്രധാന എതിരാളി. വ്യവസായ കുടുംബങ്ങൾ ചില സമയത്ത് ഒരു കൂട്ടരെ പിന്തുണയ്ക്കും, ചില സമയത്ത് മറ്റേ കൂട്ടരെയും; സംഘടനാതലത്തിൽ ഇരുകൂട്ടരും തമ്മിൽ പൊരിഞ്ഞ യുദ്ധവുമുണ്ട്. എന്നിരുന്നാലും ഒരു കാര്യം നിങ്ങൾക്ക് മനസ്സിലാവും -- കോൺഗ്രസ് സിപിഐ(എം)നെ കാണുന്ന രീതിയിൽനിന്നും തികച്ചും വ്യത്യസ്തമായ രീതിയിലാണ് എസ്‌യുസിഐയെ കാണുന്നത്. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ഗണിക്കാവുന്ന ഒരു പാർട്ടിയേ അല്ല എസ്‌യുസിഐ എന്ന് കോൺഗ്രസ് വിചാരിക്കുന്നു, എന്നാലും എസ്‌യുസിഐയെ മുഖ്യശത്രുവായാണ് അവർ കരുതുന്നത്, കാരണം ഒരു വിപ്ലവപ്പാർട്ടി എന്ന നിലയിൽ എസ്‌യുസിഐ ആണ് അവരുടെ മുഖ്യശത്രു. നമ്മുടെ കാര്യത്തിൽ ഭരണസംവിധാനം വളരെ കർക്കശമാണ്, പക്ഷെ മറ്റുള്ളവരോട് അങ്ങനെയല്ല. അതേസമയം, മാർക്സിസ്റ്റ് വേഷമണിഞ്ഞുകൊണ്ട് ജനങ്ങളെ ചിന്താക്കുഴപ്പത്തിലാക്കുന്ന സിപിഐ(എം)നെ സംബന്ധിച്ചിടത്തോളം എസ്‌യുസിഐ ഒരു വലിയ തടസ്സമാണ്.

അതുകൊണ്ട് സിപിഐ(എം)നും എസ്‌യുസിഐ യോട് കടുത്ത വിരോധമുണ്ട്. എസ്‌യുസിഐ ചെറിയ ഒരു പാർട്ടിയാണെങ്കിലും യോജിച്ച സമരങ്ങളിൽ അവരെ കൈകാര്യം ചെയ്യാനാവില്ലെന്ന് അവർ അനുഭവിച്ചറിയുന്നു. തെരഞ്ഞെടുപ്പുകളിൽ സീറ്റുകൾ ലഭിക്കുന്നതിനോ മന്ത്രിപദത്തിനോ വേണ്ടി തത്ത്വങ്ങളും ആദർശങ്ങളും എസ്‌യുസിഐ അടിയറവയ്ക്കില്ല. അവർ അപവാദപ്രചാരണങ്ങൾ അഴിച്ചുവിട്ടിട്ടും എസ്‌യുസിഐയോടുള്ള ജനങ്ങളുടെ താൽപ്പര്യം വർദ്ധിച്ചുവരികയാണ്, അവരുടെ ആത്മാർത്ഥതയുള്ള പ്രവർത്തകർക്കും അനുഭാവികൾക്കും ഇടയിൽപ്പോലും എസ്‌യുസിഐയോടുള്ള ജിജ്ഞാസ വർദ്ധിക്കുകയാണ്. അതുകൊണ്ട് എസ്‌യുസിഐയെ എവ്വിധവും മൂലയിലേക്ക് തള്ളാൻ സിപിഐ(എം) ആഗ്രഹിക്കുന്നു. സിപിഐ(എം)ഉം കോൺഗ്രസ്സും മറ്റെല്ലാ പാർട്ടികളും എസ്‌യുസിഐ യ്ക്കെതിരെ ഒറ്റക്കെട്ടാണ്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അവർ തമ്മിൽ പൊരിഞ്ഞ പോരാട്ടം നടത്തുമെങ്കിലും, എസ്‌യുസിഐ ഒരൽപ്പം മുന്നേറുന്നതായിക്കണ്ടാൽ അവർ ആ നിമിഷം പ്രകടമായോ അല്ലാതെയോ ഒരുമിക്കും. ചെറിയ പാർട്ടികൾ വേറെയുമുണ്ട്, മുതലാളിമാർ അവരുമായിപ്പോലും ആശയവിനിമയങ്ങൾ നടത്താറുണ്ട്, സമീപിക്കാറുമുണ്ട്. പക്ഷെ എസ്‌യുസിഐ യുമായി ഒരു ആശയവിനിമയവുമില്ല, ബന്ധവുമില്ല. ഫണ്ടിനുവേണ്ടി ഈ പാർട്ടി തെരുവുകളിൽ നടത്തുന്ന ബോക്സ് കളക്ഷനെയാണ് ആശ്രയിക്കുന്നത്, കർഷകരും തൊഴിലാളികളും സാധാരണക്കാരും നൽകുന്ന സംഭാവനകളെയാണ് ആശ്രയിക്കുന്നത്. അവർ ഒരിക്കലും മുതലാളിമാരെ സമീപിക്കാറില്ല, ഫണ്ടിനുവേണ്ടി അവരോട് യാചിക്കാറുമില്ല. മുതലാളിമാരും ഇതിന്റെ അപകടം മണത്തറിയുന്നുണ്ട്.

ഈ പാർട്ടി മുതലാളിമാരെ സമീപിക്കുകയും അതേസമയം വിപ്ലവത്തെക്കുറിച്ച് സംസാരിക്കുകയും വിപ്ലവത്തിന്റെ പേരിൽ ഫണ്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നുവെങ്കിൽ അതവർക്ക് നന്നായി മനസ്സിലാകുമായിരുന്നു. മുതലാളിമാർ പറയും, അതേ, അവർ വിപ്ലവത്തിന്റെ താൽപ്പര്യാർത്ഥം മാത്രം വന്നു, വിപ്ലവത്തിനുവേണ്ടി മാത്രം ഞാൻ സംഭാവനയും കൊടുത്തു. എന്റെ പണം കൊണ്ട് അവർക്ക് വിപ്ലവം സംഘടിപ്പിക്കാൻ കഴിയുമെങ്കിൽ അവരങ്ങനെ ചെയ്യട്ടെ . ഇങ്ങനെ സംഭവിക്കുന്നതോടെ മുതലാളിമാരുടെ സുരക്ഷയും ഉറപ്പാകുന്നു. പക്ഷെ എസ്‌യുസിഐ വ്യത്യസ്ത സ്വഭാവമുള്ള ഒരു പാർട്ടിയാണ്. അവരുമായി ഒരു തരത്തിലുമുള്ള സംഭാഷണം നടത്താൻ തയ്യാറല്ലാത്ത പാർട്ടിയാണ് അതെന്ന് അവർ മനസ്സിലാക്കുന്നു; ഈ പാർട്ടി സമരങ്ങൾ സംഘടിപ്പിക്കുന്നു; സമരത്തിന്റെ താൽപ്പര്യം മുൻനിർത്തിയും ഒത്തുതീർപ്പുചർച്ചകൾക്കായും ചില സന്ദർഭങ്ങളിൽ ഈ പാർട്ടി മുതലാളിമാരുമായും സംഭാഷണത്തിലേർപ്പെടുന്നു; മറ്റ് യാതൊരു സംഭാഷണവുമില്ല. എസ്‌യുസിഐ അപകടകാരിയാവുന്നത് അതുകൊണ്ടാണ്. ചെറുതോ വലുതോ ആയ മറ്റ് പാർട്ടികൾക്കുള്ളിൽ മേലാളന്മാരുണ്ട്, എസ്‌യുസിഐ പാർട്ടിക്കുള്ളിൽ അതില്ല. തൊഴിലാളികൾ, ദരിദ്രകർഷകർ, കർഷകത്തൊഴിലാളികൾ, താഴ്ന്ന മധ്യവർഗ്ഗം, മധ്യവർഗ്ഗ ബുദ്ധിജീവികൾ, ഇവരുടെയെല്ലാം കുടുംബങ്ങളിൽനിന്ന് വരുന്ന വിദ്യാർത്ഥികളും യുവാക്കളും -- ഇവർക്കിടയിലാണ് ഈ പാർട്ടിയുടെ പ്രവർത്തന മണ്ഡലം. അതുകൊണ്ട് ഈ സ്വഭാവവും പ്രവർത്തനങ്ങളും പ്രവർത്തനശൈലിയും അപകടകരമായി അവർ കാണുന്നു. ജനാധിപത്യമെന്ന് അവർ വിളിക്കുന്ന സംവിധാനത്തിനുള്ളിൽ ഇവ്വിധമൊരു പാർട്ടിയെ അല്ല അവർക്കാവശ്യം. നമ്മുടെ പാർട്ടി ചെറുതാണെങ്കിലും അവർ നമ്മെ ഭയക്കുന്നതിന് കാരണമതാണ്. ശത്രുക്കൾക്ക് നമ്മെക്കുറിച്ചുള്ള ധാരണയെപ്പറ്റി നമ്മുടെ നിരവധി സഖാക്കൾ ബോധവാന്മാരല്ല. അവർക്ക് ഇതിന്റെ പ്രാധാന്യം മനസ്സിലായിട്ടില്ല. അവർ സ്വന്തം ഉത്തരവാദിത്തത്തെപ്പറ്റി, ചരിത്രപരമായ സ്വന്തം പങ്കിനെപ്പറ്റി മനസ്സിലാക്കുന്നില്ല. നമ്മുടെ അടിസ്ഥാനപരമായ ദൗർബ്ബല്യം ഇവയാണെന്ന് ഞാൻ പറയുന്നത് അതുകൊണ്ടാണ്...

ഓരോ ജില്ലാക്കമ്മിറ്റിയും ലോക്കൽ കമ്മിറ്റിയും ഓരോ മുന്നണി സംഘടനയും ഒറ്റയടിക്ക് അവയുടെ പ്രവർത്തന ശൈലി മാറ്റണം. പ്രവർത്തനശൈലി മെച്ചപ്പെടുത്താനും കമ്മിറ്റികളുടെ ജനാധിപത്യപരവും രാഷ്ട്രീയപരവുമായ പ്രവർത്തനം മെച്ചപ്പെടുത്താനും ഓരോരുത്തർക്കും എന്തുചെയ്യാനാകുമെന്ന് എല്ലാവരും ചിന്തിക്കുകയും പരിശ്രമിക്കുകയും വേണം. ഓരോ സഖാവും സ്വന്തം രാഷ്ട്രീയ അവബോധവും മുൻകൈയും മെച്ചപ്പെടുത്തേണ്ടതാണെന്ന് എല്ലാവരെയും പഠിപ്പിക്കണം. അതേസമയം, ഒരാൾ വീഴ്ചവരുത്തുന്നത് എവിടെ എങ്ങനെയാണെന്ന് ചൂണ്ടിക്കാട്ടപ്പെടുകയും വേണം. സഖാക്കൾ ഓരോരുത്തരും അവരുടെ ശേഷിയനുസരിച്ച് ജനങ്ങളുമായി സമ്പർക്കം പുലർത്തുന്നുണ്ടോ, ജനങ്ങളുടെയിടയിലേയ്ക്ക് രാഷ്ട്രീയം കൊണ്ടെത്തിക്കുന്നുണ്ടോ, ഒന്നിലൊതുങ്ങാതെ വിവിധങ്ങളായ മുന്നണി സംഘടനകൾക്ക് രൂപം നൽകി വളർത്തുന്നുണ്ടോ, ഒരു പ്രത്യേക സ്ഥലത്ത് ക്ലബ്ബുകൾ, ലൈബ്രറികൾ, സ്പോർട്സ്, ജിം, സാഹിത്യ-നാടക-ഗായക ഗ്രൂപ്പുകൾ, കോച്ചിംഗ് ക്ലാസ്സുകൾ തുടങ്ങി സാധ്യമായ രീതികളിലെല്ലാം ജനങ്ങളെ സംഘടിപ്പിക്കാൻ ശ്രമിക്കുന്നുണ്ടോ തുടങ്ങിയ കാര്യങ്ങളെപ്പറ്റി സഖാക്കൾ പരസ്പരം കണ്ടുമുട്ടുന്ന സന്ദർഭങ്ങളിൽ നടക്കുന്ന സംഭാഷണങ്ങൾക്കിടയിൽ അന്വേഷിക്കണം. അതോ അവർ സർക്കുലറുകൾ കാത്തിരിക്കുകയാണോ, അവർക്കുവേണ്ടി മറ്റാരെങ്കിലും പുതിയ ആളുകളെ പാർട്ടിയിലേയ്ക്ക് സംഘടിപ്പിച്ചുകൊണ്ടുവരുന്നത് നോക്കിയിരിക്കുകയാണോ, ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിനെപ്പറ്റിയും സാധ്യതയെപ്പറ്റിയും ചിന്തിച്ചിരുന്ന് സമയം കളയുകയാണോ എന്നും തെരക്കണം. നിങ്ങളുടെ മുൻകൈ വളർത്തുക, തെറ്റുകൾ സംഭവിച്ചുകൊള്ളട്ടെ, പക്ഷെ പ്രവർത്തനങ്ങൾ വീണ്ടും തുടരുക, തെറ്റുകളിൽനിന്ന് പഠിച്ചുകൊണ്ട് മുന്നേറുക. എന്നാൽ നിഷ്ക്രിയമായി ഇരിക്കരുത്, ഞാനെന്തുകൊണ്ടാണ് ആ തെറ്റ് വരുത്തിയത് എന്ന് മനസ്സ് വേദനിച്ച് സമയം പാഴാക്കരുത്. ഇക്കാര്യങ്ങൾ സഖാക്കളോട് വിശദീകരിക്കണം. യുക്തിയും അന്തസ്സും സബോധതയും നിറഞ്ഞ പെരുമാറ്റവും സ്വഭാവ മാതൃകയുംകൊണ്ട് ജനങ്ങളുടെ അംഗീകാരം നേടിയെടുക്കണമെന്ന് അവരെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. സഖാക്കളെ ഇക്കാര്യങ്ങൾ പഠിപ്പിക്കണം. ഇതിനുവേണ്ടത് സംഘടനയുടെ എല്ലാ തലങ്ങളിലും ഇവയെപ്പറ്റിയുള്ള വിപുലമായ ചർച്ചകളാണ്, തെറ്റായ ആശയങ്ങളും പ്രവർത്തനശൈലിയും മാറ്റാനുള്ള സമരത്തിന്റെ പ്രവാഹമാണ്.

വിപ്ലവം നീണാൾ വാഴട്ടെ!

*(1974 ജൂൺ 22-ന് പശ്ചിമ ബംഗാൾ സംസ്ഥാന കമ്മിറ്റിയുടെ വിപുലീകൃത യോഗത്തിൽ സഖാവ് ശിബ്ദാസ് ഘോഷ് നടത്തിയ പ്രസംഗം)*

Date of publishing 01/08/2018
REGISTERED
R.N. 24773/1992
P.R.No. KL/TV(N)/452/2018-20

UNITY
MALAYALAM MONTHLY

Vol.45 No.5
Price : Rs 5.00
August 2018

## വേണു ബാലകൃഷ്ണനെതിരായ കേസ് പിൻവലിക്കുക

# പൗരാവകാശ സംരക്ഷണ സമ്മേളനം




ജനാധിപത്യ-പൗരാവകാശ സംരക്ഷണ സമ്മേളനം പ്രമുഖ മാധ്യമ പ്രവർത്തകൻ എം.ജി.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

മാതൃഭൂമി ന്യൂസ് ചാനൽ വാർത്താ അവതാരകൻ വേണു ബാലകൃഷ്ണന് എതിരെ ക്രിമിനൽ കേസ് എടുത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ടും ഈ പ്രശ്നത്തിൽ അന്തർഭവിച്ചിട്ടുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ജൂലൈ 25 ന് തിരുവനന്തപുരത്ത് ജനാധിപത്യ-പൗരാവകാശ സംരക്ഷണ സമ്മേളനം സംഘടിപ്പിക്കുകയുണ്ടായി. വേണു ബാലകൃഷ്ണനെതിരായ കേസ്സ് പിൻവലിക്കണമെന്ന ആവശ്യമാണ് പ്രധാനമായും സമ്മേളനം മുന്നോട്ട് വെച്ചത്.

വൈഎംസിഎ ഹാളിൽ നടന്ന സമ്മേളനം പ്രമുഖ മാധ്യമപ്രവർത്തകൻ എം.ജി.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ബ്രിട്ടീഷുകാർ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്താൻ ഉപയോഗിച്ച കരിനിയമം ഇടതുപക്ഷ സർക്കാർ അധികാരത്തിലിരിക്കുമ്പോൾ മാധ്യമപ്രവർത്തകന് നേരെ ഉപയോഗിച്ചുവെന്നത് അത്യന്തം ഗുരുതരമായ സാഹചര്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. കേരളത്തിലെ ഏറ്റവും പ്രബുദ്ധമെന്ന് അവകാശപ്പെടുന്ന യുവജന സംഘടനയായ ഡിവൈഎഫ്ഐയുടെ നേതാവാണ് വേണുവിനെതിരെ കേസ്സ് നൽകിയതെന്ന് അറിയുന്നത് ഞെട്ടിപ്പിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

വേണു ബാലകൃഷ്ണനെതിരായ കേസ്സിനെക്കാൾ അതിനോടുള്ള നിശബ്ദതയാണ് തന്നെ ഭയപ്പെടുത്തുന്നതെന്ന് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച മാധ്യമപ്രവർത്തകൻ സണ്ണിക്കുട്ടി എബ്രഹാം പറഞ്ഞു. ആ നിശബ്ദ കാലത്ത് ജനകീയ പ്രതിരോധ സമിതി ഇത്തരമൊരു പൗരസമ്മേളനം സംഘടിപ്പിച്ചതിന് മാധ്യമ ലോകം കടപ്പെട്ടിരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. എ.ജയിംസ് പ്രമേയം അവതരിപ്പിച്ചു. ഹിന്ദു റെസിഡന്റ് എഡിറ്റർ ഗൗരിദാസൻ നായർ, ജോസഫ് സി.മാത്യു, കെ.എം.ഷാജഹാൻ, അശ്വതി ജ്വാല, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് ആർ.കുമാർ എന്നിവർ പ്രസംഗിച്ചു. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ജനറൽ സെക്രട്ടറി എം.ഷാജർഖാൻ സ്വാഗതവും ജി.ആർ.സുബാഷ് നന്ദിയും പറഞ്ഞു ●

## വേണു ബാലകൃഷ്ണനെതിരായ ക്രിമിനൽ കേസ് ഗുരുതരമായ ജനാധിപത്യ അവകാശ ലംഘനം: എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)

മാതൃഭൂമി ന്യൂസ് ചാനൽ വാർത്താ അവതാരകൻ വേണു ബാലകൃഷ്ണനെതിരെ എടുത്തിട്ടുള്ള കേസ് ജനാധിപത്യ അവകാശത്തിനും മാധ്യമ സ്വാതന്ത്ര്യത്തിനും നേരെയുള്ള കടന്നാക്രമണമാണെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി അഭിപ്രായപ്പെട്ടു.

എത്രയും വേഗം സർക്കാർ കേസ് പിൻവലിക്കണം. രണ്ട് മതവിഭാഗങ്ങളെ തമ്മിലടിപ്പിക്കാൻ ബോധപൂർവ്വം ശ്രമിച്ചു എന്ന കുറ്റം ചുമത്തിയാണ് വേണുവിനെതിരെയുള്ള കേസ് എടുത്തിട്ടുള്ളത്. സർക്കാരിന്റെ പോലീസ് അതിക്രമത്തെ വിമർശനപരമായി അവതരിപ്പിച്ചതിനെയാണ് മതസ്പർദ്ധ വളർത്താൻ ശ്രമിച്ചു എന്നാക്കി വളച്ചൊടിച്ചത്. ജനകീയ പ്രതിഷേധങ്ങൾക്കെതിരെയും നിരപരാധികളായ വ്യക്തികൾക്കെതിരെയും സമീപകാലത്തായി വർദ്ധിച്ചുവരുന്ന പോലീസ് അതിക്രമങ്ങളെ ജനമധ്യത്തിലെത്തിക്കാൻ സാമൂഹ്യപ്രതിബദ്ധതയുള്ള ചില മാധ്യമപ്രവർത്തകർ ശ്രമിക്കുന്നതിനോടുള്ള സർക്കാരിന്റെ അസഹിഷ്ണുതയാണ് ഇതിലൂടെ വെളിവാകുന്നത്.

തലശ്ശേരി എംഎൽഎ ഉൾപ്പടെയുള്ള ചില നേതാക്കൾ ചാനൽ ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് തങ്ങൾക്ക് അപ്രിയകരമായ വസ്തുതകൾ അവതരിപ്പിക്കുന്ന അവതാരകർക്കു നേരെ നടത്തിയിട്ടുള്ള കൊലവിളിയുടെ തുടർച്ചയാണ് ഇപ്പോൾ നാം കാണുന്നത്. നിയമസഭയിൽ പ്രാതിനിധ്യമില്ലാത്ത പാർട്ടികളും സാമൂഹികശക്തികളും നേതൃത്വം നൽകുന്ന ജനകീയ സമരങ്ങളുടെ വാർത്തകൾ തമസ്കരിക്കണമെന്ന് അധികാരത്തിലെത്തിയയുടൻ വിളിച്ചുചേർത്ത മാധ്യമ പ്രവർത്തകരുടെ യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ആവശ്യപ്പെട്ടത് ഈ അവസരത്തിൽ ഓർക്കേണ്ടതാണ്.

വർഗ്ഗീയകലാപങ്ങളുയർത്തിവിടാൻ പോന്നവിധം നിയമവാഴ്ചയെയും ഭരണഘടനയെയും വെല്ലുവിളിച്ചുകൊണ്ട് ഇതര മതങ്ങൾക്കെതിരെ വിഷം വമിക്കുന്ന വിദ്വേഷ പ്രചാരണങ്ങൾ നടത്തിവരുന്ന സംഘടനകളും വ്യക്തികളും സ്വതന്ത്രമായി വിഹരിക്കുന്ന ഈ കാലയളവിൽ അവർക്കെതിരെ ചെറുവിരലനക്കാത്തവർ തന്നെയാണ് സ്വതന്ത്ര മാധ്യമപ്രവർത്തകരെ ഭീഷണിപ്പെടുത്തുകയും വായടപ്പിക്കുകയും ചെയ്യുന്നത്. ഇത് മതേതരത്വം സംരക്ഷിക്കാനുള്ള പുറപ്പാടല്ല, മറിച്ച് തങ്ങൾക്കെതിരെ നിൽക്കുന്നവരെ ഭയപ്പെടുത്താനുള്ള തന്ത്രമാണ്. കേരളത്തിൽ ഇത് വിലപ്പോകില്ലെന്നും പ്രസ്താവന തുടർന്ന് അഭിപ്രായപ്പെട്ടു.

ജനാധിപത്യപരമായ അഭിപ്രായസ്വാതന്ത്ര്യത്തിനെതിരെ എടുത്തിരിക്കുന്ന ഈ നടപടി ഉടനടി പിൻവലിക്കാൻ സർക്കാരിനെ നിർബന്ധിതമാക്കത്തക്കവിധത്തിൽ പ്രതിഷേധമുയർത്തണമെന്ന് എസ്‌യുസിഐ സംസ്ഥാന കമ്മിറ്റി എല്ലാ ജനാധിപത്യ വിശ്വാസികളോടും അഭ്യർത്ഥിക്കുന്നു ●

**ദേശീയ പാത**

## കുടിയൊഴിപ്പിക്കൽ ഭീഷണി നേരിടുന്നവരുടെ കളക്ടറേറ്റ് മാർച്ച്

ദേശീയ പാത ബിഒടി ചുങ്കപ്പാതയാക്കുന്നതിനെതിരെ കുടിയൊഴിപ്പിക്കൽ ഭീഷണി നേരിടുന്നവർ തൃശൂർ കളക്ടറേറ്റിലേയ്ക്ക് പ്രതിഷേധ മാർച്ച് നടത്തി. എൻഎച്ച് 17 ആക്ഷൻ കൗൺസിൽ തൃശൂർ ജില്ലാ കമ്മിറ്റി ചെയർമാൻ എ.ജി.ധർമ്മരത്നം അദ്ധ്യക്ഷത വഹിച്ചു. ദേശീയ പാത സംരക്ഷണ സമിതി ചെയർമാൻ സി.ആർ.നീലകണ്ഠൻ ഉദ്ഘാടനം ചെയ്തു.

എൻഎച്ച് 17 ആക്ഷൻ കൗൺസിൽ പ്രസിഡന്റ് ഇ.വി.മുഹമ്മദലി, ടി.കെ.സുധീർ കുമാർ, ഹാഷിം ചേന്ദാമ്പിള്ളി, കുസുമം ജോസഫ്, ടി.കെ.വാസു, പി.ജെ.മോൻസി, ഡോ.പി.എസ് ബാബു, എം.കെ.അസലം, എൻ.ഡി.വേണു, ഷമീർ ബ്രോഡ്‌വേ, എം. പ്രദീപൻ, കെ.ശിവരാമൻ, കെ.കെ.സുരേന്ദ്രൻ, സി.വി. ബോസ് എന്നിവർ പ്രസംഗിച്ചു. വിവിധ വില്ലേജ് കമ്മിറ്റി നേതാക്കൾ മാർച്ചിന് നേതൃത്വം കൊടുത്തു ●



എൻഎച്ച് 17 ആക്ഷൻ കൗൺസിൽ തൃശൂർ കളക്ട്രേറ്റിലേയ്ക്ക് നടത്തിയ പ്രതിഷേധ മാർച്ചിൽ എസ് യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ടി.കെ.സുധീർകുമാർ പ്രസംഗിക്കുന്നു




കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ നടത്തിയ സെക്രട്ടേറിയറ്റ് ധർണ്ണയിൽ കൺവീനർ എസ്.മിനി അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു

## ആശ ഹെൽത്ത് വർക്കർമാരുടെ സെക്രട്ടേറിയറ്റ് ധർണ്ണ

ആശ വർക്കർമാരുടെ എണ്ണം കുറയ്ക്കാനും സംസ്ഥാന ഗവൺമെന്റ് കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച തുച്ഛമായ ഓണറേറിയം തുക പോലും വൻതോതിൽ വെട്ടിക്കുറയ്ക്കാനും ലക്ഷ്യമിടുന്ന ജൂലൈ 27-ന്റെ എൻ.എച്ച്.എം സർക്കുലർ പൂർണ്ണമായും പിൻവലിക്കുക, മാന്യമായ സേവന-വേതന വ്യവസ്ഥകൾ ഏർപ്പെടുത്തുക, മിനിമം വേതനം പ്രതിമാസം 18,000 രൂപയാക്കുക, ആശവർക്കർമാരെ സ്ഥിരപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റ് ധർണ്ണ നടത്തി.

അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് വി.കെ.സദാനന്ദൻ ധർണ്ണ ഉദ്ഘാടനം ചെയ്തു. വേതന വർദ്ധനവിനും സ്ഥിരപ്പെടുത്തലിനുംവേണ്ടി കേന്ദ്ര-സംസ്ഥാന തലങ്ങളിൽ ദീർഘനാളായി പ്രക്ഷോഭണം നടത്തിവരുന്ന ആശ വർക്കർമാരെ പുതിയ സർക്കുലറിലൂടെ അവഹേളിക്കുകയാണ് അധികാരികൾ ചെയ്തിരിക്കുന്നതെന്ന് വി.കെ.സദാനന്ദൻ അഭിപ്രായപ്പെട്ടു.

കൺവീനർ എസ്.മിനി അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.എം.എ ബിന്ദു, റോസി കുളത്തൂർ, അനിതകുമാരി, സുചി സുരേഷ്, ബിന്ദു തിരുവല്ലം, സുനിതകുമാരി, എം.കെ.ഉഷ, ജി.ആർ. സുഭാഷ് എന്നിവർ സംസാരിച്ചു. നൂറുകണക്കിന് ആശ വർക്കർമാർ ധർണ്ണയിൽ പങ്കെടുത്തു. സമരപരിപാടികൾ ശക്തമാക്കുമെന്ന് അസോസിയേഷൻ നേതാക്കൾ അറിയിച്ചു ●

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.